# Holy Voice

## Parish Bullettin

**ഹോളിക്രോസ് തീർത്ഥാടന ദൈവാലയം, മാപ്രാണം**

പി.ഒ.മാടായിക്കോണം 680 712, തൃശ്ശൂർ ജില്ല

ഫോൺ :0480 2822740

രക്ഷാധികാരി
**മാർ പോളി കണ്ണൂക്കാടൻ**
ഇരിങ്ങാലക്കുട രൂപത മെത്രാൻ

മാനേജിംഗ് എഡിറ്റർ
**റവ.ഫാ.ജോസ് മാളിയേക്കൽ**
ഫോൺ : 0480 2826192, 9446628250

പുസ്തകം 9  മാർച്ച് 2014

**എഡിററർ**
ജോർജ് എറാട്ടുകാരൻ 9605666658

**സെക്രട്ടറി**
ജോസഫ് കാച്ചപ്പിള്ളി 9400878280

**സബ്ബ് എഡിറ്റർ**
ജെസ്റ്റിൻ മംഗലത്ത് 9747552251

**അഡ്വർടൈസ്മെന്റ് മാനേജർ:**
ജെയിംസ് നെല്ലിശ്ശേരി 9447466548

**ട്രഷറർ**
അനൂപ് ബേബി അറയ്ക്കൽ 9947272633

**എഡിറ്റോറിയൽ ബോർഡ്**
റവ.സി.ഡെൽസാ മരിയ FCC 2822935
ജോഷി മഞ്ഞളി 9895467530
ആന്റണി കള്ളാപറമ്പിൽ 9447240089
അനന്ത് അറയ്ക്കൽ 9846567891
ബീന തോമസ് ചേറേങ്ങാടൻ 9048244810
ക്രിസ്റ്റി പോളി ആഴ്ച്ചങ്ങാടൻ 9747941924

**ട്രസ്റ്റിമാർ**
ജോസ് ചെങ്ങാലൂക്കാരൻ 9747725558
ജോസഫ് കാച്ചപ്പിള്ളി 9400878280
സൈമൺ ചാക്കോര്യ 8547424191

പേജുകളിലൂടെ...

ഇടവക ഡയറി 2
എഡിറ്റോറിയൽ 3
നുറുങ്ങുവിചാരം 5
ഇടയശബ്ദം 7
നോമ്പുകാലം ആത്മീയ വസന്തം 9
ജാലകത്തിലൂടെ 11
പിന്നിട്ടലോകം 14
വിശുദ്ധരുടെ ജീവിതത്തിലൂടെ 15
എന്തുനല്ലമ്മ...എന്നുടെ അമ്മ 21
ഉണർവ്വിന്റെ ഉത്ഥാനകാലം 24
സഭാവാർത്തകൾ 27
ആരോഗ്യ ചിന്തകൾ 29
ക്വിസ് മത്സരം 30
കേൾവിയും ശ്രദ്ധയും 31
കളറിംഗ് മത്സരം 33
നിങ്ങൾക്കറിയാമോ? 35
കുടുംബസമ്മേളനങ്ങൾ 35
ബൈബിൾ കലണ്ടർ 36



# Holy Voice

## Parish Bullettin


## ഹോളിക്രോസ് തീർത്ഥാടന ദൈവാലയം, മാപ്രാണം

പി.ഒ.മാടായിക്കോണം 680 712, തൃശ്ശൂർ ജില്ല

ഫോൺ :0480 2822740

രക്ഷാധികാരി
**മാർ പോളി കണ്ണൂക്കാടൻ**
ഇരിങ്ങാലക്കുട രൂപത മെത്രാൻ

മാനേജിംഗ് എഡിറ്റർ
**റവ.ഫാ.ജോസ് മാളിയേക്കൽ**
ഫോൺ : 0480 2826192, 9446628250

പുസ്തകം 9 | മാർച്ച് 2014



**എഡിററർ**
ജോർജ് എറാട്ടുകാരൻ 9605666658

**സെക്രട്ടറി**
ജോസഫ് കാച്ചപ്പിള്ളി 9400878280

**സബ്ബ് എഡിറ്റർ**
ജെസ്റ്റിൻ മംഗലത്ത് 9747552251

**അഡ്വെർടൈസ്മെന്റ് മാനേജർ:**
ജെയിംസ് നെല്ലിശ്ശേരി 9447466548


**ട്രഷറർ**
അനൂപ് ബേബി അറയ്ക്കൽ 9947272633

**എഡിറ്റോറിയൽ ബോർഡ്**
റവ. സി. ഡെൽസാ മരിയ FCC 2822935
ജോഷി മഞ്ഞളി 9895467530
ആന്റണി കള്ളാപറമ്പിൽ 9447240089
അനന്ത് അറയ്ക്കൽ 9846567891
ബീന തോമസ് ചേറേങ്ങാടൻ 9048244810
ക്രിസ്റ്റി പോളി ആഴ്ച്ചങ്ങാടൻ 9747941924

**ട്രസ്റ്റിമാർ**
ജോസ് ചെങ്ങാലൂക്കാരൻ 9747725558
ജോസഫ് കാച്ചപ്പിള്ളി 9400878280
സൈമൺ ചാക്കോര്യ 8547424191


### പേജുകളിലൂടെ...


ഇടവക ഡയറി 2
എഡിറ്റോറിയൽ 3
നുറുങ്ങുവിചാരം 5
ഇടയശബ്ദം 7
നോമ്പുകാലം ആത്മീയ വസന്തം 9
ജാലകത്തിലൂടെ 11
പിന്നിട്ടലോകം 14
വിശുദ്ധരുടെ ജീവിതത്തിലൂടെ 15
എന്തുനല്ലമ്മ...എന്നുടെ അമ്മ 21
ഉണർവ്വിന്റെ ഉത്ഥാനകാലം 24
സഭാവാർത്തകൾ 27
ആരോഗ്യ ചിന്തകൾ 29
ക്വിസ് മത്സരം 30
കേൾവിയും ശ്രദ്ധയും 31
കളറിംഗ് മത്സരം 33
നിങ്ങൾക്കറിയാമോ? 35
കുടുംബസമ്മേളനങ്ങൾ 35
ബൈബിൾ കലണ്ടർ 36

# ഹോളി വോയ്സ്



## ഹോളിക്രോസ് തീർത്ഥാടന ദൈവാലയം, മാപ്രാണം

### പാരിഷ് ബുള്ളറ്റിൻ

മാർച്ച് 2014

# ഹോളി വോയ്സ്



## ഹോളിക്രോസ് തീർത്ഥാടന ദൈവാലയം, മാപ്രാണം

### പാരിഷ് ബുള്ളറ്റിൻ

മാർച്ച് 2014

ഹോളിക്രോസ് ദൈവാലയ സ്ഥാപനത്തിന്റെ 1086–ാം വാർഷികം, നവനിർമ്മിത ദൈവാലയത്തിന്റെ രജത ജൂബിലി,
ഇടവകദിനം– സംയുക്താഘോഷം 23–02–2014



കൃതജ്ഞത സമൂഹബലി അർപ്പിച്ച മാർ പോളി കണ്ണൂക്കാടൻ പിതാവും സഹകാർമ്മികരും

ഹോളിക്രോസ് ദൈവാലയ സ്ഥാപനത്തിന്റെ 1086-ാം വാർഷികം, നവനിർമ്മിത ദൈവാലയത്തിന്റെ രജത ജൂബിലി,
ഇടവകദിനം- സംയുക്താഘോഷം 23-02-2014



കൃതജ്ഞത സമൂഹബലി അർപ്പിച്ച മാർ പോളി കണ്ണൂക്കാടൻ പിതാവും സഹകാർമ്മികരും

| തിയ്യതി | സമയം | ഇടവക ഡയറി – മാർച്ച് 2014 |
|---|---|---|
| 01 | | വി. യൗസേപ്പിതാവിന്റെ മാസവണക്കം ആരംഭിക്കുന്നു. |
| 02 | <br><br>8.00 a.m. | അമ്പതു നോമ്പ് ആരംഭം,<br>നോമ്പുകാലം ഒന്നാം ഞായർ – പേത്തുർത്താ<br>കുടുംബ കൂട്ടായ്മ ജനറൽ ബോഡിയോഗം |
| 03 | 6.30 a.m. | വി. കുർബ്ബാന, വിഭൂതി – ഉപവാസദിനം |
| 07 | | മാസാദ്യ വെള്ളിയാഴ്ച ആചരണം |
| 09 | <br>8.00 a.m. | നോമ്പുകാലം രണ്ടാം ഞായർ<br>പ്രതിനിധിയോഗം |
| 14 | | വെള്ളിയാഴ്ച ആചരണം |
| 15 | 3.00 p.m. | മാതൃസംഘം മീററിങ്ങ് |
| 16 | <br>8.00 a.m. | നോമ്പുകാലം മൂന്നാം ഞായർ<br>സോഷ്യൽ വെൽഫെയർ സെന്റർ ജനറൽ ബോഡി |
| 19 | | വി. യൗസേപ്പിതാവിന്റെ തിരുനാൾ |
| 21 | | വെള്ളിയാഴ്ച ആചരണം |
| 23 | | നോമ്പുകാലം നാലാം ഞായർ – വാർഷിക ധ്യാനം ആരംഭം<br>ധ്യാനം – 23,24,25,26 തിയ്യതികളിൽ |
| 28 | | വെള്ളിയാഴ്ച ആചരണം |
| 30 | | നോമ്പുകാലം അഞ്ചാം ഞായർ |

ഫാ. ജോസ് മാളിയേക്കൽ, വികാരി & റെക്ടർ

## വെള്ളിയാഴ്ച ആചരണം തിരുക്കർമ്മങ്ങൾ ഏറ്റെടുത്തവർ

മാർച്ച്

| | |
|---|---|
| 7 | കൂനൻ പോൾ ജോഷി, മാപ്രാണം |
| 14 | തറയിൽ മുറ്റിച്ചൂക്കാരൻ അപർണ്ണ ജോസ്, മൂർക്കനാട് |
| 21 | തെയ്യാലയ്ക്കൽ ജിനു വർഗീസ്, വെണ്ടോർ |
| 28 | പുതുക്കാടൻ ദേവസ്സിക്കുട്ടി ജോൺസൻ, ഇരിങ്ങാലക്കുട |

## കഴിഞ്ഞ ലക്കം ക്വിസ് മത്സരവിജയി

**മേരി ജോർജ്ജ്**

പള്ളിത്തറ വീട്,
സെന്റ് ജോൺ യൂണിറ്റ് II



അഭിനന്ദനങ്ങൾ.

| തിയ്യതി | സമയം | ഇടവക ഡയറി - മാർച്ച് 2014 |
|---|---|---|
| 01 | | വി. യൗസേപ്പിതാവിന്റെ മാസവണക്കം ആരംഭിക്കുന്നു. |
| 02 | 8.00 a.m. | അമ്പതു നോമ്പ് ആരംഭം,<br>നോമ്പുകാലം ഒന്നാം ഞായർ - പേത്തുർത്താ<br>കുടുംബ കൂട്ടായ്മ ജനറൽ ബോഡിയോഗം |
| 03 | 6.30 a.m. | വി. കുർബ്ബാന, വിഭൂതി - ഉപവാസദിനം |
| 07 | | മാസാദ്യ വെള്ളിയാഴ്ച ആചരണം |
| 09 | 8.00 a.m. | നോമ്പുകാലം രണ്ടാം ഞായർ<br>പ്രതിനിധിയോഗം |
| 14 | | വെള്ളിയാഴ്ച ആചരണം |
| 15 | 3.00 p.m. | മാതൃസംഘം മീററിങ്ങ് |
| 16 | 8.00 a.m. | നോമ്പുകാലം മൂന്നാം ഞായർ<br>സോഷ്യൽ വെൽഫെയർ സെന്റർ ജനറൽ ബോഡി |
| 19 | | വി. യൗസേപ്പിതാവിന്റെ തിരുനാൾ |
| 21 | | വെള്ളിയാഴ്ച ആചരണം |
| 23 | | നോമ്പുകാലം നാലാം ഞായർ - വാർഷിക ധ്യാനം ആരംഭം<br>ധ്യാനം - 23,24,25,26 തിയ്യതികളിൽ |
| 28 | | വെള്ളിയാഴ്ച ആചരണം |
| 30 | | നോമ്പുകാലം അഞ്ചാം ഞായർ |

ഫാ. ജോസ് മാളിയേക്കൽ, വികാരി & റെക്ടർ

## വെള്ളിയാഴ്ച ആചരണം തിരുക്കർമ്മങ്ങൾ ഏറ്റെടുത്തവർ

മാർച്ച്

| | |
|---|---|
| 7 | കൂനൻ പോൾ ജോഷി, മാപ്രാണം |
| 14 | തറയിൽ മുറ്റിച്ചൂക്കാരൻ അപർണ്ണ ജോസ്, മൂർക്കനാട് |
| 21 | തെയ്യാലയ്ക്കൽ ജിനു വർഗീസ്, വെണ്ടോർ |
| 28 | പുതുക്കാടൻ ദേവസ്സിക്കുട്ടി ജോൺസൻ, ഇരിങ്ങാലക്കുട |

## കഴിഞ്ഞ ലക്കം ക്വിസ് മത്സരവിജയി

**മേരി ജോർജ്ജ്**

പള്ളിത്തറ വീട്,
സെന്റ് ജോൺ യൂണിറ്റ് II



അഭിനന്ദനങ്ങൾ.

# എഡിറ്റോറിയൽ



പ്രിയമുള്ളവരെ,

കാലങ്ങളായി സാമ്പത്തിക രംഗത്ത് പ്രവർത്തിക്കുന്നവർക്ക് മാർച്ച് മാസം കണക്കെടുപ്പിന്റെ മാസമാണ്. വലിയ സംരംഭങ്ങൾ തൊട്ട് നമ്മുടെ നാട്ടിൻപുറങ്ങളിലെ ചെറുപ്രസ്ഥാനങ്ങൾ വരെ വാർഷിക കണക്കെടുപ്പിന്റെ മാസമായാണ് മാർച്ചിനെ കാണുന്നത്. കഴിഞ്ഞ ഒരു വർഷത്തെ തങ്ങളുടെ പ്രവർത്തനമണ്ഡലത്തെ വിലയിരുത്തുന്നതിനും വിജയപരാജയങ്ങളെ വസ്തുനിഷ്ഠമായി പരിശോധിക്കുന്നതിനും ഈ കണക്കെടുപ്പ് അവയെ സഹായിക്കുന്നു. സർക്കാരുകളും വിപുലപ്രവർത്തന ശൈലിയുള്ള സ്ഥാപനങ്ങളും വരും വർഷത്തിൽ നടത്തേണ്ടതും നേടേണ്ടതുമായ സംഗതികളുടെ ലിഖിത രൂപങ്ങളുണ്ടാക്കുന്നു. അതാണ് 'ബഡ്ജറ്റ്.' ഈ വർഷത്തെ മാർച്ച് മാസത്തിനുള്ള പ്രത്യേകത ചൂണ്ടിക്കാട്ടുവാനാണ് മേൽ പറഞ്ഞ കാര്യങ്ങൾ പരാമർശിച്ചത്.

നമ്മുടെ ആത്മീയ ജീവിതത്തിലെ വിജയപരാജയങ്ങൾ അവലോകനം ചെയ്യപ്പെടുന്ന നോമ്പുകാലം ആരംഭിക്കുന്നത് മാർച്ച് മാസത്തിലാണ്. ദൈവസ്നേഹത്തിന്റെ പരിപൂർണ്ണത മനസ്സിലാക്കി തരുന്ന ക്രൂശിത മരണത്തിന്റെ പരിപാവനതയിലേയ്ക്കു ഓരോ ക്രൈസ്തവനേയും അമ്പതു നോമ്പാചരണം കൂട്ടികൊണ്ടുപോകുന്നു. അതിനാൽ തന്നെ ഈ നോമ്പാചരണം നമ്മുടെ ജീവിതത്തിൽ സമാനതകളില്ലാത്ത വിശ്വാസ പ്രഘോഷണമായി വിരാജിയ്ക്കുന്നു. എന്നാൽ യഥാർത്ഥത്തിൽ സംഭവിക്കുന്നത് എന്താണ്? നാം ആത്മപരിശോധന നടത്തേണ്ടതല്ലെ? നോമ്പാചരിക്കുന്നവർക്കു തന്നെ, സഭ ആവശ്യപ്പെടുന്ന തീവ്രതയോടെ നോമ്പ് ആചരിക്കാനും നോമ്പിന്റെ സദ്ഫലങ്ങൾ സ്വാംശീകരിക്കാനും കഴിയുന്നുണ്ടോ? നമ്മുടെ പൂർവ്വികർ കൈമാറിതന്ന വിശ്വാസ ഗോപുരത്തെ സംരക്ഷിയ്ക്കേണ്ട ചുമതല ഇന്നിന്റെ തലമുറയ്ക്കുണ്ട്. രണ്ടായിരം വർഷങ്ങൾകൊണ്ട് ലോകത്തിലെ ഏറ്റവും വലിയ വിശ്വാസസമൂഹമായി മാറിയ കത്തോലിക്കാ സഭയുടെ ഭാഗമായി നാം ജീവിച്ചപ്പോൾ, ദൈവമഹത്വത്തിനായി നാം എന്തു ചെയ്തുവെന്ന് ഒരു ദിവസം കണക്ക് കൊടുക്കേണ്ടി വരും എന്ന കാര്യം നമ്മൾ വിസ്മരിക്കരുത്. അനശ്വരമായ സ്വർഗ്ഗീയ ജീവിതത്തിൽ നിന്ന് നമ്മെ അയോഗ്യരാക്കുന്ന, നമ്മുടെ വ്യക്തിജീവിതത്തിലെ തിന്മകളെ വിചിന്തനം ചെയ്യുവാനും കൂടുതൽ വിശുദ്ധിയിലേക്ക് വളരുവാനും ഈ അമ്പതു നോമ്പാചരണം നമ്മെ സഹായിക്കട്ടെ.

സ്നേഹപൂർവ്വം,

**ജോർജ്ജ് എറാട്ടുകാരൻ**

(എഡിറ്റർ)

# എഡിറ്റോറിയൽ



പ്രിയമുള്ളവരെ,

കാലങ്ങളായി സാമ്പത്തിക രംഗത്ത് പ്രവർത്തിക്കുന്നവർക്ക് മാർച്ച് മാസം കണക്കെടുപ്പിന്റെ മാസമാണ്. വലിയ സംരംഭങ്ങൾ തൊട്ട് നമ്മുടെ നാട്ടിൻപുറങ്ങളിലെ ചെറുപ്രസ്ഥാനങ്ങൾ വരെ വാർഷിക കണക്കെടുപ്പിന്റെ മാസമായാണ് മാർച്ചിനെ കാണുന്നത്. കഴിഞ്ഞ ഒരു വർഷത്തെ തങ്ങളുടെ പ്രവർത്തനമണ്ഡലത്തെ വിലയിരുത്തുന്നതിനും വിജയപരാജയങ്ങളെ വസ്തുനിഷ്ഠമായി പരിശോധിക്കുന്നതിനും ഈ കണക്കെടുപ്പ് അവയെ സഹായിക്കുന്നു. സർക്കാരുകളും വിപുലപ്രവർത്തന ശൈലിയുള്ള സ്ഥാപനങ്ങളും വരും വർഷത്തിൽ നടത്തേണ്ടതും നേടേണ്ടതുമായ സംഗതികളുടെ ലിഖിത രൂപങ്ങളുണ്ടാക്കുന്നു. അതാണ് 'ബഡ്ജറ്റ്.' ഈ വർഷത്തെ മാർച്ച് മാസത്തിനുള്ള പ്രത്യേകത ചൂണ്ടിക്കാട്ടുവാനാണ് മേൽ പറഞ്ഞ കാര്യങ്ങൾ പരാമർശിച്ചത്.

നമ്മുടെ ആത്മീയ ജീവിതത്തിലെ വിജയപരാജയങ്ങൾ അവലോകനം ചെയ്യപ്പെടുന്ന നോമ്പുകാലം ആരംഭിക്കുന്നത് മാർച്ച് മാസത്തിലാണ്. ദൈവസ്നേഹത്തിന്റെ പരിപൂർണ്ണത മനസ്സിലാക്കി തരുന്ന ക്രൂശിത മരണത്തിന്റെ പരിപാവനതയിലേയ്ക്കു ഓരോ ക്രൈസ്തവനേയും അമ്പതു നോമ്പാചരണം കൂട്ടികൊണ്ടുപോകുന്നു. അതിനാൽ തന്നെ ഈ നോമ്പാചരണം നമ്മുടെ ജീവിതത്തിൽ സമാനതകളില്ലാത്ത വിശ്വാസ പ്രഘോഷണമായി വിരാജിയ്ക്കുന്നു. എന്നാൽ യഥാർത്ഥത്തിൽ സംഭവിക്കുന്നത് എന്താണ്? നാം ആത്മപരിശോധന നടത്തേണ്ടതല്ലെ? നോമ്പാചരിക്കുന്നവർക്കു തന്നെ, സഭ ആവശ്യപ്പെടുന്ന തീവ്രതയോടെ നോമ്പ് ആചരിക്കാനും നോമ്പിന്റെ സദ്ഫലങ്ങൾ സ്വാംശീകരിക്കാനും കഴിയുന്നുണ്ടോ? നമ്മുടെ പൂർവ്വികർ കൈമാറിതന്ന വിശ്വാസ ഗോപുരത്തെ സംരക്ഷിയ്ക്കേണ്ട ചുമതല ഇന്നിന്റെ തലമുറയ്ക്കുണ്ട്. രണ്ടായിരം വർഷങ്ങൾകൊണ്ട് ലോകത്തിലെ ഏറ്റവും വലിയ വിശ്വാസസമൂഹമായി മാറിയ കത്തോലിക്കാ സഭയുടെ ഭാഗമായി നാം ജീവിച്ചപ്പോൾ, ദൈവമഹത്വത്തിനായി നാം എന്തു ചെയ്തുവെന്ന് ഒരു ദിവസം കണക്ക് കൊടുക്കേണ്ടി വരും എന്ന കാര്യം നമ്മൾ വിസ്മരിക്കരുത്. അനശ്വരമായ സ്വർഗ്ഗീയ ജീവിതത്തിൽ നിന്ന് നമ്മെ അയോഗ്യരാക്കുന്ന, നമ്മുടെ വ്യക്തിജീവിതത്തിലെ തിന്മകളെ വിചിന്തനം ചെയ്യുവാനും കൂടുതൽ വിശുദ്ധിയിലേക്ക് വളരുവാനും ഈ അമ്പതു നോമ്പാചരണം നമ്മെ സഹായിക്കട്ടെ.

സ്നേഹപൂർവ്വം,

**ജോർജ്ജ് എറാട്ടുകാരൻ**

(എഡിറ്റർ)

നുറുങ്ങുവിചാരം



# ഒരു ബസ്സും ഒരു കൊച്ചുകല്ലും

പ്രിയ കുട്ടികളെ,

ഒരു സാധാരണസംഭവം കണ്ടത് ഓർക്കുകയാണ്. റോഡരികിൽ ഒരാളെ കാത്തിരുന്ന എന്റെ മുമ്പിൽ ഒരു ബസ്സ് വന്ന് പാർക്ക് ചെയ്തു. അൽപസമയം കഴിഞ്ഞ് ആ ബസ്സിലെ ഡ്രൈവർ പുറത്തേയ്ക്കിറങ്ങി ഒരു ചെറിയ കല്ല് കൊണ്ടുവന്ന് പിന്നിലെ ടയറിന്റെ അടിയിലേക്ക് തിരുകി കയറ്റിവച്ചിട്ട് നടന്നുനീങ്ങി.

അതിശയം തോന്നി. എത്രയോ ടൺ ഭാരമുള്ള വലിയ ആ ബസ്സ് പൊക്കത്തിൽ നിന്ന് ഉരുണ്ടുനീങ്ങാതിരിക്കാൻ ഒരു കൊച്ചു കല്ലുമതി. പ്രായമായി നടക്കാൻ പ്രയാസമുള്ള ഒരു വയോധികന് വഴിയോരത്തുകൂടി നടന്നു പോകാൻ, അഞ്ചോ ആറോ വയസ്സുള്ള ഒരു കുഞ്ഞിന്റെ കൈകൾ മതി. ആകാശത്ത് പറക്കുന്ന ഭീമാകാരമായ വിമാനങ്ങളെയും, റോക്കറ്റുകളെയുമൊക്കെബലപ്പെടുത്തി നിർത്തുന്നത് ചെറിയ ആണികളാണല്ലോ. വലിയ പ്രശ്നങ്ങൾക്ക് കൊച്ചു പരിഹാരങ്ങൾ.

നമ്മുടെ കുടുംബത്തിലായാലും, സമൂഹത്തിലായാലും ചെറിയ കാര്യങ്ങൾ ചെയ്യുന്നതിന് മടി പിടിയ്ക്കാതിരിക്കുക. അത് ഞാൻ ചെയ്തില്ലെങ്കിൽ ആരും ചെയ്യില്ല എന്നുള്ള ചിന്ത ഏതൊരു ചെറിയ കാര്യവും ചെയ്യാൻ നമ്മെ പ്രേരിപ്പിക്കും. ചെറിയ കാര്യങ്ങളിലെ വിശ്വസ്തൻ, വലിയകാര്യങ്ങളിലെ വിശ്വസ്തനായിരിക്കും എന്ന് ഈശോ നമ്മെ പഠിപ്പിക്കുന്നു.

നമുക്ക് ചെറിയ കാര്യങ്ങളിലെ വിശ്വസ്തരാകാനായി പരിശ്രമിക്കാം.

വിശുദ്ധ കുരിശിന്റെ സംരക്ഷണയിൽ,

**ഫാ. ജിന്റോ ചിറയത്ത് CMI, കൊച്ചച്ചൻ**

പ്രത്യേക ശ്രദ്ധയ്ക്ക്

## മാർപാപ്പാ ഡോട്ട് കോം www.marpapa.com

ഫ്രാൻസിസ് പാപ്പായുടെ ഒരു വെബ്സൈറ്റ് മലയാളത്തിൽ ആരംഭിച്ചിരിക്കുന്നു. പാപ്പായുടെ പ്രസംഗങ്ങളും ജീവിത മാതൃകകളും 24 മണിക്കൂറിനുള്ളിൽ ഈ സൈറ്റിൽ മലയാളത്തിൽ ലഭ്യമാകും. ഈ വെബ്സൈറ്റ് പതിവായി സന്ദർശിക്കുക. ഇത് Like ചെയ്യുക, നിങ്ങളുടെ സുഹൃത്തുക്കൾക്ക് ഇത് അയച്ചുകൊടുക്കുക.

നുറുങ്ങുവിചാരം

# ഒരു ബസ്സും ഒരു കൊച്ചുകല്ലും



പ്രിയ കുട്ടികളെ,

ഒരു സാധാരണസംഭവം കണ്ടത് ഓർക്കുകയാണ്. റോഡരികിൽ ഒരാളെ കാത്തിരുന്ന എന്റെ മുമ്പിൽ ഒരു ബസ്സ് വന്ന് പാർക്ക് ചെയ്തു. അൽപസമയം കഴിഞ്ഞ് ആ ബസ്സിലെ ഡ്രൈവർ പുറത്തേയ്ക്കിറങ്ങി ഒരു ചെറിയ കല്ല് കൊണ്ടുവന്ന് പിന്നിലെ ടയറിന്റെ അടിയിലേക്ക് തിരുകി കയറ്റിവച്ചിട്ട് നടന്നുനീങ്ങി.

അതിശയം തോന്നി. എത്രയോ ടൺ ഭാരമുള്ള വലിയ ആ ബസ്സ് പൊക്കത്തിൽ നിന്ന് ഉരുണ്ടുനീങ്ങാതിരിക്കാൻ ഒരു കൊച്ചു കല്ലുമതി. പ്രായമായി നടക്കാൻ പ്രയാസമുള്ള ഒരു വയോധികന് വഴിയോരത്തുകൂടി നടന്നുപോകാൻ, അഞ്ചോ ആറോ വയസ്സുള്ള ഒരു കുഞ്ഞിന്റെ കൈകൾ മതി. ആകാശത്ത് പറക്കുന്ന ഭീമാകാരമായ വിമാനങ്ങളെയും, റോക്കറ്റുകളെയുമൊക്കെബലപ്പെടുത്തി നിർത്തുന്നത് ചെറിയ ആണികളാണല്ലോ. വലിയ പ്രശ്നങ്ങൾക്ക് കൊച്ചു പരിഹാരങ്ങൾ.

നമ്മുടെ കുടുംബത്തിലായാലും, സമൂഹത്തിലായാലും ചെറിയ കാര്യങ്ങൾ ചെയ്യുന്നതിന് മടി പിടിയ്ക്കാതിരിക്കുക. അത് ഞാൻ ചെയ്തില്ലെങ്കിൽ ആരും ചെയ്യില്ല എന്നുള്ള ചിന്ത ഏതൊരു ചെറിയ കാര്യവും ചെയ്യാൻ നമ്മെ പ്രേരിപ്പിക്കും. ചെറിയ കാര്യങ്ങളിലെ വിശ്വസ്തൻ, വലിയകാര്യങ്ങളിലെ വിശ്വസ്തനായിരിക്കും എന്ന് ഈശോ നമ്മെ പഠിപ്പിക്കുന്നു.

നമുക്ക് ചെറിയ കാര്യങ്ങളിലെ വിശ്വസ്തരാകാനായി പരിശ്രമിക്കാം.

വിശുദ്ധ കുരിശിന്റെ സംരക്ഷണയിൽ,

**ഫാ. ജിന്റോ ചിറയത്ത് CMI, കൊച്ചച്ചൻ**

പ്രത്യേക ശ്രദ്ധയ്ക്ക്

## മാർപാപ്പാ ഡോട്ട് കോം www.marpapa.com

ഫ്രാൻസിസ് പാപ്പായുടെ ഒരു വെബ്സൈറ്റ് മലയാളത്തിൽ ആരംഭിച്ചിരിക്കുന്നു. പാപ്പായുടെ പ്രസംഗങ്ങളും ജീവിത മാതൃകകളും 24 മണിക്കൂറിനുള്ളിൽ ഈ സൈറ്റിൽ മലയാളത്തിൽ ലഭ്യമാകും. ഈ വെബ്സൈറ്റ് പതിവായി സന്ദർശിക്കുക. ഇത് Like ചെയ്യുക, നിങ്ങളുടെ സുഹൃത്തുക്കൾക്ക് ഇത് അയച്ചുകൊടുക്കുക.




യേശുവിൽ ഏറ്റവും പ്രിയപ്പെട്ടവരെ,

ആത്മവിശുദ്ധീകരണത്തിന്റെ നാളുകളായ അമ്പതുനോമ്പിലേക്ക് നമ്മൾ പ്രവേശിക്കുകയാണ്. ഉത്ഥിതനായ മിശിഹായുടെ സന്തോഷത്തിൽ പങ്കുചേരുവാനും യഥാർത്ഥ ക്രിസ്തുശിഷ്യത്വത്തിന്റെ ചൈതന്യത്തിൽ ജീവിക്കുവാനും സഹായിക്കുന്ന ഉപവാസത്തിന്റെയും, പ്രാർത്ഥനയുടെയും ദാനധർമത്തിന്റെയും, പരിത്യാഗത്തിന്റെയും മാനസാന്തരത്തിന്റെയും, അനുരഞ്ജനത്തിന്റെയും, വിശുദ്ധീകരണത്തിന്റെയും പരിപാവനമായ ദിവസങ്ങളാണ് നോമ്പുകാലം. നീതിപൂർവ്വകമായ ജീവിതശൈലിയാണ് വിശുദ്ധീകരിക്കപ്പെടുന്ന ജീവിതത്തിന്റെ അടയാളം. അതുകൊണ്ടാണ് ഏശയ്യ പ്രവാചകൻ പറയുന്നത്, ''ദുഷ്ടതയുടെ കെട്ടുകൾ പൊട്ടിക്കുകയും നുകത്തിന്റെ കയറുകൾ അഴിയ്ക്കുകയും മർദ്ദിതരെ സ്വതന്ത്രരാക്കുകയും എല്ലാ നുകങ്ങളും ഒടിക്കുകയും ചെയ്യുന്നതല്ലേ ഞാൻ ആഗ്രഹിക്കുന്ന ഉപവാസം? വിശക്കുന്നവനുമായി ആഹാരം പങ്കിടുകയും ഭവനരഹിതനെ വീട്ടിൽ സ്വീകരിക്കുകയും നഗ്നനെ ഉടുപ്പിക്കുകയും സ്വന്തക്കാരിൽ നിന്ന് ഒഴിഞ്ഞു മാറാതിരിക്കുകയും ചെയ്യുന്നതല്ലേ അത്'' (ഏശയ്യ 58:6–7) ഇപ്രകാരമുള്ള വിശുദ്ധജീവിതത്തിന്റെ വലിയ സാക്ഷികളാകുവാൻ നോമ്പുകാലം നമ്മെ സഹായിക്കട്ടെ. വലിയനോമ്പിന്റെ ഈ കാലഘട്ടത്തിൽ നമുക്ക് മാനസാന്തരത്തിന്റെയും അനുരഞ്ജനത്തിന്റെയും അതുവഴി അനുഗ്രഹത്തിന്റെയും ജീവിതം സാധ്യമാക്കിതരുന്നത് കർത്താവായ യേശുക്രിസ്തുവിന്റെ ജീവിതം, പ്രത്യേകിച്ച് പീഡാസഹനവും കാൽവരിയാത്രയും കുരിശുമരണവും ഉത്ഥാനവും നമ്മുടെ ധ്യാനവിഷയമാവുമ്പോഴാണ്. എത്രമാത്രം ധന്യമായ ഓർമ്മകളാണ് കർത്താവിന്റെ സഹനജീവിതം നമ്മെ പഠിപ്പിക്കുന്നത്! നമുക്കോരോരുത്തർക്കും മനുഷ്യകുലത്തിനു മുഴുവനുംവേണ്ടി സഹിച്ച് കുരിശിൽമരിച്ച യേശുക്രിസ്തുവിനെ സ്വന്തമാക്കുവാൻ നമുക്ക് ആകണം. യഥാർത്ഥമായ അനുരഞ്ജനത്തിന്റെയും സ്നേഹത്തിന്റെയും ചൈതന്യത്തിൽ നമ്മൾ നിറയപ്പെടണം. ഹൃദയപൂർവ്വം മറ്റുള്ളവരോട് ക്ഷമിക്കുവാനും പൊറുക്കുവാനും നമുക്കാകണം. അങ്ങിനെ യഥാർത്ഥ മനുഷ്യരാകണം നമ്മൾ. അതു സാധ്യമാകുംവിധം ഹൃദയപരിവർത്തനം വരുത്തി നോമ്പുകാല ജീവിതം നമുക്കു ധന്യമാക്കാം. അതിന് സഹായകമായവിധം അനുഗ്രഹീതമായ ശുശ്രൂഷകളിൽ നമുക്ക് പങ്കു ചേരാം. എത്രയോ ഭാഗ്യം നിറഞ്ഞ ഒരിടവക സമൂഹ




യേശുവിൽ ഏറ്റവും പ്രിയപ്പെട്ടവരെ,

ആത്മവിശുദ്ധീകരണത്തിന്റെ നാളുകളായ അമ്പതുനോമ്പിലേക്ക് നമ്മൾ പ്രവേശിക്കുകയാണ്. ഉത്ഥിതനായ മിശിഹായുടെ സന്തോഷത്തിൽ പങ്കുചേരുവാനും യഥാർത്ഥ ക്രിസ്തുശിഷ്യത്വത്തിന്റെ ചൈതന്യത്തിൽ ജീവിക്കുവാനും സഹായിക്കുന്ന ഉപവാസത്തിന്റെയും, പ്രാർത്ഥനയുടെയും ദാനധർമത്തിന്റെയും, പരിത്യാഗത്തിന്റെയും മാനസാന്തരത്തിന്റെയും, അനുരഞ്ജനത്തിന്റെയും, വിശുദ്ധീകരണത്തിന്റെയും പരിപാവനമായ ദിവസങ്ങളാണ് നോമ്പുകാലം. നീതിപൂർവ്വകമായ ജീവിതശൈലിയാണ് വിശുദ്ധീകരിക്കപ്പെടുന്ന ജീവിതത്തിന്റെ അടയാളം. അതുകൊണ്ടാണ് ഏശയ്യ പ്രവാചകൻ പറയുന്നത്, ''ദുഷ്ടതയുടെ കെട്ടുകൾ പൊട്ടിക്കുകയും നുകത്തിന്റെ കയറുകൾ അഴിയ്ക്കുകയും മർദ്ദിതരെ സ്വതന്ത്രരാക്കുകയും എല്ലാ നുകങ്ങളും ഒടിക്കുകയും ചെയ്യുന്നതല്ലേ ഞാൻ ആഗ്രഹിക്കുന്ന ഉപവാസം? വിശക്കുന്നവനുമായി ആഹാരം പങ്കിടുകയും ഭവനരഹിതനെ വീട്ടിൽ സ്വീകരിക്കുകയും നഗ്നനെ ഉടുപ്പിക്കുകയും സ്വന്തക്കാരിൽ നിന്ന് ഒഴിഞ്ഞു മാറാതിരിക്കുകയും ചെയ്യുന്നതല്ലേ അത്'' (ഏശയ്യ 58:6-7) ഇപ്രകാരമുള്ള വിശുദ്ധ ജീവിതത്തിന്റെ വലിയ സാക്ഷികളാകുവാൻ നോമ്പുകാലം നമ്മെ സഹായിക്കട്ടെ. വലിയനോമ്പിന്റെ ഈ കാലഘട്ടത്തിൽ നമുക്ക് മാനസാന്തരത്തിന്റെയും അനുരഞ്ജനത്തിന്റെയും അതുവഴി അനുഗ്രഹത്തിന്റെയും ജീവിതം സാധ്യമാക്കിതരുന്നത് കർത്താവായ യേശുക്രിസ്തുവിന്റെ ജീവിതം, പ്രത്യേകിച്ച് പീഡാസഹനവും കാൽവരിയാത്രയും കുരിശുമരണവും ഉത്ഥാനവും നമ്മുടെ ധ്യാനവിഷയമാവുമ്പോഴാണ്. എത്രമാത്രം ധന്യമായ ഓർമ്മകളാണ് കർത്താവിന്റെ സഹനജീവിതം നമ്മെ പഠിപ്പിക്കുന്നത്! നമുക്കോരോരുത്തർക്കും മനുഷ്യകുലത്തിനു മുഴുവനുംവേണ്ടി സഹിച്ച് കുരിശിൽമരിച്ച യേശുക്രിസ്തുവിനെ സ്വന്തമാക്കുവാൻ നമുക്ക് ആകണം. യഥാർത്ഥമായ അനുരഞ്ജനത്തിന്റെയും സ്നേഹത്തിന്റെയും ചൈതന്യത്തിൽ നമ്മൾ നിറയപ്പെടണം. ഹൃദയപൂർവ്വം മറ്റുള്ളവരോട് ക്ഷമിക്കുവാനും പൊറുക്കുവാനും നമുക്കാകണം. അങ്ങിനെ യഥാർത്ഥ മനുഷ്യരാകണം നമ്മൾ. അതു സാധ്യമാകുംവിധം ഹൃദയപരിവർത്തനം വരുത്തി നോമ്പുകാല ജീവിതം നമുക്കു ധന്യമാക്കാം. അതിന് സഹായകമായവിധം അനുഗ്രഹീതമായ ശുശ്രൂഷകളിൽ നമുക്ക് പങ്കു ചേരാം. എത്രയോ ഭാഗ്യം നിറഞ്ഞ ഒരിടവക സമൂഹ

മാണ് നമ്മുടേത്. നിത്യരക്ഷയുടെ അടയാളമായ വിശുദ്ധ കുരിശിന്റെ നാമത്തിൽ ഭാരതത്തിൽ സ്ഥാപിതമായ ആദ്യ ദൈവാലയം. നമ്മുടെ കർത്താവിന്റെ തിരുശരീരരക്തത്താൽ പവിത്രീകരിക്കപ്പെട്ട അതേ വിശുദ്ധ കുരിശിന്റെ തിരുശേഷിപ്പ് പ്രതിഷ്ഠിച്ചിരിക്കുന്ന ദൈവാലയങ്ങളിൽ ഒന്ന്. ഭക്തയായ വെറോനിക്ക ഈശോയുടെ തിരുമുഖം തുടച്ച തൂവാലയിൽ പതിഞ്ഞ തിരുമുഖത്തിന്റെ തിരുശേഷിപ്പും കർത്താവിന്റെ ഹൃദയം പിളർന്ന കുന്തത്തിൽ പതിഞ്ഞ തിരുരക്തത്തിന്റെ തിരുശേഷിപ്പും സൂക്ഷിച്ചിരുന്ന ഒരു ദൈവാലയം. ഈ മഹത്തായ ഭാഗ്യം ഉൾകൊണ്ട് ഈ നോമ്പുകാലത്തിന്റെ ദിവ്യനാളുകളിൽ കൂടുതൽ അനുഗ്രഹീതരാകുവാൻ നമുക്ക് തയ്യാറാകാം. എല്ലാദിവസങ്ങളിലും വിശുദ്ധ കുർബ്ബാനയിൽ നമുക്ക് പങ്കുചേരാം. പ്രത്യേകമായി നമ്മുടെ കർത്താവിന്റെ തിരുമരണസ്മരണ ഉണർത്തുന്ന വെള്ളിയാഴ്ചകളിൽ നമ്മൾ നടത്തുന്ന ആത്മീയ ശുശ്രൂഷകൾ അതിന്റെ പൂർണ്ണതയിൽ സ്വീകരിച്ച് നാമും നമ്മുടെ കുടുംബങ്ങളും കൂടുതൽ അനുഗ്രഹീതരാകണം. തീർത്ഥാടകരായി ഈ നോമ്പുകാലഘട്ടത്തിൽ ഇവിടെ വന്നു പ്രാർത്ഥിക്കുന്ന വിശ്വാസികൾ ഏവരും അനുഗ്രഹീതരായി തീരണം. ഇതിന് സഹായകമാകുംവിധം എല്ലാം ക്രമപ്പെടുത്തുവാൻ ഇടവക സമൂഹത്തിന്റെ പ്രാർത്ഥനയും സഹായസഹകരണവും അനിവാര്യമാണെന്ന് ഒരിക്കൽ കൂടെ ഓർമ്മിപ്പിക്കുകയാണ്.

ഈ നോമ്പുകാലം അതിന്റെ പൂർണ്ണതയിൽ സ്വീകരിക്കപ്പെടുവാൻ സഹായിക്കുന്ന നാലു ദിവസത്തെ നോമ്പുകാല വാർഷിക ധ്യാനം മാർച്ച് 23ന് ഞായറാഴ്ച വൈകുന്നേരം ആരംഭിക്കും. ബഹു. സെബാസ്റ്റ്യൻ കൂട്ടുങ്ങൽ OFM കപ്പൂച്ചിൽ അച്ചനാണ് ധ്യാനത്തിന് നേതൃത്വം നൽകുന്നത്. വാർഷികധ്യാനം കഴിഞ്ഞകാലഘട്ടത്തിലേയ്ക്കുള്ള ഒരു തിരിഞ്ഞുനോട്ടമാണ്. കഴിഞ്ഞ കാലഘട്ടത്തിലെ നന്മകൾ തുടരുവാനും തിന്മകൾ പരിത്യജിച്ച് വിശുദ്ധീകരിക്കപ്പെടുവാനുമുള്ള ദിനങ്ങളാണ് ധ്യാനദിവസങ്ങൾ. താത്പര്യത്തോടും സന്തോഷത്തോടുംകൂടെ ഈ നോമ്പുകാലധ്യാനം നമുക്ക് സ്വീകരിക്കാം. ധ്യാനവിജയത്തിനായി പ്രാർത്ഥിക്കുകയും ചെയ്യാം. നമ്മുടെ ദൈവാലയത്തിന്റെ 1086-ാം വാർഷികവും പുനർനിർമ്മിത ദൈവാലയത്തിന്റെ രജതജൂബിലിയും ഇടവകദിനവും നമ്മൾ ആഘോഷിച്ചു. നമ്മുടെ അഭിവന്ദ്യ പിതാവും മുൻ വികാരി അച്ചന്മാരും ഇടവകയിലെ വൈദികരും നമ്മോടൊപ്പം പങ്കുചേർന്നു. നമ്മെ പരിപാലിക്കുന്ന ദൈവത്തിന് നമുക്ക് നന്ദിപറയാം. ഈ ആഘോഷങ്ങൾ വിജയിപ്പിക്കുവാൻ സഹായിച്ച എല്ലാവർക്കും, പ്രത്യേകമായി കൈക്കാരന്മാർ, ആഘോഷകമ്മിറ്റി അംഗങ്ങൾ എന്നിവർക്കും നന്ദി. അനുഗ്രഹീതമായ ഒരു നോമ്പുകാലം ആശംസിച്ചുകൊണ്ട്

വിശുദ്ധ കുരിശിന്റെ സംരക്ഷണയിൽ,

**ഫാ. ജോസ് മാളിയേക്കൽ,** വികാരി & റെക്ടർ

മാണ് നമ്മുടേത്. നിത്യരക്ഷയുടെ അടയാളമായ വിശുദ്ധ കുരിശിന്റെ നാമത്തിൽ ഭാരതത്തിൽ സ്ഥാപിതമായ ആദ്യ ദൈവാലയം. നമ്മുടെ കർത്താവിന്റെ തിരുശരീരരക്തത്താൽ പവിത്രീകരിക്കപ്പെട്ട അതേ വിശുദ്ധ കുരിശിന്റെ തിരുശേഷിപ്പ് പ്രതിഷ്ഠിച്ചിരിക്കുന്ന ദൈവാലയങ്ങളിൽ ഒന്ന്. ഭക്തയായ വെറോനിക്ക ഈശോയുടെ തിരുമുഖം തുടച്ച തൂവാലയിൽ പതിഞ്ഞ തിരുമുഖത്തിന്റെ തിരുശേഷിപ്പും കർത്താവിന്റെ ഹൃദയം പിളർന്ന കുന്തത്തിൽ പതിഞ്ഞ തിരുരക്തത്തിന്റെ തിരുശേഷിപ്പും സൂക്ഷിച്ചിരുന്ന ഒരു ദൈവാലയം. ഈ മഹത്തായ ഭാഗ്യം ഉൾകൊണ്ട് ഈ നോമ്പുകാലത്തിന്റെ ദിവ്യനാളുകളിൽ കൂടുതൽ അനുഗ്രഹീതരാകുവാൻ നമുക്ക് തയ്യാറാകാം. എല്ലാദിവസങ്ങളിലും വിശുദ്ധ കുർബ്ബാനയിൽ നമുക്ക് പങ്കുചേരാം. പ്രത്യേകമായി നമ്മുടെ കർത്താവിന്റെ തിരുമരണസ്മരണ ഉണർത്തുന്ന വെള്ളിയാഴ്ചകളിൽ നമ്മൾ നടത്തുന്ന ആത്മീയ ശുശ്രൂഷകൾ അതിന്റെ പൂർണ്ണതയിൽ സ്വീകരിച്ച് നാമും നമ്മുടെ കുടുംബങ്ങളും കൂടുതൽ അനുഗ്രഹീതരാകണം. തീർത്ഥാടകരായി ഈ നോമ്പുകാലഘട്ടത്തിൽ ഇവിടെ വന്നു പ്രാർത്ഥിക്കുന്ന വിശ്വാസികൾ ഏവരും അനുഗ്രഹീതരായി തീരണം. ഇതിന് സഹായകമാകുംവിധം എല്ലാം ക്രമപ്പെടുത്തുവാൻ ഇടവക സമൂഹത്തിന്റെ പ്രാർത്ഥനയും സഹായസഹകരണവും അനിവാര്യമാണെന്ന് ഒരിക്കൽ കൂടെ ഓർമ്മിപ്പിക്കുകയാണ്.

ഈ നോമ്പുകാലം അതിന്റെ പൂർണ്ണതയിൽ സ്വീകരിക്കപ്പെടുവാൻ സഹായിക്കുന്ന നാലു ദിവസത്തെ നോമ്പുകാല വാർഷിക ധ്യാനം മാർച്ച് 23ന് ഞായറാഴ്ച വൈകുന്നേരം ആരംഭിക്കും. ബഹു. സെബാസ്റ്റ്യൻ കൂട്ടുങ്ങൽ OFM കപ്പുച്ചിൽ അച്ചനാണ് ധ്യാനത്തിന് നേതൃത്വം നൽകുന്നത്. വാർഷികധ്യാനം കഴിഞ്ഞകാലഘട്ടത്തിലേയ്ക്കുള്ള ഒരു തിരിഞ്ഞുനോട്ടമാണ്. കഴിഞ്ഞ കാലഘട്ടത്തിലെ നന്മകൾ തുടരുവാനും തിന്മകൾ പരിത്യജിച്ച് വിശുദ്ധീകരിക്കപ്പെടുവാനുമുള്ള ദിനങ്ങളാണ് ധ്യാനദിവസങ്ങൾ. താത്പര്യത്തോടും സന്തോഷത്തോടുംകൂടെ ഈ നോമ്പുകാലധ്യാനം നമുക്ക് സ്വീകരിക്കാം. ധ്യാനവിജയത്തിനായി പ്രാർത്ഥിക്കുകയും ചെയ്യാം. നമ്മുടെ ദൈവാലയത്തിന്റെ 1086-ാം വാർഷികവും പുനർനിർമ്മിത ദൈവാലയത്തിന്റെ രജതജൂബിലിയും ഇടവകദിനവും നമ്മൾ ആഘോഷിച്ചു. നമ്മുടെ അഭിവന്ദ്യ പിതാവും മുൻ വികാരി അച്ചന്മാരും ഇടവകയിലെ വൈദികരും നമ്മോടൊപ്പം പങ്കുചേർന്നു. നമ്മെ പരിപാലിക്കുന്ന ദൈവത്തിന് നമുക്ക് നന്ദിപറയാം. ഈ ആഘോഷങ്ങൾ വിജയിപ്പിക്കുവാൻ സഹായിച്ച എല്ലാവർക്കും, പ്രത്യേകമായി കൈക്കാരന്മാർ, ആഘോഷകമ്മിറ്റി അംഗങ്ങൾ എന്നിവർക്കും നന്ദി. അനുഗ്രഹീതമായ ഒരു നോമ്പുകാലം ആശംസിച്ചുകൊണ്ട്

വിശുദ്ധ കുരിശിന്റെ സംരക്ഷണയിൽ,

**ഫാ. ജോസ് മാളിയേക്കൽ,** വികാരി & റെക്ടർ

# നോമ്പുകാലം
## പുണ്യങ്ങളുടെ ആത്മീയ വസന്തം



റവ. ഫാ. ഡോ. വർഗ്ഗീസ് പാലത്തിങ്കൽ
റെക്ടർ, സെന്റ്പോൾസ് മൈനർ സെമിനാരി

ക്രൈസ്തവ ലോകം വലിയ നോമ്പിലേക്ക് പ്രവേശിക്കുകയാണ്. പരിത്യാഗം വഴി ദൈവത്തിലേയ്ക്ക് അടുക്കുവാനുള്ള രക്ഷാകരമായ സമയമാണിത്. ഭൗതിക സുഖം വെടിഞ്ഞ് തീക്ഷ്ണമായ, ചൈതന്യപൂർണ്ണമായ ക്രിസ്തീയ ജീവിതം നയിക്കാനുള്ള കാലഘട്ടം. പുണ്യങ്ങൾ പൂക്കുന്ന, സുകൃതങ്ങൾ വിളയുന്ന ആത്മീയ വസന്തം. 'പേത്തുർത്താ' ഞായർ മുതൽ ഉയിർപ്പുതിരുനാൾ വരെയുള്ള അമ്പതു ദിനങ്ങൾ പ്രാർത്ഥനയ്ക്കും പ്രായശ്ചിത്തത്തിനും ജീവിത നവീകരണത്തിനുമുള്ള നാളുകളാണ്. അനുതാപത്തിനും അനുരഞ്ജനത്തിനും ദാനധർമ്മത്തിനുമുള്ള അവസരങ്ങളാണ്. "തിരിഞ്ഞുനോക്കൽ", "അനുരഞ്ജനം" എന്നിവ നോമ്പുകാലത്ത് സവിശേഷമായി സംഭവിക്കണം. ക്രിസ്തുവിലേയ്ക്കും സ്വജീവിതത്തിലേയ്ക്കുമുള്ള ഒരു തിരിഞ്ഞുനോട്ടമാണത്. മാമ്മോദീസയിലൂടെ ദൈവമക്കളും പുതിയ മനുഷ്യരുമായി തീർന്ന നാം പാപം വഴി ദൈവത്തിൽ നിന്ന് അകന്നുപോയി. ദുർഭഗനായ മനുഷ്യന്റെ തിരിച്ചുവരവും അനുരഞ്ജനവും ദൈവം ആഗ്രഹിക്കുന്നു.

ക്രിസ്തുനാഥന്റെ പരസ്യജീവിതത്തിൽ രക്ഷാകരമായ പ്രവർത്തികളുടെ സമാരംഭം കുറിയ്ക്കുവാനുള്ള ഒരുക്കത്തിന്റെ ദിനങ്ങളായിരുന്നു നാൽപ്പതു ദിവസത്തെ ഉപവാസം. നോമ്പുകാലത്തെ ഒരു സുപ്രധാന ജീവിത നവീകരണ പരിപാടിയാണ് ഉപവസിച്ചു പ്രാർത്ഥിക്കുകയെന്നത്. ഉപവാസത്തിന്റെ അർത്ഥം നിഷേധാത്മകമല്ല, പിന്നെയോ, ക്രിയാത്മകവും സർഗ്ഗാത്മകവുമാണ്. ഭക്ഷണപാനീയങ്ങൾ ഉപേക്ഷിച്ചതുകൊണ്ടു മാത്രമല്ല, ദുശ്ശീലങ്ങളും ദുർവ്വാസനകളും ഉപേക്ഷിച്ച് നാം ഉപവിപ്രവർത്തനങ്ങളിൽ ഏർപ്പെടണം. ശരീരവും മനസ്സും ഒരുപോലെ ഉപവസിക്കണം. ശരീരം ഭക്ഷണത്തിൽ നിന്നും മനസ്സ് അധർമ്മത്തിൽ നിന്നും ഒഴിഞ്ഞ് നിൽക്കുന്ന ഒരു അവസ്ഥാവിശേഷമാണത്. വിശുദ്ധനായ മാർ അപ്രേം പ്രസ്താവിക്കുന്നു. "ഉപ്പ്, മാംസം കേടുകൂടാതെ സൂക്ഷിക്കുന്നു. അതുപോലെ ഉപവാസം വഴി നാം പുണ്യത്തിൽ സംരക്ഷിക്കപ്പെടുന്നു". നാൽപതുദിവസത്തെ ഉപവാസത്തെകുറിച്ച് ആദ്യ പഠനം 325ലെ നിഖ്യാ സൂനഹദോസിലെ അഞ്ചാമത്തെ കാനോനയിലാണ്. ബൈബിളിലെ പഴയ നിയമസംഭവങ്ങൾ ആയതിന് ആധാരമാണ്. നാൽപതുവർഷം ഇസ്രായേൽ ജനത മരുഭൂമിയിൽ കഴിഞ്ഞു

# നോമ്പുകാലം പുണ്യങ്ങളുടെ ആത്മീയ വസന്തം



റവ. ഫാ. ഡോ. വർഗ്ഗീസ് പാലത്തിങ്കൽ
റെക്ടർ, സെന്റ്പോൾസ് മൈനർ സെമിനാരി

ക്രൈസ്തവ ലോകം വലിയ നോമ്പിലേക്ക് പ്രവേശിക്കുകയാണ്. പരിത്യാഗം വഴി ദൈവത്തിലേയ്ക്ക് അടുക്കുവാനുള്ള രക്ഷാകരമായ സമയമാണിത്. ഭൗതിക സുഖം വെടിഞ്ഞ് തീക്ഷ്ണമായ, ചൈതന്യപൂർണ്ണമായ ക്രിസ്തീയ ജീവിതം നയിക്കാനുള്ള കാലഘട്ടം. പുണ്യങ്ങൾ പൂക്കുന്ന, സുകൃതങ്ങൾ വിളയുന്ന ആത്മീയ വസന്തം. 'പേത്തുർത്താ' ഞായർ മുതൽ ഉയിർപ്പുതിരുനാൾ വരെയുള്ള അമ്പതു ദിനങ്ങൾ പ്രാർത്ഥനയ്ക്കും പ്രായശ്ചിത്തത്തിനും ജീവിത നവീകരണത്തിനുമുള്ള നാളുകളാണ്. അനുതാപത്തിനും അനുരഞ്ജനത്തിനും ദാനധർമ്മത്തിനുമുള്ള അവസരങ്ങളാണ്. "തിരിഞ്ഞുനോക്കൽ", "അനുരഞ്ജനം" എന്നിവ നോമ്പുകാലത്ത് സവിശേഷമായി സംഭവിക്കണം. ക്രിസ്തുവിലേയ്ക്കും സ്വജീവിതത്തിലേയ്ക്കുമുള്ള ഒരു തിരിഞ്ഞുനോട്ടമാണത്. മാമ്മോദീസയിലൂടെ ദൈവമക്കളും പുതിയ മനുഷ്യരുമായി തീർന്ന നാം പാപം വഴി ദൈവത്തിൽ നിന്ന് അകന്നുപോയി. ദുർഭഗനായ മനുഷ്യന്റെ തിരിച്ചുവരവും അനുരഞ്ജനവും ദൈവം ആഗ്രഹിക്കുന്നു.

ക്രിസ്തുനാഥന്റെ പരസ്യജീവിതത്തിൽ രക്ഷാകരമായ പ്രവർത്തികളുടെ സമാരംഭം കുറിയ്ക്കുവാനുള്ള ഒരുക്കത്തിന്റെ ദിനങ്ങളായിരുന്നു നാൽപ്പതു ദിവസത്തെ ഉപവാസം. നോമ്പുകാലത്തെ ഒരു സുപ്രധാന ജീവിത നവീകരണ പരിപാടിയാണ് ഉപവസിച്ചു പ്രാർത്ഥിക്കുകയെന്നത്. ഉപവാസത്തിന്റെ അർത്ഥം നിഷേധാത്മകമല്ല, പിന്നെയോ, ക്രിയാത്മകവും സർഗ്ഗാത്മകവുമാണ്. ഭക്ഷണപാനീയങ്ങൾ ഉപേക്ഷിച്ചതുകൊണ്ടു മാത്രമല്ല, ദുശ്ശീലങ്ങളും ദുർവ്വാസനകളും ഉപേക്ഷിച്ച് നാം ഉപവിപ്രവർത്തനങ്ങളിൽ ഏർപ്പെടണം. ശരീരവും മനസ്സും ഒരുപോലെ ഉപവസിക്കണം. ശരീരം ഭക്ഷണത്തിൽ നിന്നും മനസ്സ് അധർമ്മത്തിൽ നിന്നും ഒഴിഞ്ഞ് നിൽക്കുന്ന ഒരു അവസ്ഥാവിശേഷമാണത്. വിശുദ്ധനായ മാർ അപ്രേം പ്രസ്താവിക്കുന്നു. "ഉപ്പ്, മാംസം കേടുകൂടാതെ സൂക്ഷിക്കുന്നു. അതുപോലെ ഉപവാസം വഴി നാം പുണ്യത്തിൽ സംരക്ഷിക്കപ്പെടുന്നു". നാൽപതുദിവസത്തെ ഉപവാസത്തെകുറിച്ച് ആദ്യ പഠനം 325ലെ നിഖ്യാ സൂനഹദോസിലെ അഞ്ചാമത്തെ കാനോനയിലാണ്. ബൈബിളിലെ പഴയ നിയമസംഭവങ്ങൾ ആയതിന് ആധാരമാണ്. നാൽപതുവർഷം ഇസ്രായേൽ ജനത മരുഭൂമിയിൽ കഴിഞ്ഞു

കൂടി.(നിയമാവർത്തനം 8,2;29,5); നാൽപതു ദിവസം മോശ സീനായിമലയിൽ ചെലവഴിച്ചു. (പുറപ്പാട് 24,18); നാൽപതു ദിവസത്തേക്ക് ഗോലിയാത്ത് ഇസ്രായേലിനെ വെല്ലുവിളിച്ചു. (I സാമുവൽ 17,16); നാൽപതുദിവസം അപ്പവും വെള്ളവും കൊണ്ടുമാത്രം ഏലിയ ഹൊറേബു മലയിൽ ചെലവഴിച്ചു.(III രാജാക്കന്മാർ 19,8); നാൽപതു ദിവസം യോനാപ്രവാചകൻ നിനവേയിൽ അനുതാപം പ്രസംഗിച്ചു (യോന 3,4-5)

ഈ ലോക ജീവിതത്തിനപ്പുറത്തുള്ള നിത്യമായ സൗഭാഗ്യജീവിതമുണ്ടെന്നും, ജീവിതത്തിലെ കഷ്ടനഷ്ടങ്ങളും പീഡനങ്ങളും അപമാനങ്ങളും കഴിഞ്ഞ് ഒരു പുനരുജീവിതമുണ്ടെന്നും മഹിമാപൂർണ്ണമായ ഉയിർപ്പ് ജീവിതത്തിന് പ്രത്യാശ നൽകുന്നുവെന്നും ക്രിസ്തുവിന്റെ ജീവിതത്തിൽ നിന്ന് നാം മനസ്സിലാക്കുന്നു. കുരിശിന്റെ വഴിയിലൂടെയുള്ള ഒരു യാത്ര. ഉയിർപ്പിലേക്കുള്ള തീർത്ഥയാത്ര. പ്രലോഭനങ്ങളെ അതിജീവിച്ച് സ്വജീവിതം പിതാവിന് സമർപ്പിച്ച ഈശോയെപ്പോലെ നമ്മുടെ ദുരാശകളെ ഇല്ലാതാക്കി സുകൃതസമ്പന്നമായ ജീവിതം നയിച്ച് ദൈവത്തെ പ്രസാദിപ്പിക്കാൻ, സഭാമാതാവ് നോമ്പുകാലത്ത് നമ്മെ ആഹ്വാനം ചെയ്യുന്നു. പുതിയ മനുഷ്യനെ ധരിക്കാനും (എഫേ 4:17-32), മിശിഹായിൽ പുതുജീവിതം നയിക്കാനും (റോമ 12:1-15), ദൈവപരിപാലനയിൽ ആശ്രയിക്കാനും (മത്താ 6:25-34), ക്രിസ്തീയ ജീവിത നിയമങ്ങൾ പാലിച്ച് (തീത്തോ 3:1-7), ആന്തരികവും ബാഹ്യവുമായ വിശുദ്ധി കാത്തുകൊണ്ട്, തിന്മയെ നന്മകൊണ്ട് ജയിച്ച് (മത്താ 5:33-42), സ്നേഹത്തിന്റെ കല്പന അനുസരിച്ച് (മർക്കോ 12:28-34), സദാ ജാഗരൂകരായി (ലൂക്ക 21:29-36), ദൈവാത്മാവിനാൽ നയിക്കപ്പെടുന്നവരായി (റോമ 8:12-17), ദൈവത്തിന്റെ കൃപാവരത്തിലും സൗഹൃദത്തിലും (റോമ 11:1-10), പ്രകാശത്തിന്റെ ആയുധങ്ങൾ ധരിച്ച് (റോമ 13:8-14), ആത്മീയ സമരായുധങ്ങൾ ധരിച്ച് (2 കോറി 10:4-11), സ്വർഗ്ഗരാജ്യം നേടാനുള്ള നിക്ഷേപം ഈ ലോകജീവിതത്തിൽ വർദ്ധിപ്പിക്കാൻ നമുക്ക് കഴിയണം എന്നാണ് നോമ്പാചരണത്തിലൂടെ സഭ നമ്മോട് ആവശ്യപ്പെടുന്നത്.

പ്രാർത്ഥനാപൂർവ്വകമായ ദൈവവചനവായന, യോഗ്യതയോടെയുള്ള കൂദാശസ്വീകരണം, ദിവ്യബലിയിൽ സജീവമായ ഭാഗഭാഗിത്വം, അരൂപിയാൽ നയിക്കപ്പെടുന്ന ജീവിതം, ജീവകാരുണ്യപ്രവർത്തനങ്ങൾ, സന്മാതൃക നല്കുന്ന പ്രചോദനാത്മകമായ ജീവിതശൈലി തുടങ്ങിയവ നമ്മെ പുണ്യപരിപൂർണ്ണതയിൽ വളരാൻ സഹായിക്കും. പീഡാനുഭവ ആഴ്ചയിലെ ദിവ്യശുശ്രൂഷകൾ ക്രിസ്തുവുമായി അഗാധമായ, ഗാഢമായ ഐക്യത്തിലേയ്ക്ക് ഉൾച്ചേരാൻ നമ്മെ സഹായിക്കണം. ദൈവഹിതത്തിന് സമ്പൂർണ്ണമായി കീഴ്‌വഴങ്ങി വേദനാപൂർണ്ണമായ സഹനജീവിതത്തിലൂടെ മഹത്വത്തിലേയ്ക്ക് പ്രവേശിച്ച മിശിഹായെ ആഴത്തിൽ അറിയാനും, തീവ്രമായി സ്നേഹിക്കാനും, അടുത്ത് അനുഗമിക്കാനും നമുക്ക് കഴിയണം. സമ്പൂർണമായ

കൂടി.(നിയമാവർത്തനം 8,2;29,5); നാൽപതു ദിവസം മോശ സീനായിമലയിൽ ചെലവഴിച്ചു. (പുറപ്പാട് 24,18); നാൽപതു ദിവസത്തേക്ക് ഗോലിയാത്ത് ഇസ്രായേലിനെ വെല്ലുവിളിച്ചു. (I സാമുവൽ 17,16); നാൽപതുദിവസം അപ്പവും വെള്ളവും കൊണ്ടുമാത്രം ഏലിയ ഹൊറേബു മലയിൽ ചെലവഴിച്ചു.(III രാജാക്കന്മാർ 19,8); നാൽപതു ദിവസം യോനാപ്രവാചകൻ നിനവേയിൽ അനുതാപം പ്രസംഗിച്ചു (യോന 3,4-5)

ഈ ലോക ജീവിതത്തിനപ്പുറത്തുള്ള നിത്യമായ സൗഭാഗ്യജീവിതമുണ്ടെന്നും, ജീവിതത്തിലെ കഷ്ടനഷ്ടങ്ങളും പീഡനങ്ങളും അപമാനങ്ങളും കഴിഞ്ഞ് ഒരു പുനരുജീവിതമുണ്ടെന്നും മഹിമാപൂർണ്ണമായ ഉയിർപ്പ് ജീവിതത്തിന് പ്രത്യാശ നൽകുന്നുവെന്നും ക്രിസ്തുവിന്റെ ജീവിതത്തിൽ നിന്ന് നാം മനസ്സിലാക്കുന്നു. കുരിശിന്റെ വഴിയിലൂടെയുള്ള ഒരു യാത്ര. ഉയിർപ്പിലേക്കുള്ള തീർത്ഥയാത്ര. പ്രലോഭനങ്ങളെ അതിജീവിച്ച് സ്വജീവിതം പിതാവിന് സമർപ്പിച്ച ഈശോയെപ്പോലെ നമ്മുടെ ദുരാശകളെ ഇല്ലാതാക്കി സുകൃതസമ്പന്നമായ ജീവിതം നയിച്ച് ദൈവത്തെ പ്രസാദിപ്പിക്കാൻ, സഭാമാതാവ് നോമ്പുകാലത്ത് നമ്മെ ആഹ്വാനം ചെയ്യുന്നു. പുതിയ മനുഷ്യനെ ധരിക്കാനും (എഫേ 4:17-32), മിശിഹായിൽ പുതുജീവിതം നയിക്കാനും (റോമ 12:1-15), ദൈവപരിപാലനയിൽ ആശ്രയിക്കാനും (മത്താ 6:25-34), ക്രിസ്തീയ ജീവിത നിയമങ്ങൾ പാലിച്ച് (തീത്തോ 3:1-7), ആന്തരികവും ബാഹ്യവുമായ വിശുദ്ധി കാത്തുകൊണ്ട്, തിന്മയെ നന്മകൊണ്ട് ജയിച്ച് (മത്താ 5:33-42), സ്നേഹത്തിന്റെ കല്പന അനുസരിച്ച് (മർക്കോ 12:28-34), സദാ ജാഗരൂകരായി (ലൂക്ക 21:29-36), ദൈവാത്മാവിനാൽ നയിക്കപ്പെടുന്നവരായി (റോമ 8:12-17), ദൈവത്തിന്റെ കൃപാവരത്തിലും സൗഹൃദത്തിലും (റോമ 11:1-10), പ്രകാശത്തിന്റെ ആയുധങ്ങൾ ധരിച്ച് (റോമ 13:8-14), ആത്മീയ സമരായുധങ്ങൾ ധരിച്ച് (2 കോറി 10:4-11), സ്വർഗ്ഗരാജ്യം നേടാനുള്ള നിക്ഷേപം ഈ ലോകജീവിതത്തിൽ വർദ്ധിപ്പിക്കാൻ നമുക്ക് കഴിയണം എന്നാണ് നോമ്പാചരണത്തിലൂടെ സഭ നമ്മോട് ആവശ്യപ്പെടുന്നത്.

പ്രാർത്ഥനാപൂർവ്വകമായ ദൈവവചനവായന, യോഗ്യതയോടെയുള്ള കൂദാശസ്വീകരണം, ദിവ്യബലിയിൽ സജീവമായ ഭാഗഭാഗിത്വം, അരൂപിയാൽ നയിക്കപ്പെടുന്ന ജീവിതം, ജീവകാരുണ്യപ്രവർത്തനങ്ങൾ, സന്മാതൃക നല്കുന്ന പ്രചോദനാത്മകമായ ജീവിതശൈലി തുടങ്ങിയവ നമ്മെ പുണ്യപരിപൂർണ്ണതയിൽ വളരാൻ സഹായിക്കും. പീഡാനുഭവ ആഴ്ചയിലെ ദിവ്യശുശ്രൂഷകൾ ക്രിസ്തുവുമായി അഗാധമായ, ഗാഢമായ ഐക്യത്തിലേയ്ക്ക് ഉൾച്ചേരാൻ നമ്മെ സഹായിക്കണം. ദൈവഹിതത്തിന് സമ്പൂർണ്ണമായി കീഴ്വഴങ്ങി വേദനാപൂർണ്ണമായ സഹനജീവിതത്തിലൂടെ മഹത്വത്തിലേയ്ക്ക് പ്രവേശിച്ച മിശിഹായെ ആഴത്തിൽ അറിയാനും, തീവ്രമായി സ്നേഹിക്കാനും, അടുത്ത് അനുഗമിക്കാനും നമുക്ക് കഴിയണം. സമ്പൂർണമായ

# ജാലകത്തിലൂടെ...

ജെസ്റ്റിൻ ജോസ് എം.

ഈ ലക്കത്തിൽ ജാലകവാതിൽ തുറക്കപ്പെടുന്നത് മുദ്രപത്രം വാങ്ങി ഏതെങ്കിലും കാരണങ്ങളാൽ അത് ഉപയോഗിയ്ക്കാൻ സാധിക്കാത്ത സാഹചര്യം ഉണ്ടായാൽ പ്രസ്തുത മുദ്രപത്രത്തിന്റെ വില തിരികെ ലഭിയ്ക്കുന്നതിനുള്ള നടപടികളെ കുറിച്ചുള്ള വിശദീകരണവുമായാണ്. നമ്മളിൽ പലരും ഇത്തരം അനുഭവത്തിനു പാത്രീഭവിച്ചവരാണ്. ഈ മുദ്രപത്രത്തിന്റെ വില തിരികെ നൽകുന്നതിനുള്ള നടപടികൾ എടുക്കുന്നത് റവന്യുവകുപ്പാണ്. ഇതിനുള്ള അപേക്ഷ റവന്യൂ ഡിവിഷണൽ ഓഫീസർക്കാണ് നൽകേണ്ടത്. ആയതിന് പ്രത്യേക അപേക്ഷഫോറം ഒന്നും ഇല്ല. വെള്ളകടലാസിൽ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് ഒട്ടിച്ച് അപേക്ഷ തയ്യാറാക്കുക. അതിനോടൊപ്പം ഉപയോഗിയ്ക്കാത്ത സ്റ്റാമ്പ് പേപ്പർ, ഉപയോഗിയ്ക്കാതിരിക്കുന്നതിനുള്ള കാരണം കാണിച്ചുള്ള സത്യവാങ്മൂലം നോട്ടറി പബ്ലിക്കിനെ കൊണ്ട് സാക്ഷ്യപ്പെടുത്തിയത് ഉൾപ്പെടെയാണ് സമർപ്പിയ്ക്കേണ്ടത്. അപേക്ഷയിൽ പറഞ്ഞിരിയ്ക്കുന്ന മുദ്രപത്രം ഉപയോഗപ്പെടുത്താതിരിക്കാനുള്ള കാരണം ന്യായയുക്തമാണ് എന്ന് ബോധ്യപ്പെടുന്ന പക്ഷം മുദ്രപത്രങ്ങളുടെ വില തിരികെ ലഭിയ്ക്കുന്നതിനുള്ള നടപടികൾ റവന്യൂ ഡിവിഷണൽ ഓഫീസർ/സബ് കളക്ടർ സ്വീകരിയ്ക്കുന്നതാണ്.

മുദ്രപത്രങ്ങളുടെ വിലയുടെ 6% കമ്മീഷൻ കഴിച്ചുള്ള തുകയാണ് തിരികെ ലഭിയ്ക്കാൻ അർഹതയുള്ളത്. ശ്രദ്ധിയ്ക്കേണ്ട കാര്യം മുദ്രപത്രങ്ങൾ വാങ്ങി 6 മാസത്തിനകം അപേക്ഷിച്ചിരിയ്ക്കണം എന്നതാണ്. എങ്കിൽ മാത്രമേ അപേക്ഷ പരിഗണിയ്ക്കുകയുള്ളൂ. പുതിയ അറിവുകൾ തേടി കൊണ്ടുള്ള നമ്മുടെ യാത്ര തുടരാം. ഓരോ അറിവും അറിവിന്റെ സംഭരണിയ്ക്കുള്ളിൽ മുതൽകൂട്ടാണല്ലോ?

---

## നോമ്പുകാലം പുണ്യങ്ങളുടെ ആത്മീയ വസന്തം(തുടർച്ച)

ആത്മസമർപ്പണത്തിന്റെ ജീവിതം - ദൈവത്തെ പ്രസാദിപ്പിച്ച്, സഹജീവികൾക്ക് നന്മ ചെയ്ത് ക്രിസ്തു സാക്ഷികളാകാൻ, ക്രിസ്തുവിന്റെ അരൂപിയും മനോഭാവവും ഉൾക്കൊള്ളാൻ, നമുക്ക് സാധിക്കണം. അസൂയയും, അഹങ്കാരവും, വെറുപ്പും, വിദ്വേഷവും, സ്വാർത്ഥതയും ജഡിക ജീവിതവും ഉപേക്ഷിച്ച് നവീകരണത്തിലേയ്ക്ക് കടന്നുവരാൻ, ഭൗതികതയെ വെടിഞ്ഞ് ആത്മീയതയുടെ പുത്തൻ അഭിഷേകം സ്വീകരിക്കാൻ നോമ്പുകാലം നമ്മെ പ്രാപ്തരാക്കട്ടെ.

# ജാലകത്തിലൂടെ...

ജെസ്റ്റിൻ ജോസ് എം.

ഈ ലക്കത്തിൽ ജാലകവാതിൽ തുറക്കപ്പെടുന്നത് മുദ്രപത്രം വാങ്ങി ഏതെങ്കിലും കാരണങ്ങളാൽ അത് ഉപയോഗിയ്ക്കാൻ സാധിക്കാത്ത സാഹചര്യം ഉണ്ടായാൽ പ്രസ്തുത മുദ്രപത്രത്തിന്റെ വില തിരികെ ലഭിയ്ക്കുന്നതിനുള്ള നടപടികളെ കുറിച്ചുള്ള വിശദീകരണവുമായാണ്. നമ്മളിൽ പലരും ഇത്തരം അനുഭവത്തിനു പാത്രീഭവിച്ചവരാണ്. ഈ മുദ്രപത്രത്തിന്റെ വില തിരികെ നൽകുന്നതിനുള്ള നടപടികൾ എടുക്കുന്നത് റവന്യൂവകുപ്പാണ്. ഇതിനുള്ള അപേക്ഷ റവന്യൂ ഡിവിഷണൽ ഓഫീസർക്കാണ് നൽകേണ്ടത്. ആയതിന് പ്രത്യേക അപേക്ഷഫോറം ഒന്നും ഇല്ല. വെള്ളകടലാസിൽ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് ഒട്ടിച്ച് അപേക്ഷ തയ്യാറാക്കുക. അതിനോടൊപ്പം ഉപയോഗിയ്ക്കാത്ത സ്റ്റാമ്പ് പേപ്പർ, ഉപയോഗിയ്ക്കാതിരിക്കുന്നതിനുള്ള കാരണം കാണിച്ചുള്ള സത്യവാങ്മൂലം നോട്ടറി പബ്ലിക്കിനെ കൊണ്ട് സാക്ഷ്യപ്പെടുത്തിയത് ഉൾപ്പെടെയാണ് സമർപ്പിയ്ക്കേണ്ടത്. അപേക്ഷയിൽ പറഞ്ഞിരിയ്ക്കുന്ന മുദ്രപത്രം ഉപയോഗപ്പെടുത്താതിരിക്കാനുള്ള കാരണം ന്യായയുക്തമാണ് എന്ന് ബോധ്യപ്പെടുന്ന പക്ഷം മുദ്രപത്രങ്ങളുടെ വില തിരികെ ലഭിയ്ക്കുന്നതിനുള്ള നടപടികൾ റവന്യൂ ഡിവിഷണൽ ഓഫീസർ/സബ് കളക്ടർ സ്വീകരിയ്ക്കുന്നതാണ്.

മുദ്രപത്രങ്ങളുടെ വിലയുടെ 6% കമ്മീഷൻ കഴിച്ചുള്ള തുകയാണ് തിരികെ ലഭിയ്ക്കാൻ അർഹതയുള്ളത്. ശ്രദ്ധിയ്ക്കേണ്ട കാര്യം മുദ്രപത്രങ്ങൾ വാങ്ങി 6 മാസത്തിനകം അപേക്ഷിച്ചിരിയ്ക്കണം എന്നതാണ്. എങ്കിൽ മാത്രമേ അപേക്ഷ പരിഗണിയ്ക്കുകയുള്ളൂ. പുതിയ അറിവുകൾ തേടി കൊണ്ടുള്ള നമ്മുടെ യാത്ര തുടരാം. ഓരോ അറിവും അറിവിന്റെ സംഭരണിയ്ക്കുള്ളിൽ മുതൽകൂട്ടാണല്ലോ?

---

## നോമ്പുകാലം പുണ്യങ്ങളുടെ ആത്മീയ വസന്തം(തുടർച്ച)

ആത്മസമർപ്പണത്തിന്റെ ജീവിതം - ദൈവത്തെ പ്രസാദിപ്പിച്ച്, സഹജീവികൾക്ക് നന്മ ചെയ്ത് ക്രിസ്തു സാക്ഷികളാകാൻ, ക്രിസ്തുവിന്റെ അരൂപിയും മനോഭാവവും ഉൾക്കൊളളാൻ, നമുക്ക് സാധിക്കണം. അസൂയയും, അഹങ്കാരവും, വെറുപ്പും, വിദ്വേഷവും, സ്വാർത്ഥതയും ജഡിക ജീവിതവും ഉപേക്ഷിച്ച് നവീകരണത്തിലേയ്ക്ക് കടന്നുവരാൻ, ഭൗതികതയെ വെടിഞ്ഞ് ആത്മീയതയുടെ പുത്തൻ അഭിഷേകം സ്വീകരിക്കാൻ നോമ്പുകാലം നമ്മെ പ്രാപ്തരാക്കട്ടെ.

# പിന്നിട്ട ലോകം

ജെസ്റ്റോ മാമ്പിള്ളി

- എച്ച്.കെ. ബൻവാല നബാഡിന്റെ പുതിയ ചെയർമാൻ
- മക്കാവു ഓപ്പൺ ബാഡ്മിന്റൺ ഗോൾഡ് സിംഗിൾസ് കിരീടം പി.വി. സിന്ധുവിന്.
- തുടർച്ചയായി 3-ാം വർഷവും ഇൻഡ്യയെ പോളിയോ വിമുക്തരാജ്യമായി പ്രഖ്യാപിച്ചു.
- 2013 ലെ ഓടക്കുഴൽ പുരസ്കാരം കെ.ആർ. മീരയുടെ ആരാച്ചാർ എന്ന നോവലിന് ലഭിച്ചു.
- 360° ടെലിവിഷൻ വികസിപ്പിച്ച മലയാളി ശാസ്ത്രജ്ഞൻ ജയൻ തോമസിന് കരിയർ അവാർഡ്. സെൻട്രൽ ഫോറിഡ സർവ്വകലാശാലയിൽ അസി. പ്രൊഫസറാണ് അദ്ദേഹം. അവാർഡ് തുക രണ്ടരകോടി.
- വയനാട് പെരുങ്കോടയിൽ നടന്ന രാജ്യാന്തര മൗണ്ടൻ സൈക്കിളിങ്ങിൽ രാജ്യാന്തരവിഭാഗത്തിൽ തായ്‌ലന്റിന്റെ പീറ്ററോൾ ചൗചിയാങ്ങ് വാങ്ങും ദേശീയ വിഭാഗത്തിൽ കേരളത്തിന്റെ കെ. ആശിഷും ഒന്നാമതെത്തി.
- ഇന്ത്യൻ വ്യോമസേനയുടെ പുതിയ മേധാവിയായി എയർമാർഷൽ അരൂപ് റാഹ ചുമതലയേറ്റു.
- അരുണ ബഹുഗുണ IPS സർദാർ വല്ലഭായ് പട്ടേൽ നാഷണൽ പോലീസ് അക്കാദമിയുടെ മേധാവി. ഈ സ്ഥാനത്തെത്തുന്ന ആദ്യ വനിത.
- ഇന്ത്യയുടെ ആധുനിക വാർത്താവിനിമയ ഉപഗ്രഹം G-SAT-14 ഭൂസ്ഥിര ഭ്രമണ പഥത്തിലെത്തി.
- ഇന്ത്യയിലെ കുറഞ്ഞ മാതൃമരണനിരക്കിൽ കേരളം ഒന്നാമത്. 2007-2009ൽ ഒരു ലക്ഷത്തിന് 81 എന്നത് ഇപ്പോൾ കുറഞ്ഞ് 66 ആയി.
- സാംസ്കാരിക വകുപ്പിന് കീഴിലുള്ള എ.ആർ. രാജരാജവർമ്മ സ്മാരകത്തിന്റെ പ്രഥമ അവാർഡ് എം.ടി. വാസുദേവൻനായർക്ക്.
- ബംഗ്ലാദേശ് പ്രധാനമന്ത്രിയായി ഷേയ്ക്ക് ഹസീന അധികാരമേറ്റു. മൂന്നാം തവണയാണ് അവർ പ്രധാനമന്ത്രി സ്ഥാനത്തെത്തുന്നത്.
- രാജ്യത്തെ മികച്ച ഫുട്ബോൾ താരമായി സുനിൽ ഛേത്രിയെ തെരഞ്ഞെടുത്തു.
- പരം യുവ - II ഇന്ത്യയിലെ സൂപ്പർ കംപ്യൂട്ടറുകളിൽ ഒന്നാം സ്ഥാനത്ത്. ഏഷ്യ - പസഫിക് റീജിയണിൽ 9-ാം സ്ഥാനവും ലോകത്തിൽ 44-ാം സ്ഥാനവും ഉണ്ട് ഈ കംപ്യൂട്ടറിന്.
- രാജാ രവിവർമ്മ പുരസ്കാരം - ചിത്രകാരൻ കെ.വി. ഹരിദാസന്.
- ഏകദിന ക്രിക്കറ്റിൽ അതിവേഗ സെഞ്ചറി എന്ന നേട്ടം 36 പന്തിൽ നിന്ന് 100 റൺ നേടി കോറി ആന്റേഴ്സൺ സ്വന്തമാക്കി.

# പിന്നിട്ട ലോകം

ജെസ്റ്റോ മാമ്പിള്ളി

- എച്ച്.കെ. ബൻവാല നബാഡിന്റെ പുതിയ ചെയർമാൻ
- മക്കാവു ഓപ്പൺ ബാഡ്മിന്റൺ ഗോൾഡ് സിംഗിൾസ് കിരീടം പി.വി. സിന്ധുവിന്.
- തുടർച്ചയായി 3-ാം വർഷവും ഇൻഡ്യയെ പോളിയോ വിമുക്തരാജ്യമായി പ്രഖ്യാപിച്ചു.
- 2013 ലെ ഓടക്കുഴൽ പുരസ്കാരം കെ.ആർ. മീരയുടെ ആരാച്ചാർ എന്ന നോവലിന് ലഭിച്ചു.
- 360° ടെലിവിഷൻ വികസിപ്പിച്ച മലയാളി ശാസ്ത്രജ്ഞൻ ജയൻ തോമസിന് കരിയർ അവാർഡ്. സെൻട്രൽ ഫ്ളോറിഡ സർവ്വകലാശാലയിൽ അസി. പ്രൊഫസറാണ് അദ്ദേഹം. അവാർഡ് തുക രണ്ടരകോടി.
- വയനാട് പെരുങ്കോടയിൽ നടന്ന രാജ്യാന്തര മൗണ്ടൻ സൈക്കിളിങ്ങിൽ രാജ്യാന്തരവിഭാഗത്തിൽ തായ്‌ലന്റിന്റെ പീറ്ററോൾ ചൗചിയാങ് വാങ്ങും ദേശീയ വിഭാഗത്തിൽ കേരളത്തിന്റെ കെ. ആശിഷും ഒന്നാമതെത്തി.
- ഇന്ത്യൻ വ്യോമസേനയുടെ പുതിയ മേധാവിയായി എയർമാർഷൽ അരൂപ് റാഹ ചുമതലയേറ്റു.
- അരുണ ബഹുഗുണ IPS സർദാർ വല്ലഭായ് പട്ടേൽ നാഷണൽ പോലീസ് അക്കാദമിയുടെ മേധാവി. ഈ സ്ഥാനത്തെത്തുന്ന ആദ്യ വനിത.
- ഇന്ത്യയുടെ ആധുനിക വാർത്താവിനിമയ ഉപഗ്രഹം G-SAT-14 ഭൂസ്ഥിര ഭ്രമണ പഥത്തിലെത്തി.
- ഇന്ത്യയിലെ കുറഞ്ഞ മാതൃമരണനിരക്കിൽ കേരളം ഒന്നാമത്. 2007-2009ൽ ഒരു ലക്ഷത്തിന് 81 എന്നത് ഇപ്പോൾ കുറഞ്ഞ് 66 ആയി.
- സാംസ്കാരിക വകുപ്പിന് കീഴിലുള്ള എ.ആർ. രാജരാജവർമ്മ സ്മാരകത്തിന്റെ പ്രഥമ അവാർഡ് എം.ടി. വാസുദേവൻനായർക്ക്.
- ബംഗ്ലാദേശ് പ്രധാനമന്ത്രിയായി ഷേയ്ക്ക് ഹസീന അധികാരമേറ്റു. മൂന്നാം തവണയാണ് അവർ പ്രധാനമന്ത്രി സ്ഥാനത്തെത്തുന്നത്.
- രാജ്യത്തെ മികച്ച ഫുട്ബോൾ താരമായി സുനിൽ ഛേത്രിയെ തെരഞ്ഞെടുത്തു.
- പരം യുവ - II ഇന്ത്യയിലെ സൂപ്പർ കംപ്യൂട്ടറുകളിൽ ഒന്നാം സ്ഥാനത്ത്. ഏഷ്യ - പസഫിക് റീജിയണിൽ 9-ാം സ്ഥാനവും ലോകത്തിൽ 44-ാം സ്ഥാനവും ഉണ്ട് ഈ കംപ്യൂട്ടറിന്.
- രാജാ രവിവർമ്മ പുരസ്കാരം - ചിത്രകാരൻ കെ.വി. ഹരിദാസന്.
- ഏകദിന ക്രിക്കറ്റിൽ അതിവേഗ സെഞ്ചുറി എന്ന നേട്ടം 36 പന്തിൽ നിന്ന് 100 റൺ നേടി കോറി ആന്റേഴ്സൺ സ്വന്തമാക്കി.

## വിശുദ്ധരുടെ ജീവിതത്തിലൂടെ...

# വി. യൗസേപ്പ് (മാർച്ച് 19)

സി. ഡെൽസ മരിയ FCC, മാപ്രാണം

ദാവീദിന്റെ വംശത്തിൽ യാക്കോബിന്റെ മകനായി വി.യൗസേപ്പ് ജനിച്ചു. ദൈവം തന്റെ പുത്രനായ ഈശോയെ വളർത്താനും കന്യകാമറിയത്തെ സംരക്ഷിക്കാനും ഏൽപ്പിച്ചത് വി. യൗസേപ്പിനെയാണ്. രാജവംശജനായിരുന്നിട്ടും രണ്ട് കൈകളിലും പണിയായുധങ്ങളായ ഉളിയും കൊടുവടിയും കൊണ്ടുനടന്നവൻ.



അപരൻ അർഹിക്കുന്നത് അവന് അളന്നുകൊടുക്കുക എന്നതാണ് ലോക നീതിയെങ്കിൽ, അപരന് അനർഹമായിട്ടുള്ളതുപോലും അളവുകളില്ലാതെ കൊടുക്കുകയെന്ന ദൈവനീതിയെ അവൻ സ്വജീവിതശൈലിയാക്കി. നശ്വരമായ പുരുഷായുസ് പൂർണ്ണമായും, സ്വന്തമല്ലാതിരുന്ന സ്വപ്നങ്ങൾക്കും പൊരുളറിയാത്ത പദ്ധതികൾക്കുമായി പണയപ്പെടുത്തി. ദൈവത്തിന്റെ കിനാവുകളിലും നിനവുകളിലും സ്ഥാനം സുസ്ഥിരമാക്കി. കൈമുതലെന്നു കരുതുവാൻ ഒരു പകൽക്കിനാവുപോലും ഇല്ലായിരുന്നു. കാരണം കണ്ടവയൊന്നുപോലും അവന്റേതായിരുന്നില്ല. പിന്നെയോ മനുഷ്യരക്ഷയെ പ്രതി ദൈവത്തിന്റെ മിഴിവല്ലികളിൽ മൊട്ടിട്ടവയായിരുന്നു. അവയിലൊക്കെ വെറുമൊരു വേഷമിടാൻ വിളിക്കപ്പെട്ടവൻ മാത്രമായിരുന്നു വി.യൗസേപ്പ്. ദൈവത്തിന്റെ തിരുവുള്ളചിറകുകളിൽ തന്റെ തളിർകിനാക്കൾ തൂവലുകളായി തുന്നിച്ചേർത്തുവച്ച് ദൈവത്തിനിഷ്ടമുള്ള ദിക്കുകളിലേക്കും ദേശങ്ങ

## വിശുദ്ധരുടെ ജീവിതത്തിലൂടെ...

# വി. യൗസേപ്പ് (മാർച്ച് 19)

സി. ഡെൽസ മരിയ FCC, മാപ്രാണം

ദാവീദിന്റെ വംശത്തിൽ യാക്കോബിന്റെ മകനായി വി.യൗസേപ്പ് ജനിച്ചു. ദൈവം തന്റെ പുത്രനായ ഈശോയെ വളർത്താനും കന്യകാമറിയത്തെ സംരക്ഷിക്കാനും ഏൽപ്പിച്ചത് വി. യൗസേപ്പിനെയാണ്. രാജവംശജനായിരുന്നിട്ടും രണ്ട് കൈകളിലും പണിയായുധങ്ങളായ ഉളിയും കൊടുവടിയും കൊണ്ടുനടന്നവൻ.



അപരൻ അർഹിക്കുന്നത് അവന് അളന്നുകൊടുക്കുക എന്നതാണ് ലോക നീതിയെങ്കിൽ, അപരന് അനർഹമായിട്ടുള്ളതുപോലും അളവുകളില്ലാതെ കൊടുക്കുകയെന്ന ദൈവനീതിയെ അവൻ സ്വജീവിതശൈലിയാക്കി. നശ്വരമായ പുരുഷായുസ് പൂർണ്ണമായും, സ്വന്തമല്ലാതിരുന്ന സ്വപ്നങ്ങൾക്കും പൊരുളറിയാത്ത പദ്ധതികൾക്കുമായി പണയപ്പെടുത്തി. ദൈവത്തിന്റെ കിനാവുകളിലും നിനവുകളിലും സ്ഥാനം സുസ്ഥിരമാക്കി. കൈമുതലെന്നു കരുതുവാൻ ഒരു പകൽക്കിനാവുപോലും ഇല്ലായിരുന്നു. കാരണം കണ്ടവയൊന്നുപോലും അവന്റേതായിരുന്നില്ല. പിന്നെയോ മനുഷ്യരക്ഷയെ പ്രതി ദൈവത്തിന്റെ മിഴിവല്ലികളിൽ മൊട്ടിട്ടവയായിരുന്നു. അവയിലൊക്കെ വെറുമൊരു വേഷമിടാൻ വിളിക്കപ്പെട്ടവൻ മാത്രമായിരുന്നു വി.യൗസേപ്പ്. ദൈവത്തിന്റെ തിരുവുള്ളചിറകുകളിൽ തന്റെ തളിർകിനാക്കൾ തൂവലുകളായി തുന്നിച്ചേർത്തുവച്ച് ദൈവത്തിനിഷ്ടമുള്ള ദിക്കുകളിലേക്കും ദേശങ്ങ

ളിലേക്കും വഹിച്ചുകൊണ്ടുപോകാൻ വിട്ടുകൊടുത്തവനാണ് വി.യൗസേപ്പ്.

സമയാസമയങ്ങളിൽ ദൈവം ചുരുളഴിച്ചുകൊടുത്ത രക്ഷാകര രഹസ്യങ്ങളുടെ അന്തസ്സാരങ്ങൾ മുഴുവൻ മനസ്സിലാക്കാതെതന്നെ അവയുടെ ദാതാവിന് സ്വയം അടിയറവ് വെച്ചവൻ. അമല മാതാവ് അരുൾ ചെയ്ത ആമ്മേൻ പോലെ തന്നെ മാനവകുലത്തിന്റെ മോചന ചരിത്രത്തിൽ മഹത്തരമായിരുന്നു ആ മരപ്പണിക്കാരന്റെ മൗനസമ്മതവും. സർവ്വശക്തന് സദാ സ്വീകാര്യനായിരുന്ന അവന്റെ അധരങ്ങളിലും ആലോചനകളിലും ദൈവ നിശ്ചയം കുടികൊണ്ടിരുന്നു. കുശവനായ കർത്താവിന്റെ കരവിരുതിൽ കമനീയമായി കടഞ്ഞെടുക്കപ്പെട്ട കളിമൺ കലമായിരുന്നു ആ കരുണാമയൻ വി.യൗസേപ്പ്.

അവസാനമായി അരുമസുതനും അമ്മയ്ക്കും സ്നേഹവും സന്തോഷവു വാത്സല്യവുമെല്ലാം വാരികോരിക്കൊടുത്തു. അവരിരുവരും തന്റേതു മാത്രമല്ലെന്ന് അറിയാമായിരുന്നിട്ടും അന്നവും അഭയവും നൽകി. അവരുടെ സന്തോഷമായിരുന്ന ആ സാധുശീലന്റെ സമ്പാദ്യവും സാഫല്യവും. പ്രാർത്ഥിക്കുവാനും പ്രായത്തിലും ജ്ഞാനത്തിലും വളരുവാനും പുത്രനെ പഠിപ്പിച്ചു. മിഴികൾ മങ്ങാതേയും കൺപോളകൾ കൂമ്പാതെയും നടുവ് നിവർത്താതെയും കുടുംബത്തിനുവേണ്ടി കഠിനവേലകൾ ചെയ്തതിനാൽ ആ ശരീരത്തിന് ആരോഗ്യവും അസ്ഥികൾക്ക് അനായാസതയും ഉണ്ടായിരുന്നു. ദൈവസൂനുവിന്റെ ദിവ്യഗേഹത്തെ പാലിച്ച പാരിലെ പ്രഥമ സക്രാരിയായ കന്യകാമറിയത്തിന്റെ അരികിൽ കത്തിനിന്ന കന്നികെടാവിളക്കായിരുന്നു ആ കളങ്കരഹിതൻ. ഉറുമ്പിനെപ്പോലും നോവിക്കാതെ, കുരുവിയെ പോലും കുറ്റംപറയാതെ, അക്ഷരജ്ഞാനം ഇല്ലെങ്കിലും ആവശ്യത്തിലേറെ അനുഭവജ്ഞാനമായി ആരേയും വഞ്ചിക്കാതെ, ആരേയും വെറുപ്പിക്കാതെ ജീവിച്ചവൻ.

യഥാർത്ഥത്തിൽ വി.യൗസേപ്പ് നീതിമാൻതന്നെ. നമുക്ക് പ്രാർത്ഥിക്കാം :- നസ്രത്തിലെ നീതിയുടെ നിറകുടമെ, നിന്നെപോലെ നീതിനിഷ്ഠരാകാനുള്ള നൽവരം ഞങ്ങൾക്കും പങ്കുവച്ചു നൽകണമെ. സാർവ്വത്രിക സഭയുടെ മദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പിന്റെ തിരുനാൾ മാർച്ച് 19ന് ആഘോഷിക്കുന്നു.

## കഴിഞ്ഞ ലക്കം കളറിംഗ് മത്സര വിജയികൾ

**എൽ.പി.വിഭാഗം**

**റോസ്മോൾ നിക്കോളാസ്**

കുറ്റിക്കാടൻ വീട്,
സെന്റ് മേരീസ് യൂണിറ്റ് I,
ക്ലാസ്സ് II





**യു.പി.വിഭാഗം**

**ആൻമേരി വർഗീസ്**

പടമാടൻ വീട്,
സെന്റ് മേരീസ് യൂണിറ്റ് I,
ക്ലാസ്സ് VII B.

ളിലേക്കും വഹിച്ചുകൊണ്ടുപോകാൻ വിട്ടുകൊടുത്തവനാണ് വി.യൗസേപ്പ്.

സമയാസമയങ്ങളിൽ ദൈവം ചുരുളഴിച്ചുകൊടുത്ത രക്ഷാകര രഹസ്യങ്ങളുടെ അന്തസ്സാരങ്ങൾ മുഴുവൻ മനസ്സിലാക്കാതെതന്നെ അവയുടെ ദാതാവിന് സ്വയം അടിയറവ് വെച്ചവൻ. അമല മാതാവ് അരുൾ ചെയ്ത ആമ്മേൻ പോലെ തന്നെ മാനവകുലത്തിന്റെ മോചന ചരിത്രത്തിൽ മഹത്തരമായിരുന്നു ആ മരപ്പണിക്കാരന്റെ മൗനസമ്മതവും. സർവ്വശക്തന് സദാ സ്വീകാര്യനായിരുന്ന അവന്റെ അധരങ്ങളിലും ആലോചനകളിലും ദൈവനിശ്ചയം കുടികൊണ്ടിരുന്നു. കുശവനായ കർത്താവിന്റെ കരവിരുതിൽ കമനീയമായി കടഞ്ഞെടുക്കപ്പെട്ട കളിമൺ കലമായിരുന്നു ആ കരുണാമയൻ വി.യൗസേപ്പ്.

അവസാനമായി അരുമസുതനും അമ്മയ്ക്കും സ്നേഹവും സന്തോഷവു വാത്സല്യവുമെല്ലാം വാരികോരിക്കൊടുത്തു. അവരിരുവരും തന്റേതു മാത്രമല്ലെന്ന് അറിയാമായിരുന്നിട്ടും അന്നവും അഭയവും നൽകി. അവരുടെ സന്തോഷമായിരുന്ന ആ സാധുശീലന്റെ സമ്പാദ്യവും സാഫല്യവും. പ്രാർത്ഥിക്കുവാനും പ്രായത്തിലും ജ്ഞാനത്തിലും വളരുവാനും പുത്രനെ പഠിപ്പിച്ചു. മിഴികൾ മങ്ങാതേയും കൺപോളകൾ കൂമ്പാതെയും നടുവ് നിവർത്താതെയും കുടുംബത്തിനുവേണ്ടി കഠിനവേലകൾ ചെയ്തതിനാൽ ആ ശരീരത്തിന് ആരോഗ്യവും അസ്ഥികൾക്ക് അനായാസതയും ഉണ്ടായിരുന്നു. ദൈവസൂനുവിന്റെ ദിവ്യഗേഹത്തെ പാലിച്ച പാരിലെ പ്രഥമ സക്രാരിയായ കന്യകാമറിയത്തിന്റെ അരികിൽ കത്തിനിന്ന കന്നികെടാവിളക്കായിരുന്നു ആ കളങ്കരഹിതൻ. ഉറുമ്പിനെപ്പോലും നോവിക്കാതെ, കുരുവിയെ പോലും കുറ്റംപറയാതെ, അക്ഷരജ്ഞാനം ഇല്ലെങ്കിലും ആവശ്യത്തിലേറെ അനുഭവജ്ഞാനമായി ആരേയും വഞ്ചിക്കാതെ, ആരേയും വെറുപ്പിക്കാതെ ജീവിച്ചവൻ.

യഥാർത്ഥത്തിൽ വി.യൗസേപ്പ് നീതിമാൻതന്നെ. നമുക്ക് പ്രാർത്ഥിക്കാം :- നസ്രത്തിലെ നീതിയുടെ നിറകുടമെ, നിന്നെപോലെ നീതിനിഷ്ഠരാകാനുള്ള നൽവരം ഞങ്ങൾക്കും പങ്കുവച്ചു നൽകണമെ. സാർവ്വത്രിക സഭയുടെ മദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പിന്റെ തിരുനാൾ മാർച്ച് 19ന് ആഘോഷിക്കുന്നു.

## കഴിഞ്ഞ ലക്കം കളറിംഗ് മത്സര വിജയികൾ

**എൽ.പി.വിഭാഗം**

**റോസ്മോൾ നിക്കോളാസ്**

കുറ്റിക്കാടൻ വീട്,
സെന്റ് മേരീസ് യൂണിറ്റ് I,
ക്ലാസ്സ് II





**യു.പി.വിഭാഗം**

**ആൻമേരി വർഗീസ്**

പടമാടൻ വീട്,
സെന്റ് മേരീസ് യൂണിറ്റ് I,
ക്ലാസ്സ് VII B.

# എന്തു നല്ലമ്മ... എന്നുടെ അമ്മ

## മംഗളവാർത്താ തിരുനാൾ - മാർച്ച് 25
## ANNUNCIATION

സി. ക്രിസറ്റ് FCC, മാപ്രാണം



ദാവീദിന്റെ ഗോത്രത്തിൽപ്പെട്ട യൊവാക്കീമിന്റെയും അന്നയുടെയും മകൾ മറിയത്തിൽനിന്ന് പരിശുദ്ധത്രിത്വത്തിലെ രണ്ടാമത്തെ ആളായ പുത്രൻ തമ്പുരാൻ മനുഷ്യാവതാരം ചെയ്യുമെന്ന സന്ദേശമാണ് ഈ തിരുനാളിന്റെ അടിസ്ഥാനം. ഗബ്രിയേൽ ദൈവദൂതൻ കന്യകാമറിയത്തെ സമീപിച്ച് അഭിവാദനം ചെയ്തു. "നന്മനിറഞ്ഞവളെ, സ്വസ്തി! സ്ത്രീകളിൽ അനുഗ്രഹീതേ, കർത്താവ് നിന്നോടുകൂടെ". ദൈവദൂതന്റെ വാക്കുകൾ കേട്ട് അവൾ അസ്വസ്ഥയായി. ഈ അഭിവാദനത്തിന്റെ അർത്ഥമെന്തെന്ന് അവൾ ചിന്തിച്ചുകൊണ്ടിരുന്നു. അപ്പോൾ ദൈവദൂതൻ അവളോട് പറഞ്ഞു; 'മറിയമേ ഭയപ്പെടേണ്ട. ദൈവം നിന്നിൽ പ്രസാദിച്ചിരിക്കുന്നു. നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. ആ ശിശുവിന് 'ഈശോ' എന്ന് പേരിടണം. അവിടുന്ന് മഹാനായിരിക്കും. അത്യുന്നതന്റെ പുത്രൻ എന്നു വിളിക്കപ്പെടും. ദൈവമായ കർത്താവ് പിതാവായ ദാവീദിന്റെ സിംഹാസനം അവിടുത്തേയ്ക്ക് നൽകും. യാക്കോബിന്റെ ഗോത്രത്തിൽ അവിടുന്ന് എന്നന്നേയ്ക്കും രാജാവായി വാഴും. അവിടുത്തെ രാജ്യത്തിന് അന്ത്യമുണ്ടാവുകയില്ല'.

അപ്പോൾ മറിയം ദൈവദൂതനോട് ചോദിച്ചു. "ഇതെങ്ങനെ സംഭവിക്കും? ഞാൻ പുരുഷനെ അറിയുന്നില്ലല്ലോ". ദൈവദൂതൻ പ്രതിവചിച്ചു. പരിശുദ്ധാത്മാവ് നിന്റെ മേൽ എഴുന്നെള്ളും. അത്യുന്നതന്റെ ശക്തി നിന്റെ മേൽ പ്രവർത്തിക്കും. തന്നിമിത്തം നിന്നിൽ നിന്നുൽഭവിക്കുന്ന പരിശുദ്ധൻ, ദൈവപുത്രൻ എന്ന് വിളിക്കപ്പെടും. ഇതാ നിന്റെ ചാർച്ചക്കാരിയായ എലിസബത്ത് വാർദ്ധക്യത്തിൽ ഒരു പുത്രനെ ഗർഭം ധരിച്ചിരിക്കുന്നു. വന്ധ്യയെന്ന് അറിയപ്പെട്ടിരുന്ന അവൾക്ക് ഇത് ആറാം മാസമാണ്. ദൈവത്തിന്

# എന്തു നല്ലമ്മ... എന്നുടെ അമ്മ

## മംഗളവാർത്താ തിരുനാൾ - മാർച്ച് 25
## ANNUNCIATION

സി. ക്രിസറ്റ് FCC, മാപ്രാണം



ദാവീദിന്റെ ഗോത്രത്തിൽപ്പെട്ട യൊവാക്കീമിന്റെയും അന്നയുടെയും മകൾ മറിയത്തിൽനിന്ന് പരിശുദ്ധത്രിത്വത്തിലെ രണ്ടാമത്തെ ആളായ പുത്രൻ തമ്പുരാൻ മനുഷ്യാവതാരം ചെയ്യുമെന്ന സന്ദേശമാണ് ഈ തിരുനാളിന്റെ അടിസ്ഥാനം. ഗബ്രിയേൽ ദൈവദൂതൻ കന്യകാമറിയത്തെ സമീപിച്ച് അഭിവാദനം ചെയ്തു. “നന്മനിറഞ്ഞവളെ, സ്വസ്തി! സ്ത്രീകളിൽ അനുഗ്രഹീതേ, കർത്താവ് നിന്നോടുകൂടെ”. ദൈവദൂതന്റെ വാക്കുകൾ കേട്ട് അവൾ അസ്വസ്ഥയായി. ഈ അഭിവാദനത്തിന്റെ അർത്ഥമെന്തെന്ന് അവൾ ചിന്തിച്ചുകൊണ്ടിരുന്നു. അപ്പോൾ ദൈവദൂതൻ അവളോട് പറഞ്ഞു; ‘മറിയമേ ഭയപ്പെടേണ്ട. ദൈവം നിന്നിൽ പ്രസാദിച്ചിരിക്കുന്നു. നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. ആ ശിശുവിന് ‘ഈശോ’ എന്ന് പേരിടണം. അവിടുന്ന് മഹാനായിരിക്കും. അത്യുന്നതന്റെ പുത്രൻ എന്നു വിളിക്കപ്പെടും. ദൈവമായ കർത്താവ് പിതാവായ ദാവീദിന്റെ സിംഹാസനം അവിടുത്തേയ്ക്ക് നൽകും. യാക്കോബിന്റെ ഗോത്രത്തിൽ അവിടുന്ന് എന്നന്നേയ്ക്കും രാജാവായി വാഴും. അവിടുത്തെ രാജ്യത്തിന് അന്ത്യമുണ്ടാവുകയില്ല’.

അപ്പോൾ മറിയം ദൈവദൂതനോട് ചോദിച്ചു. “ഇതെങ്ങനെ സംഭവിക്കും? ഞാൻ പുരുഷനെ അറിയുന്നില്ലല്ലോ”. ദൈവദൂതൻ പ്രതിവചിച്ചു. പരിശുദ്ധാത്മാവ് നിന്റെ മേൽ എഴുന്നെള്ളും. അത്യുന്നതന്റെ ശക്തി നിന്റെ മേൽ പ്രവർത്തിക്കും. തന്നിമിത്തം നിന്നിൽ നിന്നുൽഭവിക്കുന്ന പരിശുദ്ധൻ, ദൈവപുത്രൻ എന്ന് വിളിക്കപ്പെടും. ഇതാ നിന്റെ ചാർച്ചക്കാരിയായ എലിസബത്ത് വാർദ്ധക്യത്തിൽ ഒരു പുത്രനെ ഗർഭം ധരിച്ചിരിക്കുന്നു. വന്ധ്യയെന്ന് അറിയപ്പെട്ടിരുന്ന അവൾക്ക് ഇത് ആറാം മാസമാണ്. ദൈവത്തിന്

ഒന്നും അസാധ്യമല്ലല്ലോ.

ഉടനെ മറിയം പ്രതിവചിച്ചു. "ഇതാ കർത്താവിന്റെ ദാസി. അങ്ങ് പറഞ്ഞതുപോലെ എന്നിൽ സംഭവിക്കട്ടെ".

അത്യുന്നതമായ ദൈവമാതൃസ്ഥാനം അഗാധമായ എളിമയോടെ മറിയം സ്വന്തമാക്കിയ സ്വർഗ്ഗീയ നിമിഷങ്ങൾ..... സന്തോഷത്തിലും സങ്കടങ്ങളിലും ദൈവതിരുമനസ്സിന് കീഴ്വഴങ്ങാൻ പരിശുദ്ധ അമ്മ നമ്മെ സഹായിക്കട്ടെ.

NB: പ്രിയ സഹോദരങ്ങളെ, മാർച്ച് 25-ാം തിയ്യതി പാതിരാത്രിയിൽ (മാർച്ച് 24-ാം തിയ്യതിയുടെ അവസാന നിമിഷങ്ങളും 25-ാം തിയ്യതിയിലെ ആദ്യ നിമിഷങ്ങളും കൂടിച്ചേരുകയും സ്വർഗ്ഗം തുറക്കപ്പെടുകയും ചെയ്യുന്ന നിമിഷങ്ങൾ) ദൈവപ്രീതിക്ക് പാത്രീഭൂതയായ പരിശുദ്ധ അമ്മയെ പോലെ ദൈവപ്രീതിയ്ക്ക് അർഹരായി, ദൈവം പ്രസാദിക്കുവാൻ, പാതിരാത്രിയിൽ ഉണർവ്വോടെ ആയിരുന്ന് ഒരു ജപമാല ചൊല്ലി മൂന്ന് പ്രത്യേക കാര്യങ്ങൾക്കായ് പ്രാർത്ഥിക്കുക. ദൈവം നിന്നിൽ പ്രസാദിച്ചിരിക്കുന്നു എന്ന മംഗളസന്ദേശം കേൾക്കുക. എല്ലാവർക്കും മംഗളവാർത്ത തിരുനാളിന്റെ ആശംസകൾ! പ്രാർത്ഥനകൾ!

**എന്തു നല്ലമ്മ..... എന്നുടെ അമ്മ**
**എനിക്കും ഈശോയ്ക്കും ഒരേ അമ്മ... ഒരേ ഒരമ്മ.**

---

ഹോളിവോയ്സിലെ രചനകളെ കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങൾ എഴുതുക. യോഗ്യമായവ സ്ഥല ലഭ്യത അനുസരിച്ച് പ്രസിദ്ധീകരിക്കുന്നതാണ്.
എഡിറ്റർ

# അഭിപ്രായങ്ങൾ....

'ഹോളിവോയ്സ്' ഫെബ്രുവരി ലക്കത്തിൽ ചേർത്ത 'പുൽനാമ്പിൻ സ്പന്ദനം' എന്ന കവിത വളരെ നന്നായി തോന്നി. മനുഷ്യജീവിതത്തിൽ കാണുകയും കേൾക്കുകയും അനുഭവിക്കുകയും ചെയ്യുന്ന, എന്നാൽ നാം എല്ലാവരും സൗകര്യപൂർവ്വം മറന്നുകളയുകയും ചെയ്യുന്ന ഒരു നിത്യസത്യം ഇവിടെ വരച്ചു കാണിക്കാൻ തുനിയുന്ന കവിതാകാരന് അഭിനന്ദനം! തുടർന്നും എഴുതാനുള്ള ആശംസകളും ഒപ്പം നേരുന്നു.

പിന്നെ രചനയിൽ ഇനിയും ശ്രദ്ധിക്കണം എന്നു തോന്നി. തലക്കെട്ടുതന്നെ എന്റെ അഭിപ്രായത്തിൽ മുഴുവനും യോജിച്ചതായില്ല. ആശയത്തിനും അവതരണത്തിനും യോജിച്ച രീതിയിൽ പദങ്ങൾ തിരഞ്ഞെടുക്കാൻ നന്നേ ശ്രദ്ധിക്കണം. ഉള്ളാൽ ഉണരുന്ന ഭാവന പദങ്ങളുടെ അനുചിത പ്രയോഗങ്ങളിൽ മങ്ങി പോയേക്കാം. ഞാൻ വലിയ കവിയോ എഴുത്തുകാരനോ അല്ലെങ്കിലും കുറേ വായനാശീലം ഉണ്ടായതുകൊണ്ട് തോന്നിയതാണ്. എന്തായാലും ശ്രീ. ജോൺ അല്പം ഒന്ന് ശ്രദ്ധിക്കുകയും തുടർ പരിശ്രമം നടത്തുകയും ചെയ്താൽ നല്ലൊരു ഭാവി പ്രതീഷിക്കാം. ശുഭാശംസകൾ!

**- പോളി അറയ്ക്കൽ, മാപ്രാണം**

ഒന്നും അസാധ്യമല്ലല്ലോ.

ഉടനെ മറിയം പ്രതിവചിച്ചു. "ഇതാ കർത്താവിന്റെ ദാസി. അങ്ങ് പറഞ്ഞതുപോലെ എന്നിൽ സംഭവിക്കട്ടെ".

അത്യുന്നതമായ ദൈവമാതൃസ്ഥാനം അഗാധമായ എളിമയോടെ മറിയം സ്വന്തമാക്കിയ സ്വർഗ്ഗീയ നിമിഷങ്ങൾ..... സന്തോഷത്തിലും സങ്കടങ്ങളിലും ദൈവതിരുമനസ്സിന് കീഴ്വഴങ്ങാൻ പരിശുദ്ധ അമ്മ നമ്മെ സഹായിക്കട്ടെ.

NB: പ്രിയ സഹോദരങ്ങളെ, മാർച്ച് 25-ാം തിയ്യതി പാതിരാത്രിയിൽ (മാർച്ച് 24-ാം തിയ്യതിയുടെ അവസാന നിമിഷങ്ങളും 25-ാം തിയ്യതിയിലെ ആദ്യ നിമിഷങ്ങളും കൂടിച്ചേരുകയും സ്വർഗ്ഗം തുറക്കപ്പെടുകയും ചെയ്യുന്ന നിമിഷങ്ങൾ) ദൈവപ്രീതിക്ക് പാത്രീഭൂതയായ പരിശുദ്ധ അമ്മയെ പോലെ ദൈവപ്രീതിയ്ക്ക് അർഹരായി, ദൈവം പ്രസാദിക്കുവാൻ, പാതിരാത്രിയിൽ ഉണർവ്വോടെ ആയിരുന്ന് ഒരു ജപമാല ചൊല്ലി മൂന്ന് പ്രത്യേക കാര്യങ്ങൾക്കായ് പ്രാർത്ഥിക്കുക. ദൈവം നിന്നിൽ പ്രസാദിച്ചിരിക്കുന്നു എന്ന മംഗളസന്ദേശം കേൾക്കുക. എല്ലാവർക്കും മംഗളവാർത്ത തിരുനാളിന്റെ ആശംസകൾ! പ്രാർത്ഥനകൾ!

**എന്തു നല്ലമ്മ..... എന്നുടെ അമ്മ**
**എനിക്കും ഈശോയ്ക്കും ഒരേ അമ്മ... ഒരേ ഒരമ്മ.**

---

# അഭിപ്രായങ്ങൾ....

ഹോളിവോയ്സിലെ രചനകളെ കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങൾ എഴുതുക. യോഗ്യമായവ സ്ഥല ലഭ്യത അനുസരിച്ച് പ്രസിദ്ധീകരിക്കുന്നതാണ്.
എഡിറ്റർ

'ഹോളിവോയ്സ്' ഫെബ്രുവരി ലക്കത്തിൽ ചേർത്ത 'പുൽനാമ്പിൻ സ്പന്ദനം' എന്ന കവിത വളരെ നന്നായി തോന്നി. മനുഷ്യജീവിതത്തിൽ കാണുകയും കേൾക്കുകയും അനുഭവിക്കുകയും ചെയ്യുന്ന, എന്നാൽ നാം എല്ലാവരും സൗകര്യപൂർവ്വം മറന്നുകളയുകയും ചെയ്യുന്ന ഒരു നിത്യസത്യം ഇവിടെ വരച്ചു കാണിക്കാൻ തുനിയുന്ന കവിതാകാരന് അഭിനന്ദനം! തുടർന്നും എഴുതാനുള്ള ആശംസകളും ഒപ്പം നേരുന്നു.

പിന്നെ രചനയിൽ ഇനിയും ശ്രദ്ധിക്കണം എന്നു തോന്നി. തലക്കെട്ടുതന്നെ എന്റെ അഭിപ്രായത്തിൽ മുഴുവനും യോജിച്ചതായില്ല. ആശയത്തിനും അവതരണത്തിനും യോജിച്ച രീതിയിൽ പദങ്ങൾ തിരഞ്ഞെടുക്കാൻ നന്നേ ശ്രദ്ധിക്കണം. ഉള്ളാൽ ഉണരുന്ന ഭാവന പദങ്ങളുടെ അനുചിത പ്രയോഗങ്ങളിൽ മങ്ങി പോയേക്കാം. ഞാൻ വലിയ കവിയോ എഴുത്തുകാരനോ അല്ലെങ്കിലും കുറേ വായനാശീലം ഉണ്ടായതുകൊണ്ട് തോന്നിയതാണ്. എന്തായാലും ശ്രീ. ജോൺ അല്പം ഒന്ന് ശ്രദ്ധിക്കുകയും തുടർ പരിശ്രമം നടത്തുകയും ചെയ്താൽ നല്ലൊരു ഭാവി പ്രതീക്ഷിക്കാം. ശുഭാശംസകൾ!

**- പോളി അറയ്ക്കൽ, മാപ്രാണം**

# ഉണർവ്വിന്റെ ഉത്ഥാനകാലം

**പോളി അറയ്ക്കൽ, മാപ്രാണം**

- യേശു യോഹന്നാനിൽ നിന്ന് സ്നാനം സ്വീകരിക്കുവാൻ ഗലീലിയിൽ നിന്നും ജോർദ്ദാനിൽ അവന്റെ അടുത്തേക്കു വന്നു. 'ഞാൻ നിന്നിൽ നിന്ന് സ്നാനം സ്വീകരിക്കേണ്ടിയിരിക്കേ നീ എന്റെ അടുത്തേക്കു വരുന്നുവോ' എന്നു ചോദിച്ചു കൊണ്ട് യോഹന്നാൻ അവനെ തടഞ്ഞു. എന്നാൽ യേശു പറഞ്ഞു : "ഇപ്പോൾ ഇത് സമ്മതിക്കുക. അങ്ങനെ സർവ്വ നീതിയും പൂർത്തിയാക്കുക നമുക്ക് ഉചിതമാണ്". അവൻ സമ്മതിച്ചു. സ്നാനം കഴിഞ്ഞയുടൻ യേശു വെള്ളത്തിൽ നിന്നു കയറി. അപ്പോൾ സ്വർഗ്ഗം തുറക്കപ്പെട്ടു. ദൈവാത്മാവ് പ്രാവിന്റെ രൂപത്തിൽ തന്റെ മേൽ ഇറങ്ങി വരുന്നത് അവൻ കണ്ടു. "ഇവൻ എന്റെ പ്രിയപുത്രൻ ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു". എന്നൊരു സ്വരം സ്വർഗ്ഗത്തിൽ നിന്ന് കേട്ടു. (മത്തായി 3:13-17)

യേശുവിന്റെ സുവിശേഷ പ്രഘോഷണ ദൗത്യത്തിന്റെ പ്രാരംഭമാണ് മുകളിൽ നാം വായിച്ചത്. പാപികളായവരുടെ ആത്മ-ശരീര വിശുദ്ധീകരണത്തിനും പാപവിമോചനം പ്രാപിക്കുന്നതിനുമായി നടത്തിവന്നിരുന്ന സ്നാനം, പരിശുദ്ധരിൽ പരമ പരിശുദ്ധനായ ദൈവസുതൻ സ്വീകരിക്കുകവഴി നവമായൊരു ജീവിതക്രമത്തിന്റെയും തികച്ചും ക്രൈസ്തവികമായ ദൈവ ചൈതന്യത്തിന്റെയും ജീവദായകമായ പുതിയൊരു ശൈലി ലോകത്തിനു പ്രദാനം ചെയ്യുന്നു. നന്മയായതെന്തും സ്വജീവിതത്തിൽ സ്വീകരിച്ച് മറ്റുള്ളവരിലേക്കു പകർന്നു നൽകുന്ന സ്വയം വിശുദ്ധീകരണത്തിന്റെ സ്നേഹോദാത്തമായ മാതൃക. അന്തരാത്മാവിലേക്കു മിഴിയും മനസ്സും ചേർത്തുവച്ച് ഒരു നിമിഷം ശ്രദ്ധിക്കുന്നുവെങ്കിൽ നമ്മുടെയുള്ളിലും വി. സ്നാപകന്റെ ആ ചോദ്യം മുഴങ്ങിയുയരുന്നത് നമുക്ക് കേൾക്കാനാവും. "നിങ്ങൾ എന്നിൽ നിന്നും സ്നാനം സ്വീകരിക്കേണ്ടിയിരിക്കേ..." വി. സ്നാപകന്റെ ചോദ്യത്തിന് യേശു നൽകുന്ന മറുപടി നോമ്പുകാലത്തിന്റേതായ വലിയൊരു സന്ദേശമാണ്. മുൻപു പറഞ്ഞതുപോലെ, അനുതാപത്തിന്റെ, പാപപരിഹാരാർത്ഥമുള്ള സഹനജീവിതത്തിന്റെ, പ്രാർത്ഥനയുടെ, പാപവിമോചനത്തിന്റെയൊക്കെ സ്നാനം ദൈവം തമ്പുരാൻ സ്വീകരിച്ചത്, തുടർന്ന് വരുന്ന ഇടർച്ചകളുടെ, വ്യാജ കുറ്റാരോപണങ്ങളുടെ, പീഡാസഹനങ്ങളുടെ, ദാരുണമായ കുരിശുമരണത്തിന്റെ, പിന്നെ ഏതൊരു സഹനകാലത്തിനുമൊടുവിൽ അത്യന്തം മഹിമയാർന്ന പുനരുത്ഥാന സൗഭാഗ്യവും നിത്യാനന്ദ പ്രാപ്തിയും പാപികളും ഭീതിതരും ചഞ്ചലചിത്തരുമായ നമ്മെ കാത്തിരുപ്പുണ്ട് എന്ന സനാതനമായ സത്യം നമ്മെ ബോദ്ധ്യപ്പെടുത്തുന്ന സത്യ സന്ദേശം.

പ്രലോഭനങ്ങളുടെ പരീക്ഷണകാലമാണ് നമുക്ക് ഈ ലോകത്തിലെ ജീവിതം. ദുഷ്ടരെന്നോ ശിഷ്ടരെന്നോ വ്യത്യാസം കൂടാതെ എല്ലാവരേയും

# ഉണർവ്വിന്റെ ഉത്ഥാനകാലം

**പോളി അറയ്ക്കൽ, മാപ്രാണം**

- യേശു യോഹന്നാനിൽ നിന്ന് സ്നാനം സ്വീകരിക്കുവാൻ ഗലീലിയിൽ നിന്നും ജോർദ്ദാനിൽ അവന്റെ അടുത്തേക്കു വന്നു. 'ഞാൻ നിന്നിൽ നിന്ന് സ്നാനം സ്വീകരിക്കേണ്ടിയിരിക്കേ നീ എന്റെ അടുത്തേക്കു വരുന്നുവോ' എന്നു ചോദിച്ചു കൊണ്ട് യോഹന്നാൻ അവനെ തടഞ്ഞു. എന്നാൽ യേശു പറഞ്ഞു : "ഇപ്പോൾ ഇത് സമ്മതിക്കുക. അങ്ങനെ സർവ്വ നീതിയും പൂർത്തിയാക്കുക നമുക്ക് ഉചിതമാണ്". അവൻ സമ്മതിച്ചു. സ്നാനം കഴിഞ്ഞയുടൻ യേശു വെള്ളത്തിൽ നിന്നു കയറി. അപ്പോൾ സ്വർഗ്ഗം തുറക്കപ്പെട്ടു. ദൈവാത്മാവ് പ്രാവിന്റെ രൂപത്തിൽ തന്റെ മേൽ ഇറങ്ങി വരുന്നത് അവൻ കണ്ടു. "ഇവൻ എന്റെ പ്രിയപുത്രൻ ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു". എന്നൊരു സ്വരം സ്വർഗ്ഗത്തിൽ നിന്ന് കേട്ടു. (മത്തായി 3:13-17)

യേശുവിന്റെ സുവിശേഷ പ്രഘോഷണ ദൗത്യത്തിന്റെ പ്രാരംഭമാണ് മുകളിൽ നാം വായിച്ചത്. പാപികളായവരുടെ ആത്മ-ശരീര വിശുദ്ധീകരണത്തിനും പാപവിമോചനം പ്രാപിക്കുന്നതിനുമായി നടത്തിവന്നിരുന്ന സ്നാനം, പരിശുദ്ധരിൽ പരമ പരിശുദ്ധനായ ദൈവസുതൻ സ്വീകരിക്കുകവഴി നവമായൊരു ജീവിതക്രമത്തിന്റെയും തികച്ചും ക്രൈസ്തവികമായ ദൈവ ചൈതന്യത്തിന്റെയും ജീവദായകമായ പുതിയൊരു ശൈലി ലോകത്തിനു പ്രദാനം ചെയ്യുന്നു. നന്മയായതെന്തും സ്വജീവിതത്തിൽ സ്വീകരിച്ച് മറ്റുള്ളവരിലേക്കു പകർന്നു നൽകുന്ന സ്വയം വിശുദ്ധീകരണത്തിന്റെ സ്നേഹോദാത്തമായ മാതൃക. അന്തരാത്മാവിലേക്കു മിഴിയും മനസ്സും ചേർത്തുവച്ച് ഒരു നിമിഷം ശ്രദ്ധിക്കുന്നുവെങ്കിൽ നമ്മുടെയുള്ളിലും വി. സ്നാപകന്റെ ആ ചോദ്യം മുഴങ്ങിയുയരുന്നത് നമുക്ക് കേൾക്കാനാവും. "നിങ്ങൾ എന്നിൽ നിന്നും സ്നാനം സ്വീകരിക്കേണ്ടിയിരിക്കേ..." വി. സ്നാപകന്റെ ചോദ്യത്തിന് യേശു നൽകുന്ന മറുപടി നോമ്പുകാലത്തിന്റേതായ വലിയൊരു സന്ദേശമാണ്. മുൻപു പറഞ്ഞതുപോലെ, അനുതാപത്തിന്റെ, പാപപരിഹാരാർത്ഥമുള്ള സഹനജീവിതത്തിന്റെ, പ്രാർത്ഥനയുടെ, പാപവിമോചനത്തിന്റെയൊക്കെ സ്നാനം ദൈവം തമ്പുരാൻ സ്വീകരിച്ചത്, തുടർന്ന് വരുന്ന ഇടർച്ചകളുടെ, വ്യാജ കുറ്റാരോപണങ്ങളുടെ, പീഡാസഹനങ്ങളുടെ, ദാരുണമായ കുരിശുമരണത്തിന്റെ, പിന്നെ ഏതൊരു സഹനകാലത്തിനുമൊടുവിൽ അത്യന്തം മഹിമയാർന്ന പുനരുത്ഥാന സൗഭാഗ്യവും നിത്യാനന്ദ പ്രാപ്തിയും പാപികളും ഭീതിതരും ചഞ്ചലചിത്തരുമായ നമ്മെ കാത്തിരുപ്പുണ്ട് എന്ന സനാതനമായ സത്യം നമ്മെ ബോദ്ധ്യപ്പെടുത്തുന്ന സത്യ സന്ദേശം.

പ്രലോഭനങ്ങളുടെ പരീക്ഷണകാലമാണ് നമുക്ക് ഈ ലോകത്തിലെ ജീവിതം. ദുഷ്ടരെന്നോ ശിഷ്ടരെന്നോ വ്യത്യാസം കൂടാതെ എല്ലാവരേയും

അവ ഞെരുക്കി കളയുന്നു. പ്രത്യേകിച്ചും ജീവിത ക്ലേശങ്ങളും ദുഃഖദുരിതങ്ങളും രോഗങ്ങളും വിവിധങ്ങളായ മാനസിക അസ്വസ്ഥതകളും ഒന്നിനു പിറകെ ഒന്നായി പിൻതുടർന്ന് ശല്യപ്പെടുത്തുമ്പോൾ ഇനിയെന്ത് എന്ന വലിയ ചോദ്യത്തിനുമുമ്പിൽ നാം നിശ്ചേതനരായി പോകുന്ന കടുത്ത അനുഭവങ്ങളും ജീവിതത്തിൽ സാധാരണം. മുന്നോട്ടുള്ള വഴിയും എത്തിച്ചേരേണ്ട ലക്ഷ്യവും കാണാനാവാതെ ദുർബലരായി തീരുന്ന ഇത്തരം അവസരങ്ങളിലാണ് പരീക്ഷണങ്ങളും പ്രലോഭനങ്ങളും മോഹിച്ചുപോകുന്ന ഭൗതിക സുഖഭോഗങ്ങളുടെ ആകർഷണങ്ങളും ശക്തമാവുക. ദുർബലതകളിൽ കയറി ആക്രമിക്കുക എന്ന സാത്താന്റെ പ്രായോഗികമായ ആദ്യത്തെ അടവ്. വീഴാനിരുന്നവനൊരു തള്ള് എന്ന അതിസാധാരണമായ വഴി. എത്രകണ്ട് പ്രാർത്ഥനയിലും വചനാഭിമുഖമായ ജീവിതത്തിലും വ്യാപരിക്കുന്നവരായാലും നാമെപ്പോഴും കാലിടറിപോകുന്ന പ്രകൃതക്കാരാണ്. മനുഷ്യജന്മത്തിന്റെ സ്ഥായിയായ വീഴ്ചയും അതുതന്നെ. ഹവ്വ വച്ചുനീട്ടിയ പ്രലോഭിപ്പിക്കുന്ന മോഹത്തിന്റെ തേൻകനി ഭക്ഷിക്കണോ വേണ്ടയോ എന്ന് ക്ഷണനേരത്തേക്കെങ്കിലും ആദിമാനവനായ ആദത്തിനുണ്ടായ ശങ്കയുടെ തലമുറകൾതോറും തുടർന്നുവരുന്ന അനുഭവം!

ജോർദ്ദാനിലെ സ്നാനത്തിനുശേഷം മരുഭൂമിയിലേക്ക് പോയ (ലോകത്തിന്റെ പ്രതീകമാണ് മരുഭൂമി) യേശു നാൽപത് ദിനരാത്രങ്ങളാണ് കഠിന തപസിലും പരിപൂർണ്ണ ഉപവാസത്തിലും ചിലവഴിച്ചതെന്ന് നാം വായിക്കുന്നു. (മത്തായി 4:1-11) സാധാരണയായി മനുഷ്യൻ വിശപ്പിനാലും ദാഹത്താലും തളർന്ന് പോകുന്ന ഈ സന്ദർഭമാണ് പിശാച് തന്റെ പ്രലോഭന-പരീക്ഷണങ്ങൾക്ക് ഉപയോഗിക്കുന്നത്. എന്തിനേയും ഭക്ഷണമാക്കാൻ അഥവാ സ്വഹിതത്തിനനുസൃതമായി സൃഷ്ടിക്കാനോ രൂപപ്പെടുത്താനോ കഴിയുന്ന ദൈവമായ യേശുവിന്റെ ദൈവത്വത്തിനു നേരെ ഉയർന്ന പരോക്ഷമായ വെല്ലുവിളിയായിരുന്നു അത്. ലളിതമായി യേശു അതിനു നൽകുന്ന മറുപടി നമുക്കും ബാധകമാകുന്ന വിധത്തിലാണ്. മനുഷ്യ ജീവൻ അപ്പംകൊണ്ടു മാത്രമല്ല ജീവദായകഭോജ്യമായ ദൈവത്തിന്റെ വചനം കൊണ്ടു കൂടിയാണ് എന്നാണ്. രണ്ടാമത്തെ പ്രലോഭനത്തിനുള്ള മറുപടി ദൈവം കേവലമൊരു പരീക്ഷണവസ്തുവല്ലെന്നുകൂടി ഓർത്തിരിക്കാനാണ്. മൂന്നാമത്തേത് ലൗകികമായ എല്ലാ മോഹങ്ങളും അവയുടെ മഹത്വവും വാഗ്ദാനം ചെയ്തും അതിനായി സാത്താനെ ദൈവമായി ആരാധിക്കാൻ ആവശ്യപ്പെട്ടുമായിരുന്നു. "കർത്താവാണ് നിന്റേയും ദൈവമെന്നും അവനെ മാത്രമേ ആരാധിക്കാവൂ" എന്ന വിശ്വാസ പ്രഖ്യാപനമായിരുന്നു മറുപടി. യേശു മനുഷ്യാവതാരം എടുത്ത ദൈവസുതനാണെന്നും തന്റെകൂടി ദൈവമാണെന്നും അറിയാഞ്ഞിട്ടല്ല അവൻ പരീക്ഷണങ്ങൾക്കും പ്രലോഭനങ്ങൾക്കും മുതിർന്നത്. എന്തും സത്യവിരുദ്ധമായേ പ്രവർത്തിക്കൂ എന്ന സ്വഭാവം മൂലമാണ്. ആരുടേയും ക്ഷമയും സഹിഷ്ണുതാപ്രകൃതിയും സദാ പരീക്ഷണ വിധേയമാക്കി നശിപ്പിക്കുക എന്ന സഹജസ്വഭാവം! ഇത്തരം ഒരു സന്ദർഭം സൃഷ്ടിക്കുക വഴി മനുഷ്യന് ദൈവം നൽകുന്ന പാഠം ജീവിതം തികച്ചും വചനാധിഷ്ഠിതമാക്കി

അവ ഞെരുക്കി കളയുന്നു. പ്രത്യേകിച്ചും ജീവിത ക്ലേശങ്ങളും ദു:ഖദുരിതങ്ങളും രോഗങ്ങളും വിവിധങ്ങളായ മാനസിക അസ്വസ്ഥതകളും ഒന്നിനു പിറകെ ഒന്നായി പിൻതുടർന്ന് ശല്യപ്പെടുത്തുമ്പോൾ ഇനിയെന്ത് എന്ന വലിയ ചോദ്യത്തിനുമുമ്പിൽ നാം നിശ്ചേതനരായി പോകുന്ന കടുത്ത അനുഭവങ്ങളും ജീവിതത്തിൽ സാധാരണം. മുന്നോട്ടുള്ള വഴിയും എത്തിച്ചേരേണ്ട ലക്ഷ്യവും കാണാനാവാതെ ദുർബലരായി തീരുന്ന ഇത്തരം അവസരങ്ങളിലാണ് പരീക്ഷണങ്ങളും പ്രലോഭനങ്ങളും മോഹിച്ചുപോകുന്ന ഭൗതിക സുഖഭോഗങ്ങളുടെ ആകർഷണങ്ങളും ശക്തമാവുക. ദുർബലതകളിൽ കയറി ആക്രമിക്കുക എന്ന സാത്താന്റെ പ്രായോഗികമായ ആദ്യത്തെ അടവ്. വീഴാനിരുന്നവനൊരു തള്ള് എന്ന അതിസാധാരണമായ വഴി. എത്രകണ്ട് പ്രാർത്ഥനയിലും വചനാഭിമുഖമായ ജീവിതത്തിലും വ്യാപരിക്കുന്നവരായാലും നാമെപ്പോഴും കാലിടറിപോകുന്ന പ്രകൃതക്കാരാണ്. മനുഷ്യജന്മത്തിന്റെ സ്ഥായിയായ വീഴ്ചയും അതുതന്നെ. ഹവ്വ വച്ചുനീട്ടിയ പ്രലോഭിപ്പിക്കുന്ന മോഹത്തിന്റെ തേൻകനി ഭക്ഷിക്കണോ വേണ്ടയോ എന്ന് ക്ഷണനേരത്തേക്കെങ്കിലും ആദിമാനവനായ ആദത്തിനുണ്ടായ ശങ്കയുടെ തലമുറകൾതോറും തുടർന്നുവരുന്ന അനുഭവം!

ജോർദ്ദാനിലെ സ്നാനത്തിനുശേഷം മരുഭൂമിയിലേക്ക് പോയ (ലോകത്തിന്റെ പ്രതീകമാണ് മരുഭൂമി) യേശു നാൽപത് ദിനരാത്രങ്ങളാണ് കഠിന തപസിലും പരിപൂർണ്ണ ഉപവാസത്തിലും ചിലവഴിച്ചതെന്ന് നാം വായിക്കുന്നു. (മത്തായി 4:1-11) സാധാരണയായി മനുഷ്യൻ വിശപ്പിനാലും ദാഹത്താലും തളർന്ന് പോകുന്ന ഈ സന്ദർഭമാണ് പിശാച് തന്റെ പ്രലോഭന-പരീക്ഷണങ്ങൾക്ക് ഉപയോഗിക്കുന്നത്. എന്തിനേയും ഭക്ഷണമാക്കാൻ അഥവാ സ്വഹിതത്തിനനുസൃതമായി സൃഷ്ടിക്കാനോ രൂപപ്പെടുത്താനോ കഴിയുന്ന ദൈവമായ യേശുവിന്റെ ദൈവത്വത്തിനു നേരെ ഉയർന്ന പരോക്ഷമായ വെല്ലുവിളിയായിരുന്നു അത്. ലളിതമായി യേശു അതിനു നൽകുന്ന മറുപടി നമുക്കും ബാധകമാകുന്ന വിധത്തിലാണ്. മനുഷ്യ ജീവൻ അപ്പംകൊണ്ടു മാത്രമല്ല ജീവദായകഭോജ്യമായ ദൈവത്തിന്റെ വചനം കൊണ്ടു കൂടിയാണ് എന്നാണ്. രണ്ടാമത്തെ പ്രലോഭനത്തിനുള്ള മറുപടി ദൈവം കേവലമൊരു പരീക്ഷണവസ്തുവല്ലെന്നുകൂടി ഓർത്തിരിക്കാനാണ്. മൂന്നാമത്തേത് ലൗകികമായ എല്ലാ മോഹങ്ങളും അവയുടെ മഹത്വവും വാഗ്ദാനം ചെയ്തും അതിനായി സാത്താനെ ദൈവമായി ആരാധിക്കാൻ ആവശ്യപ്പെട്ടുമായിരുന്നു. "കർത്താവാണ് നിന്റേയും ദൈവമെന്നും അവനെ മാത്രമേ ആരാധിക്കാവൂ" എന്ന വിശ്വാസ പ്രഖ്യാപനമായിരുന്നു മറുപടി. യേശു മനുഷ്യാവതാരം എടുത്ത ദൈവസുതനാണെന്നും തന്റെകൂടി ദൈവമാണെന്നും അറിയാഞ്ഞിട്ടല്ല അവൻ പരീക്ഷണങ്ങൾക്കും പ്രലോഭനങ്ങൾക്കും മുതിർന്നത്. എന്തും സത്യവിരുദ്ധമായേ പ്രവർത്തിക്കൂ എന്ന സ്വഭാവം മൂലമാണ്. ആരുടേയും ക്ഷമയും സഹിഷ്ണുതാപ്രകൃതിയും സദാ പരീക്ഷണ വിധേയമാക്കി നശിപ്പിക്കുക എന്ന സഹജസ്വഭാവം! ഇത്തരം ഒരു സന്ദർഭം സൃഷ്ടിക്കുക വഴി മനുഷ്യന് ദൈവം നൽകുന്ന പാഠം ജീവിതം തികച്ചും വചനാധിഷ്ഠിതമാക്കി

തീർക്കാൻ ശ്രമിക്കണം എന്നതാണ്. സകലതും സ്വന്തം വരുതിയിലാക്കാൻ ദൈവഹിതം പോലും കാറ്റിൽ പറത്തി അധികാരത്തോടുള്ള അഹങ്കാരം നിറഞ്ഞ ആർത്തിയിൽ മലർപൊടിക്കാരന്റെ സ്വപ്നം പോലെ മുമ്പും പിമ്പും മറക്കുന്ന മനുഷ്യപ്രകൃതിക്ക് തമ്പുരാൻ നൽകുന്ന മുന്നറിയിപ്പും താക്കീതുമായാണ് ഇതു കാണേണ്ടത്.

പഴയനിയമത്തിൽ ദൈവകോപത്തിൽ നിന്നും രക്ഷ തേടിയും ചെയ്തുപോയ അകൃത്യങ്ങളുടെ പരിഹാരത്തിനുമായി ഇസ്രായേൽ ജനം ചാക്കുടുത്ത് ചാരംപൂശിയും ചാരത്തിലിരുന്ന് വിലപിച്ചും ജലപാനം പോലും വെടിഞ്ഞ ഉപവാസം അനുഷ്ടിച്ചും പ്രാർത്ഥനയും പശ്ചാത്താപവുമായി കഴിഞ്ഞിരുന്നതും അതുകൊണ്ടുതന്നെ. ദൈവം പലപ്പോഴും കരുണയാർന്ന് ക്ഷമിച്ചിരുന്നതും നമുക്ക് വായിക്കാനാവും. മറ്റുള്ളവരോട് അനീതിയായി പെരുമാറിയും സ്വന്തം ശേഷിയും ശേമുഷിയും കൊണ്ട് വളർത്തിവലുതാക്കി മക്കളെ ഇന്നത്തെ നിലയിലെത്തിച്ച്, വൃദ്ധരും ആൾബലമില്ലാത്തവരുമായി പോയ മാതാപിതാക്കളെ നിരന്തരം വിഷമിപ്പിക്കുകയും പുറംതള്ളുകയും ചെയ്ത് സ്വയം മറക്കുന്ന ഇന്നത്തെ ലോകത്തിനും എല്ലാം ഓർക്കാനും പശ്ചാത്താപത്തോടെ പരിഹാരം ചെയ്യാനും ലഭിക്കുന്ന നല്ലൊരവസരം കൂടിയാണ് ഈ നോമ്പുകാലം. ഒരു കാര്യം സുനിശ്ചിതമാണ്. ഈ ഭൂമിയിൽ സ്വന്തം കടമകളും ഉത്തരവാദിത്വങ്ങളും ഓർക്കാത്തവരെ ആ സ്വർഗ്ഗം പോലും മറന്നുകളയും. വിശുദ്ധഗ്രന്ഥത്തിൽ വിവരിക്കുന്ന ധനവാന്റേയും അവന്റെ പടിവാതിക്കൽ കിടന്നിരുന്ന ദരിദ്രനും രോഗിയുമായിരുന്ന ലാസറിന്റേയും ഉപമ ഉദാഹരണം. (ലൂക്കാ 16:19-31)

ഈ നോമ്പുകാലത്തെ ഭക്താനുഷ്ഠാനങ്ങൾ പ്രാർത്ഥനകളിലും പലപ്പോഴും ക്ഷണിക നേരത്തെ പശ്ചാത്താപത്തിലും ഒതുക്കി നിർത്താതെ, സ്വന്തം കുറവുകൾ കണ്ടെത്തി പരിഹരിക്കാനും മറ്റുള്ളവരിലെ നന്മകൾ ജീവിതത്തിൽ പകർത്തി സ്വന്തം ജീവിതത്തോടു ആത്മാർത്ഥതയോടെ പ്രതികരിക്കാനും ശ്രമിക്കേണ്ടതുണ്ട്. ഞാനും നിങ്ങളും പലപ്പോഴും പരാജയപ്പെട്ടു പോകുന്ന കാര്യങ്ങളാണിതൊക്കെ. അതിനായി തമ്പുരാൻ തന്ന ഈ ജീവിത നവീകരണാവസരം അർത്ഥപൂർണ്ണമാക്കാൻ ക്രൂശിതനും ഉത്ഥാനം ചെയ്തവനുമായ ഈശോ പുതിയൊരു ആത്മീയ ഉണർവ്വിന്റേതായ ഉത്ഥാനകാലം, ആത്മാവിൽ പുനർജനിക്കുന്ന സുകൃതകാലം നൽകി, നമ്മെ അനുഗ്രഹിക്കും. അതിനായി വിശ്വാസത്തോടെ പ്രത്യാശിക്കാം, നിത്യവും പ്രാർത്ഥനയോടെ കാത്തിരിക്കാം.

## കഴിഞ്ഞലക്കം ക്വിസ് ശരിയുത്തരങ്ങൾ

(1) ദൈവമഹത്വീകരണവും മനുഷ്യ വിശുദ്ധീകരണവും (2) നീതിയായി പരിഗണിക്കപ്പെട്ടു (3) എലിസബത്തിന്റെ (4) മാർ ബസേലിയോസ് ക്ലിമ്മിസ് കത്തോലിക്കാ ബാവ, സീറോ മലങ്കര സഭ (5) പ്രൊഫ. സി.എൻ.ആർ. റാവു (6) 288, (7) സഭയുടെ പ്രേഷിത ദൗത്യത്തെക്കുറിച്ച് (8) ജോർജ്ജ് വാഷിംഗ്ടൺ കാർവാർ (9) കരുവന്നൂർ (10) 10:13 (11) വി. പീയൂസ് 10-ാമൻ പാപ്പ (12) ഏശയ്യ (13) 16:20

തീർക്കാൻ ശ്രമിക്കണം എന്നതാണ്. സകലതും സ്വന്തം വരുതിയിലാക്കാൻ ദൈവഹിതം പോലും കാറ്റിൽ പറത്തി അധികാരത്തോടുള്ള അഹങ്കാരം നിറഞ്ഞ ആർത്തിയിൽ മലർപൊടിക്കാരന്റെ സ്വപ്നം പോലെ മുമ്പും പിമ്പും മറക്കുന്ന മനുഷ്യപ്രകൃതിക്ക് തമ്പുരാൻ നൽകുന്ന മുന്നറിയിപ്പും താക്കീതുമായാണ് ഇതു കാണേണ്ടത്.

പഴയനിയമത്തിൽ ദൈവകോപത്തിൽ നിന്നും രക്ഷ തേടിയും ചെയ്തുപോയ അകൃത്യങ്ങളുടെ പരിഹാരത്തിനുമായി ഇസ്രായേൽ ജനം ചാക്കുടുത്ത് ചാരംപൂശിയും ചാരത്തിലിരുന്ന് വിലപിച്ചും ജലപാനം പോലും വെടിഞ്ഞ ഉപവാസം അനുഷ്ടിച്ചും പ്രാർത്ഥനയും പശ്ചാത്താപവുമായി കഴിഞ്ഞിരുന്നതും അതുകൊണ്ടുതന്നെ. ദൈവം പലപ്പോഴും കരുണയാർന്ന് ക്ഷമിച്ചിരുന്നതും നമുക്ക് വായിക്കാനാവും. മറ്റുള്ളവരോട് അനീതിയായി പെരുമാറിയും സ്വന്തം ശേഷിയും ശേമുഷിയും കൊണ്ട് വളർത്തിവലുതാക്കി മക്കളെ ഇന്നത്തെ നിലയിലെത്തിച്ച്, വൃദ്ധരും ആൾബലമില്ലാത്തവരുമായി പോയ മാതാപിതാക്കളെ നിരന്തരം വിഷമിപ്പിക്കുകയും പുറംതള്ളുകയും ചെയ്ത് സ്വയം മറക്കുന്ന ഇന്നത്തെ ലോകത്തിനും എല്ലാം ഓർക്കാനും പശ്ചാത്താപത്തോടെ പരിഹാരം ചെയ്യാനും ലഭിക്കുന്ന നല്ലൊരവസരം കൂടിയാണ് ഈ നോമ്പുകാലം. ഒരു കാര്യം സുനിശ്ചിതമാണ്. ഈ ഭൂമിയിൽ സ്വന്തം കടമകളും ഉത്തരവാദിത്വങ്ങളും ഓർക്കാത്തവരെ ആ സ്വർഗ്ഗം പോലും മറന്നുകളയും. വിശുദ്ധഗ്രന്ഥത്തിൽ വിവരിക്കുന്ന ധനവാന്റേയും അവന്റെ പടിവാതിക്കൽ കിടന്നിരുന്ന ദരിദ്രനും രോഗിയുമായിരുന്ന ലാസറിന്റെയും ഉപമ ഉദാഹരണം. (ലൂക്കാ 16:19-31)

ഈ നോമ്പുകാലത്തെ ഭക്താനുഷ്ഠാനങ്ങൾ പ്രാർത്ഥനകളിലും പലപ്പോഴും ക്ഷണിക നേരത്തെ പശ്ചാത്താപത്തിലും ഒതുക്കി നിർത്താതെ, സ്വന്തം കുറവുകൾ കണ്ടെത്തി പരിഹരിക്കാനും മറ്റുള്ളവരിലെ നന്മകൾ ജീവിതത്തിൽ പകർത്തി സ്വന്തം ജീവിതത്തോടു ആത്മാർത്ഥതയോടെ പ്രതികരിക്കാനും ശ്രമിക്കേണ്ടതുണ്ട്. ഞാനും നിങ്ങളും പലപ്പോഴും പരാജയപ്പെട്ടു പോകുന്ന കാര്യങ്ങളാണിതൊക്കെ. അതിനായി തമ്പുരാൻ തന്ന ഈ ജീവിത നവീകരണാവസരം അർത്ഥപൂർണ്ണമാക്കാൻ ക്രൂശിതനും ഉത്ഥാനം ചെയ്തവനുമായ ഈശോ പുതിയൊരു ആത്മീയ ഉണർവ്വിന്റേതായ ഉത്ഥാനകാലം, ആത്മാവിൽ പുനർജനിക്കുന്ന സുകൃതകാലം നൽകി, നമ്മെ അനുഗ്രഹിക്കും. അതിനായി വിശ്വാസത്തോടെ പ്രത്യാശിക്കാം, നിത്യവും പ്രാർത്ഥനയോടെ കാത്തിരിക്കാം.

# കഴിഞ്ഞലക്കം ക്വിസ് ശരിയുത്തരങ്ങൾ

(1) ദൈവമഹത്വീകരണവും മനുഷ്യ വിശുദ്ധീകരണവും (2) നീതിയായി പരിഗണിക്കപ്പെട്ടു (3) എലിസബത്തിന്റെ (4) മാർ ബസേലിയോസ് ക്ലീമ്മിസ് കത്തോലിക്കാ ബാവ, സീറോ മലങ്കര സഭ (5) പ്രൊഫ. സി.എൻ.ആർ. റാവു (6) 288, (7) സഭയുടെ പ്രേഷിത ദൗത്യത്തെക്കുറിച്ച് (8) ജോർജ്ജ് വാഷിംഗ്ടൺ കാർവാർ (9) കരുവന്നൂർ (10) 10:13 (11) വി. പീയൂസ് 10-ാമൻ പാപ്പ (12) ഏശയ്യ (13) 16:20

# സഭാവാർത്തകൾ

സി. ഡെൽസ മരിയ FCC, മാപ്രാണം

**1. ഗർഭഛിദ്രം ഭയാനകം : മാർപാപ്പ**

കുഞ്ഞുങ്ങളെ ഗർഭത്തിൽ വച്ച് നശിപ്പിക്കുന്നത് USE AND THROW സംസ്കാരത്തിന്റെ ഭാഗമാണെന്ന് വത്തിക്കാനിലെ നയതന്ത്ര പ്രതിനിധികളുടെ യോഗത്തെ അഭിസംബോധന ചെയ്യവെ മാർപാപ്പ ചൂണ്ടിക്കാട്ടി. പ്രകാശം കാണാതെ ഗർഭത്തിൽ വച്ച് കൊല്ലപ്പെടുന്ന കുഞ്ഞുങ്ങളെക്കുറിച്ചുള്ള ചിന്ത തന്നെ ഭയാനകമാണ്.

**2. സീറോ മലബാർ സഭയ്ക്ക് പുതിയ മേച്ചിൽപുറം :**

ഓസ്ട്രേലിയായിൽ മെൽബൺ ആസ്ഥാനമായി പുതിയ രൂപത 2014 ജനുവരി 11ന് സ്ഥാപിതമായി. കൂരിയ ബിഷപ്പ് മാർ ബോസ്കോ പുത്തൂരിനെ പ്രഥമ മെത്രാനായി നിയമിച്ചു.ന്യൂസിലാന്റിലെ സീറോ മലബാർ വിശ്വാസികൾക്കായുള്ള അപ്പസ്തോലിക് വിസിറ്റേറ്ററായും മാർ പുത്തൂരിനെ ഫ്രാൻസിസ് പാപ്പ നിയോഗിച്ചിരിക്കുന്നു. മാർ തോമാശ്ലീഹായുടെ രൂപത എന്നാണ് ഇത് അറിയപ്പെടുക.

**3. മാർ റാഫേൽ തട്ടിൽ : അപ്പസ്തോലിക് വിസിറ്റേറ്റർ :**

ഇന്ത്യയിലെ സീറോ മലബാർ രൂപതകൾക്ക് പുറത്തുള്ള സീറോ മലബാർ വിശ്വാസികൾക്കായുള്ള അപ്പസ്തോലിക് വിസിറ്റേറ്ററായി തൃശ്ശൂർ അതിരൂപത സഹായ മെത്രാൻ മാർ റാഫേൽ തട്ടിലിനെ നിയമിച്ചിരിക്കുന്നു. തൃശ്ശൂർ അതിരൂപത സഹായമെത്രാന്റെ ചുമതലയും അദ്ദേഹം അതോടൊപ്പം നിർവ്വഹിക്കും.

**4. പാലക്കാട് സുൽത്താൻപേട്ട പുതിയ ലത്തീൻ രൂപത :**

പാലക്കാട് സുൽത്താൻപേട്ട ആസ്ഥാനമായി പുതിയ രൂപത. കോഴിക്കോട് - കോയമ്പത്തൂർ രൂപതകളിലെ 21 ഇടവക ഉൾപ്പെടുത്തി സ്ഥാപിതമായ പുതിയ രൂപതയുടെ പ്രഥമ മെത്രാനായി പോണ്ടിച്ചേരി - കുടലൂർ അതിരൂപതയിലെ മോൺ. പീറ്റർ അന്തോണി സാമിയെ നിയമിച്ചു.

**5. പുതിയതായി 19 കർദ്ദിനാളന്മാർ :**

പുതിയ 19 കർദ്ദിനാളന്മാരെ ഫ്രാൻസിസ് മാർപാപ്പ പ്രഖ്യാപിച്ചു. ഫെബ്രുവരി 22ന് ആയിരുന്നു ഇവരുടെ സ്ഥാനാരോഹണം. ഫ്രാൻസിസ് മാർപാപ്പ നടത്തുന്ന ആദ്യ കർദ്ദിനാൾ നിയമനമാണിത്. യൂറോപ്പ് - 8, വടക്ക് മധ്യഅമേരിക്ക - 4, ദക്ഷിണ അമേരിക്ക - 3, ആഫ്രിക്ക - 2, ഏഷ്യ - 2 എന്നിങ്ങനെയാണ് പുതിയ കർദ്ദിനാളന്മാരുടെ മേഖല തിരിച്ചുള്ള ലിസ്റ്റ്.

**6. കർദ്ദനാൾ മാർ ക്ലിമ്മിസ് - ഭാരത മെത്രാൻ സമിതിയുടെ തലവൻ :**

മലങ്കര കത്തോലിക്കാ സഭയുടെ മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ മാർ ബസേലിയോസ് ക്ലിമ്മീസ് കത്തോലിക്കാബാവയെ സി.ബി.സി.ഐ പ്രസിഡണ്ടായി തിരഞ്ഞെടുത്തു.

# സഭാവാർത്തകൾ

സി. ഡെൽസ മരിയ FCC, മാപ്രാണം

**1. ഗർഭചിദ്രം ഭയാനകം : മാർപാപ്പ**

കുഞ്ഞുങ്ങളെ ഗർഭത്തിൽ വച്ച് നശിപ്പിക്കുന്നത് USE AND THROW സംസ്കാരത്തിന്റെ ഭാഗമാണെന്ന് വത്തിക്കാനിലെ നയതന്ത്ര പ്രതിനിധിക ളുടെ യോഗത്തെ അഭിസംബോധന ചെയ്യവെ മാർപാപ്പ ചൂണ്ടിക്കാട്ടി. പ്രകാശം കാണാതെ ഗർഭത്തിൽ വച്ച് കൊല്ലപ്പെടുന്ന കുഞ്ഞുങ്ങളെക്കുറി ച്ചുള്ള ചിന്ത തന്നെ ഭയാനകമാണ്.

**2. സീറോ മലബാർ സഭയ്ക്ക് പുതിയ മേച്ചിൽപുറം :**

ഓസ്ട്രേലിയായിൽ മെൽബൺ ആസ്ഥാനമായി പുതിയ രൂപത 2014 ജനുവരി 11ന് സ്ഥാപിതമായി. കൂരിയ ബിഷപ്പ് മാർ ബോസ്കോ പുത്തൂ രിനെ പ്രഥമ മെത്രാനായി നിയമിച്ചു.ന്യൂസിലാന്റിലെ സീറോ മലബാർ വിശ്വാ സികൾക്കായുള്ള അപ്പസ്തോലിക് വിസിറ്റേറ്ററായും മാർ പുത്തൂരിനെ ഫ്രാൻസിസ് പാപ്പ നിയോഗിച്ചിരിക്കുന്നു. മാർ തോമാശ്ലീഹായുടെ രൂപത എന്നാണ് ഇത് അറിയപ്പെടുക.

**3. മാർ റാഫേൽ തട്ടിൽ : അപ്പസ്തോലിക് വിസിറ്റേറ്റർ :**

ഇന്ത്യയിലെ സീറോ മലബാർ രൂപതകൾക്ക് പുറത്തുള്ള സീറോ മലബാർ വിശ്വാസികൾക്കായുള്ള അപ്പസ്തോലിക് വിസിറ്റേറ്ററായി തൃശ്ശൂർ അതിരൂപത സഹായ മെത്രാൻ മാർ റാഫേൽ തട്ടിലിനെ നിയമിച്ചിരിക്കു ന്നു. തൃശ്ശൂർ അതിരൂപത സഹായമെത്രാന്റെ ചുമതലയും അദ്ദേഹം അതോ ടൊപ്പം നിർവ്വഹിക്കും.

**4. പാലക്കാട് സുൽത്താൻപേട്ട പുതിയ ലത്തീൻ രൂപത :**

പാലക്കാട് സുൽത്താൻപേട്ട ആസ്ഥാനമായി പുതിയ രൂപത. കോഴി ക്കോട് - കോയമ്പത്തൂർ രൂപതകളിലെ 21 ഇടവക ഉൾപ്പെടുത്തി സ്ഥാപിത മായ പുതിയ രൂപതയുടെ പ്രഥമ മെത്രാനായി പോണ്ടിച്ചേരി - കുടലൂർ അതിരൂപതയിലെ മോൺ. പീറ്റർ അന്തോണി സാമിയെ നിയമിച്ചു.

**5. പുതിയതായി 19 കർദ്ദിനാളന്മാർ :**

പുതിയ 19 കർദ്ദിനാളന്മാരെ ഫ്രാൻസിസ് മാർപാപ്പ പ്രഖ്യാപിച്ചു. ഫെബ്രുവരി 22ന് ആയിരുന്നു ഇവരുടെ സ്ഥാനാരോഹണം. ഫ്രാൻസിസ് മാർപാപ്പ നടത്തുന്ന ആദ്യ കർദ്ദിനാൾ നിയമനമാണിത്. യൂറോപ്പ് - 8, വടക്ക് മധ്യഅമേരിക്ക - 4, ദക്ഷിണ അമേരിക്ക - 3, ആഫ്രിക്ക - 2, ഏഷ്യ - 2 എന്നിങ്ങനെയാണ് പുതിയ കർദ്ദിനാളന്മാരുടെ മേഖല തിരിച്ചുള്ള ലിസ്റ്റ്.

**6. കർദ്ദനാൾ മാർ ക്ലീമ്മിസ് - ഭാരത മെത്രാൻ സമിതിയുടെ തലവൻ :**

മലങ്കര കത്തോലിക്കാ സഭയുടെ മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ മാർ ബസേലിയോസ് ക്ലീമ്മീസ് കത്തോലിക്കാബാവയെ സി.ബി.സി.ഐ പ്രസിഡണ്ടായി തിരഞ്ഞെടുത്തു.

# ആരോഗ്യ ചിന്തകൾ

**ജെസ്റ്റിൻ ജോസ് എം.**

ആരോഗ്യം എന്നാൽ രോഗം ഇല്ലാത്ത അവസ്ഥ എന്നാണല്ലോ. വിവിധ ഘടകങ്ങളുടെ സന്തുലിതമായ പ്രവർത്തനമാണ് നമ്മളെ ഈ അവസ്ഥയിൽ എത്തിക്കുക. അതിൽ പ്രധാനപ്പെട്ടതാണ് വ്യായാമം. വ്യായാമം ശരീരത്തിന്റെ എല്ലാഭാഗത്തും രക്തചംക്രമണം പൂർണ്ണശേഷിയിലാക്കുകയും കുറവുള്ള ഭാഗങ്ങളിലേക്ക് രക്തചംക്രമണത്തിന് കൂടുതൽ വഴികൾ അൽപ്പാൽപ്പമായി തുറക്കുകയും ചെയ്യും. ശരീരത്തിനാവശ്യമായ ഓക്സിജൻ ആഗിരണം ചെയ്യുന്നതിനുള്ള കഴിവുകൂട്ടുന്നതിനും വ്യായാമം സഹായിക്കുന്നു. വ്യായാമങ്ങളെ പൊതുവേ 'ഐസോമെട്രിക്' എന്നും 'ഐസോടോണിക്' എന്നും തരംതിരിക്കാം. ബോഡി ബിൽഡിംഗ്, വെയ്റ്റ് ലിഫ്റ്റിംഗ് തുടങ്ങിവ ആദ്യഗണത്തിൽപ്പെടും. ഇവ ശരീരത്തിന് മൊത്തത്തിൽ ദോഷമേ വരുത്തുകയുള്ളു എന്നാണ് വിദഗ്ധാഭിപ്രായം. എന്നാൽ നടത്തം, നീന്തൽ, ഓട്ടം, ഷട്ടിൽ, വോളിബോൾ, ബാഡ്മിന്റൺ തുടങ്ങിയവ ഐസോടോണിക് വ്യായാമങ്ങളിൽ പെടുന്നവയാണ്. നമ്മുടെ ശരീരത്തിന്റെ പ്രത്യേകതയും മുൻ പരിചയവും കണക്കിലെടുത്ത് സമയനിഷ്ടയോടെ ചെയ്യുന്നതാണ് ഉത്തമം. ഏതുസമയത്തും വ്യായാമം ആവാം. വായുസഞ്ചാരമുള്ളിടത്ത് വ്യായാമം ചെയ്യുന്നതാണ് കൂടുതൽ നല്ലത്. ആദ്യമായി വ്യായാമം ചെയ്യുന്നയാൾ വളരെ കുറച്ചുനേരം സാവധാനം മാത്രം ചെയ്യുക. ഈ അവസരത്തിൽ ഒരു മത്സരചിന്ത നന്നല്ല. എന്നാൽ ക്രമേണ വ്യായാമത്തിന്റെ സമയവും കാഠിന്യവും വർദ്ധിപ്പിക്കാവുന്നതാണ്. അമിതഭാരമുള്ളവരാണെങ്കിൽ രാവിലെ ഭക്ഷണം കഴിയ്ക്കാതെ വേണം വ്യായാമം ചെയ്യാൻ. അല്ലാത്തവർ അല്പം ഭക്ഷണം കഴിച്ച് വ്യായാമം ചെയ്താലും കുഴപ്പമില്ല. വ്യായാമം കഴിഞ്ഞു വന്നാൽ വയറുനിറച്ച് കഴിയ്ക്കാതെ വിശപ്പടക്കാൻ മാത്രം കഴിയ്ക്കുക. പതിവായി വ്യായാമം ചെയ്യുന്നവർ, ചെയ്യാത്ത ദിവസങ്ങളിൽ ഭക്ഷണത്തിന്റെ അളവ് ഗണ്യമായി കുറച്ചില്ലെങ്കിൽ ശരീരത്തിന്റെ വണ്ണം കൂടാൻ ഇടയുണ്ട്.

നടത്തം ഒരു നല്ല വ്യായാമമാണ്. റോഡിൽ നടക്കുന്നതിന് പകരം വീടിനു ചുറ്റും നടന്നാലും മതി. എന്നാൽ വീടിനുചുറ്റും നടക്കുന്നത് കണ്ടാൽ മറ്റുള്ളവർ എന്തുവിചാരിക്കും എന്നു ചിന്തിക്കുന്നവരും നമുക്കിടയിലുണ്ട്. അനാവശ്യമായ ഒരു ചിന്തയാണിത്. വെയിലത്ത് വ്യായാമം ചെയ്താൽ ശരീരത്തിൽ നിന്ന് ജലവും ലവണാംശവും നഷ്ടപ്പെടാൻ സാധ്യതയുണ്ട്. അങ്ങനെയുള്ളപ്പോൾ ചെറുനാരങ്ങയും ഉപ്പും ചേർത്തവെള്ളം കുടിയ്ക്കുന്നതു നല്ലതാണ്. എന്നു കരുതി വെള്ളം അമിതമായാൽ ലവണങ്ങളുടെ അസന്തുലിതാവസ്ഥയുണ്ടാകാനിടയുണ്ടെന്നോർക്കുക.

# ആരോഗ്യ ചിന്തകൾ

ജെസ്റ്റിൻ ജോസ് എം.

ആരോഗ്യം എന്നാൽ രോഗം ഇല്ലാത്ത അവസ്ഥ എന്നാണല്ലോ. വിവിധ ഘടകങ്ങളുടെ സന്തുലിതമായ പ്രവർത്തനമാണ് നമ്മളെ ഈ അവസ്ഥയിൽ എത്തിക്കുക. അതിൽ പ്രധാനപ്പെട്ടതാണ് വ്യായാമം. വ്യായാമം ശരീരത്തിന്റെ എല്ലാഭാഗത്തും രക്തചംക്രമണം പൂർണ്ണശേഷിയിലാക്കുകയും കുറവുള്ള ഭാഗങ്ങളിലേക്ക് രക്തചംക്രമണത്തിന് കൂടുതൽ വഴികൾ അൽപ്പാൽപ്പമായി തുറക്കുകയും ചെയ്യും. ശരീരത്തിനാവശ്യമായ ഓക്സിജൻ ആഗിരണം ചെയ്യുന്നതിനുള്ള കഴിവുകൂട്ടുന്നതിനും വ്യായാമം സഹായിക്കുന്നു. വ്യായാമങ്ങളെ പൊതുവേ 'ഐസോമെട്രിക്' എന്നും 'ഐസോടോണിക്' എന്നും തരംതിരിക്കാം. ബോഡി ബിൽഡിംഗ്, വെയ്റ്റ് ലിഫ്റ്റിംഗ് തുടങ്ങിവ ആദ്യഗണത്തിൽപ്പെടും. ഇവ ശരീരത്തിന് മൊത്തത്തിൽ ദോഷമേ വരുത്തുകയുള്ളു എന്നാണ് വിദഗ്ധാഭിപ്രായം. എന്നാൽ നടത്തം, നീന്തൽ, ഓട്ടം, ഷട്ടിൽ, വോളിബോൾ, ബാഡ്മിന്റൺ തുടങ്ങിയവ ഐസോടോണിക് വ്യായാമങ്ങളിൽ പെടുന്നവയാണ്. നമ്മുടെ ശരീരത്തിന്റെ പ്രത്യേകതയും മുൻ പരിചയവും കണക്കിലെടുത്ത് സമയനിഷ്ടയോടെ ചെയ്യുന്നതാണ് ഉത്തമം. ഏതുസമയത്തും വ്യായാമം ആവാം. വായുസഞ്ചാരമുള്ളിടത്ത് വ്യായാമം ചെയ്യുന്നതാണ് കൂടുതൽ നല്ലത്. ആദ്യമായി വ്യായാമം ചെയ്യുന്നയാൾ വളരെ കുറച്ചുനേരം സാവധാനം മാത്രം ചെയ്യുക. ഈ അവസരത്തിൽ ഒരു മത്സരചിന്ത നന്നല്ല. എന്നാൽ ക്രമേണ വ്യായാമത്തിന്റെ സമയവും കാഠിന്യവും വർദ്ധിപ്പിക്കാവുന്നതാണ്. അമിതഭാരമുള്ളവരാണെങ്കിൽ രാവിലെ ഭക്ഷണം കഴിയ്ക്കാതെ വേണം വ്യായാമം ചെയ്യാൻ. അല്ലാത്തവർ അല്പം ഭക്ഷണം കഴിച്ച് വ്യായാമം ചെയ്താലും കുഴപ്പമില്ല. വ്യായാമം കഴിഞ്ഞു വന്നാൽ വയറുനിറച്ച് കഴിയ്ക്കാതെ വിശപ്പടക്കാൻ മാത്രം കഴിയ്ക്കുക. പതിവായി വ്യായാമം ചെയ്യുന്നവർ, ചെയ്യാത്ത ദിവസങ്ങളിൽ ഭക്ഷണത്തിന്റെ അളവ് ഗണ്യമായി കുറച്ചില്ലെങ്കിൽ ശരീരത്തിന്റെ വണ്ണം കൂടാൻ ഇടയുണ്ട്.

നടത്തം ഒരു നല്ല വ്യായാമമാണ്. റോഡിൽ നടക്കുന്നതിന് പകരം വീടിനു ചുറ്റും നടന്നാലും മതി. എന്നാൽ വീടിനുചുറ്റും നടക്കുന്നത് കണ്ടാൽ മറ്റുള്ളവർ എന്തുവിചാരിക്കും എന്നു ചിന്തിക്കുന്നവരും നമുക്കിടയിലുണ്ട്. അനാവശ്യമായ ഒരു ചിന്തയാണിത്. വെയിലത്ത് വ്യായാമം ചെയ്താൽ ശരീരത്തിൽ നിന്ന് ജലവും ലവണാംശവും നഷ്ടപ്പെടാൻ സാധ്യതയുണ്ട്. അങ്ങനെയുള്ളപ്പോൾ ചെറുനാരങ്ങയും ഉപ്പും ചേർത്തവെള്ളം കുടിയ്ക്കുന്നതു നല്ലതാണ്. എന്നു കരുതി വെള്ളം അമിതമായാൽ ലവണങ്ങളുടെ അസന്തുലിതാവസ്ഥയുണ്ടാകാനിടയുണ്ടെന്നോർക്കുക.

# ക്വിസ് മത്സരം

(1) ടൈംസ് വാരികയിൽ 2013ലെ 'പേഴ്സൺ ഓഫ് ദി ഇയർ' പുരസ്കാരം നേടിയതാരായിരുന്നു? (2) സീറോ മലബാർ സഭയുടെ 31-ാമത് രൂപത ഏത്? (3) ക്രയോജനിക് സാങ്കേതിക വിദ്യ സ്വന്തമാക്കിയ എത്രാമത്തെ രാജ്യമാണ് ഇന്ത്യ? (4) കേരളത്തിലെ മാർതോമാ സുറിയാനി ക്രിസ്ത്യാനികളുടെ തനിമയിലേക്കും സ്വാതന്ത്ര്യത്തിലേക്കുമുള്ള നിർണ്ണായകമായ ചുവടുവെപ്പിനാസ്പദമായ ചരിത്ര സംഭവമേത്? (5) ഏശയ്യ പ്രവാചകന്റെ പുസ്തകത്തിൽ ദൈവത്തിന്റെ വിശ്വസ്ത ജനതയുടെ "അമ്മ"യായി വിളിക്കുന്നത് ആരെ? (6) 2014 ഫെബ്രുവരിയിൽ നടന്ന സിബിസിഐ സമ്മേനത്തിന്റെ മുഖ്യ ചർച്ചാവിഷയം എന്തായിരുന്നു? (7) ഉത്ഥിതനായ യേശു ആദ്യം പ്രത്യക്ഷപ്പെട്ടത് ആർക്ക്? (8) യേശുവിന്റെ മാമോദീസായും പരസ്യജീവിതവും അനുസ്മരിക്കുന്ന കാലമേത്? (9) ദീനസേവനസഭ എന്ന സന്യാസ സമൂഹം ആരംഭിച്ച കന്യാസ്ത്രീയുടെ മാതൃരാജ്യം? (10) അനുയോജ്യവും മാന്യവുമായ വസ്ത്രം ധരിക്കുന്നത് വ്യക്തിയുടെ അന്തസ്സ് കൂട്ടുന്നു.ഇങ്ങനെ അഭിപ്രായപ്പെട്ട റോമൻ പ്രഭാഷകൻ? (11) 1652ൽ അധികാരത്തിലുണ്ടായിരുന്ന കൊച്ചിയിലെ ആർച്ച ബിഷപ്പ്? (12) Humility എന്ന പദം രൂപപെട്ടത് ഏതു പദത്തിൽ നിന്നാണ്? (13) 1872ൽ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിക്കപ്പെട്ട ഫ്രാൻസ് സ്വദേശിയായ വൈദികൻ? (13) പള്ളികളോടനുബന്ധിച്ച് പള്ളികൂടങ്ങൾ അനിവാര്യമെന്ന് ശാഠ്യം പിടിച്ചിരുന്ന സന്യാസിവര്യൻ? (14) വി. പൗലോശ്ലീഹ സ്നാനപ്പെടുത്തിയ 3 വ്യക്തികൾ ആരൊക്കെ?

അവലംബം : ഫെബ്രുവരി ലക്കം ഹോളിവോയ്സ്, കേരളസഭ, വി. പൗലോസ് റോമാകാർക്കെഴുതിയ ലേഖനം : ഉത്തരങ്ങൾ വെള്ളകടലാസിലെഴുതി ഹോളിവോയ്സ് ബോക്സിൽ നിക്ഷേപിക്കേണ്ട അവസാന തിയ്യതി 15-03-2014.

## ഫെബ്രുവരി ലക്കം ക്വിസ് മത്സര വിജയി : മേരി ജോർജ്ജ്

മത്സരത്തിൽ പങ്കെടുത്ത 14 പേരിൽ 10 പേർ ശരിയുത്തരം എഴുതി. അവരിൽ നിന്നും നറുക്കെടുത്ത ഫാ. ജിന്റോ ചിറയത്ത് CMI വിജയിയെ പ്രഖ്യാപിച്ചു.

## ഫെബ്രുവരി ലക്കം ക്വിസ് മത്സരത്തിൽ ശരിയുത്തരം എഴുതിയവർ

(1) ലിജി ബിജു - സെന്റ് ജോൺ I , (2) സിജോ ഡേവിസ് അക്കരക്കാരൻ - ഹോളിക്രോസ്, (3) ആൽവിൻ വിൻസന്റ് കാഞ്ഞാണിക്കാരൻ - സെന്റ് ജോസഫ്, (4) അഖിൽ ജോൺസൺ കാഞ്ഞാണിക്കാരൻ - ഹോളിക്രോസ്, (5) അനീന വർഗീസ് - സെന്റ് സേവ്യർ, (6) സിയ റുബിസൻ കിടങ്ങുപറമ്പിൽ - സെന്റ്മേരീസ് II, (7) ടി.ആർ. ജോസ്, തെക്കേത്തല - സെന്റ് റോസ്, (8) മേരി ജോർജ്ജ് പള്ളിത്തറ - സെന്റ് ജോൺ II, (9) ജൂലി ജെസ്റ്റോ മാമ്പിള്ളി - ഇൻഫന്റ് ജീസസ്, (10) സിൻസി സ്വീജീഷ്, ചിന്നൻ - സെന്റ് സെബാസ്റ്റ്യൻ

**NB : ക്വിസ് മത്സരത്തിൽ ഒരു വീട്ടിൽ നിന്ന് ഒരു അംഗം മാത്രമേ പങ്കെടുക്കാവൂ.**

# ക്വിസ് മത്സരം

(1) ടൈംസ് വാരികയിൽ 2013ലെ 'പേഴ്സൺ ഓഫ് ദി ഇയർ' പുരസ്കാരം നേടിയതാരായിരുന്നു? (2) സീറോ മലബാർ സഭയുടെ 31-ാമത് രൂപത ഏത്? (3) ക്രയോജനിക് സാങ്കേതിക വിദ്യ സ്വന്തമാക്കിയ എത്രാമത്തെ രാജ്യമാണ് ഇന്ത്യ? (4) കേരളത്തിലെ മാർത്തോമാ സുറിയാനി ക്രിസ്ത്യാനികളുടെ തനിമയിലേക്കും സ്വാതന്ത്ര്യത്തിലേക്കുമുള്ള നിർണ്ണായകമായ ചുവടുവെപ്പിനാസ്പദമായ ചരിത്ര സംഭവമേത്? (5) ഏശയ്യ പ്രവാചകന്റെ പുസ്തകത്തിൽ ദൈവത്തിന്റെ വിശ്വസ്ത ജനതയുടെ "അമ്മ"യായി വിളിക്കുന്നത് ആരെ? (6) 2014 ഫെബ്രുവരിയിൽ നടന്ന സിബിസിഐ സമ്മേനത്തിന്റെ മുഖ്യ ചർച്ചാവിഷയം എന്തായിരുന്നു? (7) ഉത്ഥിതനായ യേശു ആദ്യം പ്രത്യക്ഷപ്പെട്ടത് ആർക്ക്? (8) യേശുവിന്റെ മാമോദീസായും പരസ്യജീവിതവും അനുസ്മരിക്കുന്ന കാലമേത്? (9) ദീനസേവനസഭ എന്ന സന്യാസ സമൂഹം ആരംഭിച്ച കന്യാസ്ത്രീയുടെ മാതൃരാജ്യം? (10) അനുയോജ്യവും മാന്യവുമായ വസ്ത്രം ധരിക്കുന്നത് വ്യക്തിയുടെ അന്തസ്സ് കൂട്ടുന്നു.ഇങ്ങനെ അഭിപ്രായപ്പെട്ട റോമൻ പ്രഭാഷകൻ? (11) 1652ൽ അധികാരത്തിലുണ്ടായിരുന്ന കൊച്ചിയിലെ ആർച്ച ബിഷപ്പ്? (12) Humility എന്ന പദം രൂപപെട്ടത് ഏതു പദത്തിൽ നിന്നാണ്? (13) 1872ൽ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിക്കപ്പെട്ട ഫ്രാൻസ് സ്വദേശിയായ വൈദികൻ? (13) പള്ളികളോടനുബന്ധിച്ച് പള്ളികൂടങ്ങൾ അനിവാര്യമെന്ന് ശാഠ്യം പിടിച്ചിരുന്ന സന്യാസിവര്യൻ? (14) വി. പൗലോശ്ലീഹ സ്നാനപ്പെടുത്തിയ 3 വ്യക്തികൾ ആരൊക്കെ?

അവലംബം : ഫെബ്രുവരി ലക്കം ഹോളിവോയ്സ്, കേരളസഭ, വി. പൗലോസ് റോമാകാർക്കെഴുതിയ ലേഖനം : ഉത്തരങ്ങൾ വെള്ളകടലാസിലെഴുതി ഹോളിവോയ്സ് ബോക്സിൽ നിക്ഷേപിക്കേണ്ട അവസാന തിയ്യതി 15-03-2014.

## ഫെബ്രുവരി ലക്കം ക്വിസ് മത്സര വിജയി : മേരി ജോർജ്ജ്

മത്സരത്തിൽ പങ്കെടുത്ത 14 പേരിൽ 10 പേർ ശരിയുത്തരം എഴുതി. അവരിൽ നിന്നും നറുക്കെടുത്ത ഫാ. ജിന്റോ ചിറയത്ത് CMI വിജയിയെ പ്രഖ്യാപിച്ചു.

## ഫെബ്രുവരി ലക്കം ക്വിസ് മത്സരത്തിൽ ശരിയുത്തരം എഴുതിയവർ

(1) ലിജി ബിജു - സെന്റ് ജോൺ I , (2) സിജോ ഡേവിസ് അക്കരക്കാരൻ - ഹോളിക്രോസ്, (3) ആൽവിൻ വിൻസന്റ് കാഞ്ഞാണിക്കാരൻ - സെന്റ് ജോസഫ്, (4) അഖിൽ ജോൺസൺ കാഞ്ഞാണിക്കാരൻ - ഹോളിക്രോസ്, (5) അനീന വർഗീസ് - സെന്റ് സേവ്യർ, (6) സിയ റുബിസൻ കിടങ്ങുപറമ്പിൽ - സെന്റ്മേരീസ് II, (7) ടി.ആർ. ജോസ്, തെക്കേത്തല - സെന്റ് റോസ്, (8) മേരി ജോർജ്ജ് പള്ളിത്തറ - സെന്റ് ജോൺ II, (9) ജൂലി ജെസ്റ്റോ മാമ്പിള്ളി - ഇൻഫന്റ് ജീസസ്, (10) സിൻസി സ്വീജീഷ്, ചിന്നൻ - സെന്റ് സെബാസ്റ്റ്യൻ

**NB : ക്വിസ് മത്സരത്തിൽ ഒരു വീട്ടിൽ നിന്ന് ഒരു അംഗം മാത്രമേ പങ്കെടുക്കാവൂ.**

ബാലപംക്തി

# കേൾവിയും ശ്രദ്ധയും

ക്രിസ്റ്റിപോളി ആഴ്ചങ്ങാടൻ

ഒരിക്കൽ പഠനകാലയളവ് പൂർത്തിയാക്കിയ ശിഷ്യരോട് ഗുരു പറഞ്ഞു. നിങ്ങളുടെ പഠനം പൂർത്തിയായിരിക്കുന്നു. എന്നാൽ, ഞാൻ പറഞ്ഞുതന്ന അറിവുകൾ എത്രയേറെ നിങ്ങൾ ഗ്രഹിച്ചിട്ടുണ്ട്, നിങ്ങളത് എത്രമാത്രം പ്രാവർത്തികമാക്കാൻ ശ്രമിക്കും എന്ന് മനസ്സിലാക്കാൻ ഒരു പരീക്ഷ അനിവാര്യമാണ്. നിങ്ങൾ നാളെ രാവിലെ ഗുരുകുലത്തിനടുത്തുള്ള നദിക്കരയിലേക്ക് വരിക. ഇതു കേട്ട ശിഷ്യന്മാർ ഗുരു പഠിപ്പിച്ചുതന്നതും പരീക്ഷയ്ക്കായി ചെയ്യിക്കാൻ സാധ്യതയുള്ളതുമായ കാര്യങ്ങളെ ക്കുറിച്ച് ചർച്ച ചെയ്തു. വിദ്യാരംഭം മുതലുള്ള പാഠങ്ങൾ ഓർമ്മിച്ചെടുത്ത് കൂടുതൽ വ്യക്തതയോടെ പഠിച്ചു. അടുത്ത ദിവസം നദിക്കരയിലെത്തിയ ശിഷ്യന്മാർക്ക് ഗുരു ഓരോ അരിപ്പ നൽകിയിട്ട് അവയിൽ വെള്ളം നിറയ്ക്കുവാൻ ആവശ്യപ്പെട്ടു. ശിഷ്യന്മാർ ഒരു നിമിഷം നിശ്ചലരായി. "അരിപ്പയിലെങ്ങനെ വെള്ളം നിറയ്ക്കും? ഗുരു നൽകിയ അരിപ്പകൾ മാന്ത്രിക ശക്തിയുള്ളതായിരിക്കും". അവർ നദിയിലേക്കിറങ്ങി. അരിപ്പയിൽ വെള്ളംനിറച്ച് ഗുരുവിനെ കാണിച്ചു കൊടുക്കാൻ നദിയിൽ നിന്ന് തിരിച്ച് കയറുമ്പോഴേക്കും വെള്ളം ചോർന്നു പോകും. പലതവണ ശ്രമിച്ചിട്ടും അവർക്ക് അരിപ്പയിൽ വെള്ളം നിറയ്ക്കാനായില്ല. തന്റെ ശിഷ്യന്മാരുടെ രസകരമായ പ്രവർത്തികണ്ട് ഗുരു കുറച്ചകലെ ഒരു മരച്ചുവട്ടിൽ ഇരിക്കുന്നുണ്ടായിരുന്നു. കുറച്ചുനേരത്തിന് ശേഷം അദ്ദേഹം ശിഷ്യന്മാർക്കരികിലേയ്ക്ക് വന്നു. അവർ തങ്ങളുടെ പരിതാപകരമായ അവസ്ഥ ഗുരുവിനെ അറിയിച്ചു. ഒന്ന് പുഞ്ചിരിച്ചുകൊണ്ട് സൗമ്യനായി അദ്ദേഹം പറഞ്ഞു. ഞാൻ നിങ്ങളോട് "അരിപ്പയിൽ വെള്ളം നിറയ്ക്കുക" എന്നാണ് പറഞ്ഞത്. അതുമായി എന്റെ അരികിലേയ്ക്ക് വരാൻ പറഞ്ഞിരുന്നില്ല. ഗുരു ഒരു അരിപ്പയെടുത്ത് നദിയിലേയ്ക്കിറങ്ങി അത് മുക്കിപ്പിടിച്ചു. അരിപ്പയിൽ വെള്ളം നിറഞ്ഞുനിന്നു. ശിഷ്യന്മാർ ലജ്ജിതരായി. ഗുരു തുടർന്ന് ശിഷ്യരോട് പറഞ്ഞ വാക്കുകൾ നാം ഓരോരുത്തർക്കും ഉപകാരപ്രദമാണ്. "നിങ്ങൾ കുറേ വർഷങ്ങളായി വിദ്യ അഭ്യസിക്കുന്നു. എന്നാൽ പരീക്ഷ സമയത്തെ അശ്രദ്ധ തെറ്റുവരുത്തി".

ചൂടു പിടിച്ച പരീക്ഷാക്കാലം വീണ്ടും കടന്നു വരുമ്പോൾ ഒരു വർഷം പഠിച്ച പാഠ്യവിഷയങ്ങൾ രണ്ടു മണിക്കൂറിലേക്ക് ചുരുങ്ങുമ്പോൾ പാഠഭാഗങ്ങൾമുഴുവൻ പഠിച്ചുവച്ചാലും പരീക്ഷാസമയം നാം എങ്ങിനെ വിനിയോഗിക്കുന്നു എന്നതിലാണ് അന്തിമഫലം. ഒരുപാടുകാര്യങ്ങൾ കേൾക്കുന്നു എന്നതിലല്ല, എന്ത് ശ്രദ്ധിക്കുന്നു, മനസ്സിലാക്കുന്നു എന്നത് കൂടുതൽ ഗുണം ചെയ്യും. ശ്രദ്ധയോടും ഏകാഗ്രതയോടും കൂടെ പഠിച്ച് എഴുതുവാൻ എല്ലാവരേയും കുരിശുമുത്തപ്പൻ അനുഗ്രഹിക്കട്ടെ.

ബാലപംക്തി

# കേൾവിയും ശ്രദ്ധയും

ക്രിസ്റ്റിപോളി ആഴ്ചങ്ങാടൻ

ഒരിക്കൽ പഠനകാലയളവ് പൂർത്തിയാക്കിയ ശിഷ്യരോട് ഗുരു പറഞ്ഞു. നിങ്ങളുടെ പഠനം പൂർത്തിയായിരിക്കുന്നു. എന്നാൽ, ഞാൻ പറഞ്ഞുതന്ന അറിവുകൾ എത്രയേറെ നിങ്ങൾ ഗ്രഹിച്ചിട്ടുണ്ട്, നിങ്ങളത് എത്രമാത്രം പ്രാവർത്തികമാക്കാൻ ശ്രമിക്കും എന്ന് മനസ്സിലാക്കാൻ ഒരു പരീക്ഷ അനിവാര്യമാണ്. നിങ്ങൾ നാളെ രാവിലെ ഗുരുകുലത്തിനടുത്തുള്ള നദിക്കരയിലേക്ക് വരിക. ഇതു കേട്ട ശിഷ്യന്മാർ ഗുരു പഠിപ്പിച്ചുതന്നതും പരീക്ഷയ്ക്കായി ചെയ്യിക്കാൻ സാധ്യതയുള്ളതുമായ കാര്യങ്ങളെ ക്കുറിച്ച് ചർച്ച ചെയ്തു. വിദ്യാരംഭം മുതലുള്ള പാഠങ്ങൾ ഓർമ്മിച്ചെടുത്ത് കൂടുതൽ വ്യക്തതയോടെ പഠിച്ചു. അടുത്ത ദിവസം നദിക്കരയിലെത്തിയ ശിഷ്യന്മാർക്ക് ഗുരു ഓരോ അരിപ്പ നൽകിയിട്ട് അവയിൽ വെള്ളം നിറയ്ക്കുവാൻ ആവശ്യപ്പെട്ടു. ശിഷ്യന്മാർ ഒരു നിമിഷം നിശ്ചലരായി. ''അരിപ്പയിലെങ്ങനെ വെള്ളം നിറയ്ക്കും? ഗുരു നൽകിയ അരിപ്പകൾ മാന്ത്രിക ശക്തിയുള്ളതായിരിക്കും''. അവർ നദിയിലേക്കിറങ്ങി. അരിപ്പയിൽ വെള്ളംനിറച്ച് ഗുരുവിനെ കാണിച്ചുകൊടുക്കാൻ നദിയിൽ നിന്ന് തിരിച്ച് കയറുമ്പോഴേക്കും വെള്ളം ചോർന്നുപോകും. പലതവണ ശ്രമിച്ചിട്ടും അവർക്ക് അരിപ്പയിൽ വെള്ളം നിറയ്ക്കാനായില്ല. തന്റെ ശിഷ്യന്മാരുടെ രസകരമായ പ്രവർത്തികണ്ട് ഗുരു കുറച്ചകലെ ഒരു മരച്ചുവട്ടിൽ ഇരിക്കുന്നുണ്ടായിരുന്നു. കുറച്ചുനേരത്തിന് ശേഷം അദ്ദേഹം ശിഷ്യന്മാർക്കരികിലേയ്ക്ക് വന്നു. അവർ തങ്ങളുടെ പരിതാപകരമായ അവസ്ഥ ഗുരുവിനെ അറിയിച്ചു. ഒന്ന് പുഞ്ചിരിച്ചുകൊണ്ട് സൗമ്യനായി അദ്ദേഹം പറഞ്ഞു. ഞാൻ നിങ്ങളോട് ''അരിപ്പയിൽ വെള്ളം നിറയ്ക്കുക'' എന്നാണ് പറഞ്ഞത്. അതുമായി എന്റെ അരികിലേയ്ക്ക് വരാൻ പറഞ്ഞിരുന്നില്ല. ഗുരു ഒരു അരിപ്പയെടുത്ത് നദിയിലേയ്ക്കിറങ്ങി അത് മുക്കിപ്പിടിച്ചു. അരിപ്പയിൽ വെള്ളം നിറഞ്ഞുനിന്നു. ശിഷ്യന്മാർ ലജ്ജിതരായി. ഗുരു തുടർന്ന് ശിഷ്യരോട് പറഞ്ഞ വാക്കുകൾ നാം ഓരോരുത്തർക്കും ഉപകാരപ്രദമാണ്. ''നിങ്ങൾ കുറേ വർഷങ്ങളായി വിദ്യ അഭ്യസിക്കുന്നു. എന്നാൽ പരീക്ഷ സമയത്തെ അശ്രദ്ധ തെറ്റുവരുത്തി''.

ചൂടു പിടിച്ച പരീക്ഷാക്കാലം വീണ്ടും കടന്നു വരുമ്പോൾ ഒരു വർഷം പഠിച്ച പാഠ്യവിഷയങ്ങൾ രണ്ടു മണിക്കൂറിലേക്ക് ചുരുങ്ങുമ്പോൾ പാഠഭാഗങ്ങൾമുഴുവൻ പഠിച്ചുവച്ചാലും പരീക്ഷാസമയം നാം എങ്ങിനെ വിനിയോഗിക്കുന്നു എന്നതിലാണ് അന്തിമഫലം. ഒരുപാടുകാര്യങ്ങൾ കേൾക്കുന്നു എന്നതിലല്ല, എന്ത് ശ്രദ്ധിക്കുന്നു, മനസ്സിലാക്കുന്നു എന്നത് കൂടുതൽ ഗുണം ചെയ്യും. ശ്രദ്ധയോടും ഏകാഗ്രതയോടും കൂടെ പഠിച്ച് എഴുതുവാൻ എല്ലാവരേയും കുരിശുമുത്തപ്പൻ അനുഗ്രഹിക്കട്ടെ.

# കളർ കൊടുക്കൂ... സമ്മാനം നേടൂ!



പേര് ...............................................................................................................

വീട്ടുപേര് ..........................................................................................................

മതബോധന ക്ലാസ്സ് ............................ യൂണിറ്റ് ..............................................

- - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - -

മതബോധനം LP - UP തലത്തിലെ വിദ്യാർത്ഥികൾക്കുള്ള മത്സരം. ഹോളി വോയ്സ് ബോക്സിൽ നിക്ഷേപിക്കേണ്ട അവസാന തീയതി **മാർച്ച് 15**

# കളർ കൊടുക്കൂ... സമ്മാനം നേടൂ!



പേര് ..........................................................................................................

വീട്ടുപേര് ...................................................................................................

മതബോധന ക്ലാസ്സ് ........................................ യൂണിറ്റ് ..................................

മതബോധനം LP - UP തലത്തിലെ വിദ്യാർത്ഥികൾക്കുള്ള മത്സരം. ഹോളി വോയ്സ് ബോക്സിൽ നിക്ഷേപിക്കേണ്ട അവസാന തീയതി മാർച്ച് 15

# വിവാഹം

| ഇടവക | വീട്ടുപേര് | മാതാപിതാക്കൾ | വരനും വധുവും | തീയതി |
|---|---|---|---|---|
| മാപ്രാണം<br>പുത്തൻചിറ | ചാക്കോര്യ<br>അമ്പൂക്കൻ | സൈമൺ+സോളി<br>ജോസ്+ലൂസി | ഷാരോൺ<br>ഓസ്റ്റിൻ | 29 - 12 - 2013 |
| വലപ്പാട്<br>മാപ്രാണം | തട്ടിൽമണ്ടി<br>എരഞ്ഞത്തുപറമ്പിൽ | ജോൺസൺ+ജാൻസി<br>വർക്കി+അൽഫോൻസ | ആൻസി<br>സിവിൻ | 19 - 01 - 2014 |
| ചായ്പൻകുഴി<br>മാപ്രാണം | വാഴപ്പിള്ളി<br>വടക്കേത്തല | ആന്റണി+റോസിലി<br>സെബാസ്റ്റ്യൻ+മേരി | റിന്റു<br>സിജോയ് | 26 - 01 - 2014 |
| പുത്തൻചിറ കിഴക്ക്<br>മാപ്രാണം | നെല്ലിശ്ശേരി<br>എറാട്ടുപറമ്പിൽ | പൗലോസ്+ഗ്രേയ്സി<br>ലോനക്കുട്ടി+ലില്ലി | ഡിൻസി<br>ലിന്റോ | 9 - 02 - 2014 |

# മാമ്മോദീസ

| ഇടവക | വീട്ടുപേര് | മാതാപിതാക്കൾ | ശിശുവിന്റെ പേര് | ജനനം | മാമ്മോദീസ |
|---|---|---|---|---|---|
| മാപ്രാണം | നായങ്കരച്ചിന്നൻ | ജെൻസൻ+<br>സ്മിനു | ലെയോൺ പോൾ ജെൻസൻ<br>(ജസ്റ്റിൻ) | 28 - 12 - 2013 | 25 - 01 - 2014 |

# മരണം

| പേര് | തീയതി | യൂണിറ്റ് |
|---|---|---|
| ചിറയത്ത് എറാട്ടുപറമ്പിൽ ലോനപ്പൻ വറീത് | 01 - 02 - 2014 | സെന്റ് മേരീസ് II |
| ചക്രംപുള്ളി അന്തോണി ആന്റോ | 18 - 02 - 2014 | ഹോളിക്രോസ് |

# വിവാഹം

| ഇടവക | വീട്ടുപേര് | മാതാപിതാക്കൾ | വരനും വധുവും | തീയതി |
|---|---|---|---|---|
| മാപ്രാണം<br>പുത്തൻചിറ | ചാക്കോര്യ<br>അമ്പൂക്കൻ | സൈമൺ+സോളി<br>ജോസ്+ലൂസി | ഷാരോൺ<br>ഓസ്റ്റിൻ | 29 - 12 - 2013 |
| വലപ്പാട്<br>മാപ്രാണം | തട്ടിൽമണ്ടി<br>എരഞ്ഞത്തുപറമ്പിൽ | ജോൺസൺ+ജാൻസി<br>വർക്കി+അൽഫോൻസ | ആൻസി<br>സിവിൻ | 19 - 01 - 2014 |
| ചായ്പൻകുഴി<br>മാപ്രാണം | വാഴപ്പിള്ളി<br>വടക്കേത്തല | ആന്റണി+റോസിലി<br>സെബാസ്റ്റ്യൻ+മേരി | റിന്റു<br>സിജോയ് | 26 - 01 - 2014 |
| പുത്തൻചിറ കിഴക്ക്<br>മാപ്രാണം | നെല്ലിശ്ശേരി<br>എറാട്ടുപറമ്പിൽ | പൗലോസ്+ഗ്രേയ്സി<br>ലോനക്കുട്ടി+ലില്ലി | ഡിൻസി<br>ലിന്റോ | 9 - 02 - 2014 |

# മാമ്മോദീസ

| ഇടവക | വീട്ടുപേര് | മാതാപിതാക്കൾ | ശിശുവിന്റെ പേര് | ജനനം | മാമ്മോദീസ |
|---|---|---|---|---|---|
| മാപ്രാണം | നായങ്കരചിന്നൻ | ജെൻസൻ+<br>സ്മിനു | ലെയോൺ പോൾ ജെൻസൻ<br>(ജസ്റ്റിൻ) | 28 - 12 - 2013 | 25 - 01 - 2014 |

# മരണം

| പേര് | തീയതി | യൂണിറ്റ് |
|---|---|---|
| ചിറയത്ത് എറാട്ടുപറമ്പിൽ ലോനപ്പൻ വറീത് | 01 - 02 - 2014 | സെന്റ് മേരീസ് II |
| ചക്രംപുള്ളി അന്തോണി ആന്റോ | 18 - 02 - 2014 | ഹോളിക്രോസ് |

# നിങ്ങൾക്കറിയാമോ?

**ബീന തോമസ് ചേറേങ്ങാടൻ**

കൂട്ടുകാരെ, നിങ്ങൾക്കേറെ ഇഷ്ടപ്പെട്ട കളിയാണല്ലോ ക്രിക്കറ്റ്. എന്നാൽ ടെസ്റ്റ് ക്രിക്കറ്റിൽ ചുവന്ന പന്തും ഏകദിനത്തിൽ വെളുത്ത പന്തും ഉപയോഗിക്കുന്നതെന്തുകൊണ്ടാണ് എന്നറിയേണ്ടേ?

ക്രിക്കറ്റിന്റെ തുടക്കം മുതൽ ചുവന്ന പന്താണ് ഉപയോഗിച്ചു തുടങ്ങിയത്. എന്നാൽ ഏകദിന മത്സരങ്ങൾ ആരംഭിച്ചതോടെ രാത്രിയും കളി തുടരേണ്ട സാഹചര്യങ്ങളിൽ ഫ്ളഡ്ലൈറ്റ് വെളിച്ചത്തിലും കാണുന്ന സൗകര്യത്തിനാണ് വെളുത്ത പന്ത് ഉപയോഗിച്ചത്. പിന്നീട് കളി രാത്രിയിൽ തുടരുന്നില്ലെങ്കിലും ഏകദിനമത്സരങ്ങൾക്കെല്ലാം വെളുത്തപന്ത് ഉപയോഗിച്ചുവരുന്നു.

കടപ്പാട് : കിളിവാതിൽ

## മാർച്ച് മാസത്തിലെ കുടുംബസമ്മേളനങ്ങൾ

| യൂണിറ്റ് | കുടുംബനാഥന്റെ/ നാഥയുടെ പേര് | തിയ്യതി | സമയം |
|---|---|---|---|
| സെന്റ് ആന്റണീസ് | അയിനിക്കൽ നെന്മണിക്കര തോമസ് സാംതോംസൺ | 02-03-14 | 2.30 p.m. |
| ഇൻഫന്റ് ജീസസ് | പുതുപ്പുള്ളി പറമ്പിൽ ഡേവിസ് ഭാര്യ മേരി | 02-03-14 | 3.15 p.m. |
| സെന്റ് ജോസഫ് | കൊമ്പൻ നെല്ലിശ്ശേരി ഷീല പോൾ | 02-03-14 | 4.00 p.m. |
| ഹോളിക്രോസ് | കാഞ്ഞാണിക്കാരൻ കുഞ്ഞിപ്പാവു ജോൺസൺ | 02-03-14 | 4.45 p.m. |
| സെന്റ് സെബാസ്റ്റ്യൻ | ചാക്കോര്യ തോമൻ ഡേവിസ് | 02-03-14 | 5.30 p.m. |
| ഗീവർഗ്ഗീസ് | പാറയ്ക്കൽ റൈമണ്ട് ജോയി | 09-03-14 | 2.30 p.m. |
| സെന്റ് ജോർജ്ജ് | അറയ്ക്കൽ തോമസ് ജിമ്മി | 09-03-14 | 3.15 p.m. |
| സെന്റ് ജോൺ I | ചെങ്ങാലൂക്കാരൻ ഔസേപ്പ് റപ്പായി | 09-03-14 | 4.00 p.m. |
| സെന്റ് ജോൺ II | പള്ളിത്തറ ജോർജ്ജ് മേരി | 09-03-14 | 4.45 p.m. |
| വാ. മദർതെരേസ | പള്ളിത്തറ പൈലോത് വിൽസൻ | 09-03-14 | 5.30 p.m. |
| സെന്റ് മേരീസ് I | പുന്നേലിപറമ്പിൽ റപ്പായി രാജൻ | 16-03-14 | 2.30 p.m. |
| സെന്റ് മേരീസ് II | എരങ്ങത്തുപറമ്പിൽ ഔസേപ്പ് ബാബു | 16-03-14 | 3.15 p.m. |
| സെന്റ് അൽഫോൻസ | കളപറമ്പത്ത് സേവ്യർ ലോറൻസ് | 16-03-14 | 4.00 p.m. |
| സെന്റ് റോസ് | കാഞ്ഞിക്കാടൻ തോമൻ ജോസ് | 16-03-14 | 4.45 p.m. |
| സെന്റ് സേവിയേഴ്സ് | അറയ്ക്കപറമ്പിൽ വർഗ്ഗീസ് ഭാര്യ മേരി | 16-03-14 | 5.30 p.m. |

**വായിക്കേണ്ട വചനഭാഗം. വി. യോഹന്നാൻ 15:1-10**

# നിങ്ങൾക്കറിയാമോ?

**ബീന തോമസ് ചേറേങ്ങാടൻ**

കൂട്ടുകാരെ, നിങ്ങൾക്കേറെ ഇഷ്ടപ്പെട്ട കളിയാണല്ലോ ക്രിക്കറ്റ്. എന്നാൽ ടെസ്റ്റ് ക്രിക്കറ്റിൽ ചുവന്ന പന്തും ഏകദിനത്തിൽ വെളുത്ത പന്തും ഉപയോഗിക്കുന്നതെന്തുകൊണ്ടാണ് എന്നറിയേണ്ടേ?

ക്രിക്കറ്റിന്റെ തുടക്കം മുതൽ ചുവന്ന പന്താണ് ഉപയോഗിച്ചു തുടങ്ങിയത്. എന്നാൽ ഏകദിന മത്സരങ്ങൾ ആരംഭിച്ചതോടെ രാത്രിയും കളി തുടരേണ്ട സാഹചര്യങ്ങളിൽ ഫ്ളഡ്‌ലൈറ്റ് വെളിച്ചത്തിലും കാണുന്ന സൗകര്യത്തിനാണ് വെളുത്ത പന്ത് ഉപയോഗിച്ചത്. പിന്നീട് കളി രാത്രിയിൽ തുടരുന്നില്ലെങ്കിലും ഏകദിനമത്സരങ്ങൾക്കെല്ലാം വെളുത്തപന്ത് ഉപയോഗിച്ചുവരുന്നു.

കടപ്പാട് : കിളിവാതിൽ

## മാർച്ച് മാസത്തിലെ കുടുംബസമ്മേളനങ്ങൾ

| യൂണിറ്റ് | കുടുംബനാഥന്റെ/ നാഥയുടെ പേര് | തിയ്യതി | സമയം |
|---|---|---|---|
| സെന്റ് ആന്റണീസ് | അയിനിക്കൽ നെന്മണിക്കര തോമസ് സാംതോംസൺ | 02-03-14 | 2.30 p.m. |
| ഇൻഫന്റ് ജീസസ് | പുതുപ്പള്ളി പറമ്പിൽ ഡേവിസ് ഭാര്യ മേരി | 02-03-14 | 3.15 p.m. |
| സെന്റ് ജോസഫ് | കൊമ്പൻ നെല്ലിശ്ശേരി ഷീല പോൾ | 02-03-14 | 4.00 p.m. |
| ഹോളിക്രോസ് | കാഞ്ഞാണിക്കാരൻ കുഞ്ഞിപ്പാവു ജോൺസൺ | 02-03-14 | 4.45 p.m. |
| സെന്റ് സെബാസ്റ്റ്യൻ | ചാക്കോര്യ തോമൻ ഡേവിസ് | 02-03-14 | 5.30 p.m. |
| ഗീവർഗ്ഗീസ് | പാറയ്ക്കൽ റൈമണ്ട് ജോയി | 09-03-14 | 2.30 p.m. |
| സെന്റ് ജോർജ്ജ് | അറയ്ക്കൽ തോമസ് ജിമ്മി | 09-03-14 | 3.15 p.m. |
| സെന്റ് ജോൺ I | ചെങ്ങാലൂക്കാരൻ ഔസേപ്പ് റപ്പായി | 09-03-14 | 4.00 p.m. |
| സെന്റ് ജോൺ II | പള്ളിത്തറ ജോർജ്ജ് മേരി | 09-03-14 | 4.45 p.m. |
| വാ. മദർതെരേസ | പള്ളിത്തറ പൈലോത് വിൽസൻ | 09-03-14 | 5.30 p.m. |
| സെന്റ് മേരീസ് I | പുന്നേലിപറമ്പിൽ റപ്പായി രാജൻ | 16-03-14 | 2.30 p.m. |
| സെന്റ് മേരീസ് II | എരങ്ങത്തുപറമ്പിൽ ഔസേപ്പ് ബാബു | 16-03-14 | 3.15 p.m. |
| സെന്റ് അൽഫോൻസ | കളപറമ്പത്ത് സേവ്യർ ലോറൻസ് | 16-03-14 | 4.00 p.m. |
| സെന്റ് റോസ് | കാഞ്ഞിക്കാടൻ തോമൻ ജോസ് | 16-03-14 | 4.45 p.m. |
| സെന്റ് സേവിയേഴ്സ് | അറയ്ക്കപറമ്പിൽ വർഗ്ഗീസ് ഭാര്യ മേരി | 16-03-14 | 5.30 p.m. |

**വായിക്കേണ്ട വചനഭാഗം. വി. യോഹന്നാൻ 15:1-10**

# ബൈബിൾ കലണ്ടർ : മാർച്ച് - 2014

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| **30**<br>യോഹ 7:37 - 39, 8:12 - 20<br>റോമാ 12:1 - 11<br>ഉത്പ 16:6 - 16 | **31**<br>ലൂക്കാ 18:18 - 25<br>കൊളോ 2:16 - 19 | | | | | **1**<br>മത്താ 15:29 - 31<br>വെളി 3:14 - 22 |
| **2**<br>മത്താ 4:1 - 11<br>എഫേ 4:17 - 24<br>പുറ 34:27 - 35 | **3**<br>മത്താ 5:17 - 26<br>റോമാ 1:16 - 25 | **4**<br>മത്താ 5:38 - 42<br>റോമാ 2:1 - 6 | **5**<br>മത്താ 6:5 - 8<br>റോമാ 2:12 - 24 | **6**<br>മത്താ 6:25 - 34<br>റോമാ 3:9 - 20 | **7**<br>മത്താ 7:1 - 6<br>റോമാ 4:13 - 25 | **8**<br>മത്താ 6:9 - 15<br>റോമാ 3:21 - 26 |
| **9**<br>മത്താ 7:21 - 27<br>റോമാ 6:15 - 23<br>ഉത്പ 5:19 - 31 | **10**<br>മർക്കോ 7:14 - 23<br>തീത്തോ 3:1 - 7 | **11**<br>മത്താ 7:7 - 12<br>റോമാ 8:18 - 25 | **12**<br>മത്താ 9:1 - 8<br>റോമാ 6:15 - 23 | **13**<br>മത്താ 5:33 - 37<br>റോമാ 3:1 - 8 | **14**<br>മർക്കോ 11:27 - 33<br>റോമാ 7:7 - 12 | **15**<br>മത്താ 11:16 - 19<br>1 കോറി 5:9 - 13 |
| **16**<br>മത്താ 20:17 - 28<br>റോമാ 7:14 - 25<br>ഉത്പ 7:6 - 24 | **17**<br>മർക്കോ 12:28 - 34<br>റോമാ 7:1 - 6 | **18**<br>ലൂക്കാ 21:29 - 36<br>1 കോറി 10:1 - 13 | **19**<br>മത്താ 1:18 - 25<br>2 കോറി 10:3 - 11 | **20**<br>മർക്കോ 12:35 - 40<br>എഫേ 6:1 - 9 | **21**<br>മർക്കോ 12:18 - 27<br>റോമാ 8:1 - 6 | **22**<br>മത്താ 21:28 - 32<br>എഫേ 4:25 - 32 |
| **23**<br>മത്താ 21:33 - 44<br>റോമാ 8:12 - 17<br>ഉത്പ 11:1 - 9 | **24**<br>യോഹ 5:1 - 18<br>റോമാ 9:1 - 13 | **25**<br>ലൂക്കാ 1:26 - 38<br>ഹെബ്രാ 1:1 - 13 | **26**<br>യോഹ 6:60 - 69<br>റോമാ 10:1 - 13 | **27**<br>യോഹ 7:1 - 13<br>റോമാ 11:1 - 10 | **28**<br>യോഹ 7:25 - 31<br>റോമാ 11:25 - 36 | **29**<br>യോഹ 7:45 - 53<br>റോമാ 13:1 - 7 |

# ബൈബിള്‍ കലണ്ടര്‍ : മാര്‍ച്ച് - 2014

| ഞായര്‍ | തിങ്കള്‍ | ചൊവ്വ | ബുധന്‍ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| **30**<br>യോഹ 7:37-39, 8:12-20<br>റോമാ 12:1-11<br>ഉത്പ 16:6-16 | **31**<br>ലൂക്കാ 18:18-25<br>കൊളോ 2:16-19 | | | | | **1**<br>മത്താ 15:29-31<br>വെളി 3:14-22 |
| **2**<br>മത്താ 4:1-11<br>എഫേ 4:17-24<br>പുറ 34:27-35 | **3**<br>മത്താ 5:17-26<br>റോമാ 1:16-25 | **4**<br>മത്താ 5:38-42<br>റോമാ 2:1-6 | **5**<br>മത്താ 6:5-8<br>റോമാ 2:12-24 | **6**<br>മത്താ 6:25-34<br>റോമാ 3:9-20 | **7**<br>മത്താ 7:1-6<br>റോമാ 4:13-25 | **8**<br>മത്താ 6:9-15<br>റോമാ 3:21-26 |
| **9**<br>മത്താ 7:21-27<br>റോമാ 6:15-23<br>ഉത്പ 5:19-31 | **10**<br>മര്‍ക്കോ 7:14-23<br>തീത്തോ 3:1-7 | **11**<br>മത്താ 7:7-12<br>റോമാ 8:18-25 | **12**<br>മത്താ 9:1-8<br>റോമാ 6:15-23 | **13**<br>മത്താ 5:33-37<br>റോമാ 3:1-8 | **14**<br>മര്‍ക്കോ 11:27-33<br>റോമാ 7:7-12 | **15**<br>മത്താ 11:16-19<br>1 കോറി 5:9-13 |
| **16**<br>മത്താ 20:17-28<br>റോമാ 7:14-25<br>ഉത്പ 7:6-24 | **17**<br>മര്‍ക്കോ 12:28-34<br>റോമാ 7:1-6 | **18**<br>ലൂക്കാ 21:29-36<br>1 കോറി 10:1-13 | **19**<br>മത്താ 1:18-25<br>2 കോറി 10:3-11 | **20**<br>മര്‍ക്കോ 12:35-40<br>എഫേ 6:1-9 | **21**<br>മര്‍ക്കോ 12:18-27<br>റോമാ 8:1-6 | **22**<br>മത്താ 21:28-32<br>എഫേ 4:25-32 |
| **23**<br>മത്താ 21:33-44<br>റോമാ 8:12-17<br>ഉത്പ 11:1-9 | **24**<br>യോഹ 5:1-18<br>റോമാ 9:1-13 | **25**<br>ലൂക്കാ 1:26-38<br>ഹെബ്രാ 1:1-13 | **26**<br>യോഹ 6:60-69<br>റോമാ 10:1-13 | **27**<br>യോഹ 7:1-13<br>റോമാ 11:1-10 | **28**<br>യോഹ 7:25-31<br>റോമാ 11:25-36 | **29**<br>യോഹ 7:45-53<br>റോമാ 13:1-7 |